# താമരമൊട്ടുകൾ

വാല്യം 20 | മാർച്ച് 2018 | ലക്കം 03 | Price ₹20



താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 28-02-2018 |



വി. യൗസേപ്പിതാവേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.

Printed & Published by Fr. Abraham Kavilpurayidathil, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral, Thamarassery P.O., Kozhikode - 673 573. Editor: Fr. Abraham Kavilpurayidathil.

# Bishop's Programme

## March 2018

| | | |
|---|---|---|
| 01 | 17.00 | Marudonkara |
| 02 | | Engaged |
| 03 | 09.30 | Thottumukkom |
| | 11.00 | Bethania |
| | 17.00 | Kallanode |
| 04 | | Kunduthode - Pastoral visit |
| 05 | | Office day |
| 06 | 17.00 | Chakkittapara |
| 07 | 06.30 | PMOC |
| 09-13 | | Pala - Retreat |
| 14 | | Office day |
| 15 | 06.45 | Kallurutty |
| 15-16 | | Ernakulam |
| 17 | 06.30 | Pullanjimed |
| | 10.00 | Koorachundu |
| | 17.00 | Thiruvambady |
| 18 | 08.00 | Poothampara |
| 19 | 07.30 | Koodaranji |
| | 10.30 | Pulloorampara |
| | 18.00 | Kozhikode |
| 20 | 17.00 | PMOC |
| 21 | 06.30 | PMOC |
| 21-22 | | Thamarassery - Regional Bishop's Meeting |
| 23 | | Kulathuvayal |
| 24 | 08.00 | Thamarassery - Cathedral |
| | 10.00 | PMOC |
| | 15.00 | Malappuram |
| 25 | 07.30 | Thamarassery - Cathedral |
| 26 | 10.00 | Belthangady |
| 27 | 10.00 | Thamarassery - Cathedral |
| 29 | 07.30 | Thamarassery - Cathedral |
| | 16.00 | Devagiri |
| 30 | 08.00 | Kakkadampoil |
| 31 | 07.00 | Kallurutty |

വാല്യം 20 താമരമൊട്ടുകൾ മാർച്ച് 2018 ലക്കം 03

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



ഇതാണ് എന്റെ കൽപന: ഞാൻ നിങ്ങളെ
സ്നേഹിച്ചതുപോലെ നിങ്ങളും
പരസ്പരം സ്നേഹിക്കണം.
സ്നേഹിതർക്കുവേണ്ടി ജീവൻ
ബലികഴിക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ല.
(യോഹ. 15:12-13)

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 133 |
| 2. | പ്രോഗ്രാം മാർച്ച് | 137 |
| 3. | സർക്കുലർ 01/2018 | 138 |
| 4. | സർക്കുലർ 02/2018 | 140 |
| 5. | 2018 ലെ നോമ്പുകാല സന്ദേശം | 143 |
| 6. | കച്ചേരിക്കാര്യം | 149 |
| 7. | രൂപതാദിനം 2018 | 153 |
| 8. | വൈദികസമിതി റിപ്പോർട്ട് | 157 |
| 9. | സെമിനാരി വാർത്തകൾ | 161 |
| 10. | വൊക്കേഷൻബ്യൂറോ | 162 |
| 11. | മതബോധനം | 163 |
| 12. | ചെറുപുഷ്പ മിഷൻലീഗ് | 170 |
| 13. | കെ.സി.വൈ.എം | 172 |
| 14. | ഫാമിലി അപ്പോസ്റ്റലേറ്റ് | 174 |
| 15. | മാതൃവേദി | 176 |
| 16. | ജീസസ് യൂത്ത് | 177 |
| 17. | അൽഫോൻസ പാലിയേറ്റീവ് കെയർ | 178 |
| 18. | കമ്മ്യൂണിക്കേഷൻ മീഡിയ | 179 |
| 19. | മദ്യവിരുദ്ധ സമിതി | 180 |
| 20. | ലിറ്റർജി കമ്മീഷൻ | 181 |
| 21. | ക്രിസ്റ്റീൻ മൂവ്മെന്റ് | 182 |
| 22. | ആൽഫ മരിയ അക്കാദമി | 183 |
| 23. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 185 |
| 24. | അൽഫോൻസ കോളേജ് തിരുവമ്പാടി | 186 |
| 25. | പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട് | 187 |
| 26. | സ്റ്റാർട്ട് | 188 |
| 27. | വിദ്യാഭ്യാസരംഗം | 190 |
| 28. | കേരള ലേബർ മൂവ്മെന്റ് | 191 |
| 29. | വികസനവേദി | 192 |
| 30. | യേശുനിധി | 197 |
| 31. | അജപാലനക്കുറിപ്പുകൾ | 198 |

# ആദരാഞ്ജലികൾ!



കോഴിക്കോട് രൂപതയുടെ മുൻ മെത്രാൻ

മോസ്റ്റ് റവ. ഡോ. മാക്സ്‌വെൽ നൊറോണ പിതാവിന്

താമരശ്ശേരി രൂപതയുടെ പ്രണാമം....

# ആദരാഞ്ജലികൾ



## സി.എ. പോൾ ഇഞ്ചനാനിയിൽ (95)

താമരശ്ശേരി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ വത്സല പിതാവ് സി.എ. പോൾ ഇഞ്ചനാനിയിൽ 24.02.2018ന് തന്റെ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. മൃതസംസ്ക്കാര ശുശ്രൂഷകൾ 25.02.2018ന് വെറ്റിലപ്പാറ ഇടവകയിൽ വച്ച് അഭിവന്ദ്യ പിതാക്കന്മാരുടെ കാർമ്മികത്വത്തിൽ നടന്നു. അഭിവന്ദ്യ പിതാവിനോടും ദുഃഖാർത്തരായ കുടുംബാംഗങ്ങളോടും താമരശ്ശേരി രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

# Birth Day Greetings

Rev. Fathers

| | | |
|---|---|---|
| Karottuzhunnalil Jose | March | 1 |
| Panachipuram Mathew | | 3 |
| Thekkumcherikunnel Mathew | | 3 |
| Oliakattil Joseph | | 4 |
| Thoomkuzhy Dominic | | 6 |
| Nandalath Johnson | | 6 |
| Kunnath Joseph | | 7 |
| Munjanattu Mathew | | 10 |
| Thuruthiyil Joseph | | 10 |
| Cheeramattathil Sebastian | | 12 |
| Puthettupadavil Joseph | | 12 |
| Purayidam Antony | | 13 |
| Njezhukumkattil Mathew | | 14 |
| Cheruvelil Mathew | | 15 |
| Chempukandathil Sebastian | | 16 |
| Mannoor Joseph | | 18 |
| Elamthuruthil Joseph | | 21 |
| Pattaniyil Augustine | | 27 |
| Vadakkedom Jose | | 29 |
| Kalathoor Varghese | | 29 |
| Chemplani Kuriakose | | 31 |
| Kochuparambil Thomas | | |

**Mar Remigiose Inchananiyil**

# Feast Day Greetings

Rev. Fathers

| | |
|---|---|
| Alappattukottayil Joseph | Maliyeckal Joseph |
| Aranjaniolickal Joseph (Sr.) | Manjakazhakunnel Joseph |
| Aranjaniolickal Joseph (Jr.) | Mannancheril Joseph |
| Chirakandathil Jose | Mannoor Joseph |
| Chundayil Joseph | Mukaleparambil Joseph |
| Elamthuruthil Joseph | Njavallil Jose |
| Ezhanikatt Joseph | Oliakattil Joseph |
| Edakkattil Joseph | Palakattu Joseph |
| Kalakuzhy Joseph | Palliyodil Joseph Christie |
| Kalappurackal Joseph | Pamplaniyil Joseph |
| Kalarickal Joseph | Pennaparambil Jose |
| Kalathil Joseph | Poothakuzhy Joseph |
| Kappil Joseph | Puthettupadvil Joseph |
| Karottuzhunnalil Jose | Pulichamakkal Joseph |
| Kanachikuzhiyil Jose | Thekkumkattil Joseph |
| Keelath Joseph | Thuruthiyil Joseph |
| Koonanickal Joseph | Vadakkedom Jose |
| Kunnath Joseph | Vadakkel Joseph |
| Kuzhikattumyalil Joseph | |



**Mar Remigiose Inchananiyil**

# പ്രോഗ്രാം മാർച്ച് 2018

| | | |
|---|---|---|
| 02 | വെള്ളി | ബഥാനിയ : ജാഗരണപ്രാർത്ഥന |
| 03 | ശനി | ബഥാനിയ: ആന്തരികസൗഖ്യ ദൈവാനുഭവധ്യാനം (3-8) |
| 06 | ചൊവ്വ | പ്രീ-കാനാ കോഴ്സ് (6-9) |
| 10 | ശനി | മതബോധനം: വിശ്വാസോത്സവ അധ്യാപക പഠനശിബിരം |
| | | KCYM: വനിതാക്യാമ്പ്- താമരശ്ശേരി മേഖല, |
| | | ക്രിസ്റ്റീൻ: ആനിമേറ്റേഴ്സ് രൂപതാതല സംഗമം |
| 17 | ശനി | ബഥാനിയ: ആന്തരികസൗഖ്യ ദൈവാനുഭവധ്യാനം (17-22) |
| 19 | തിങ്കൾ | **വി. യൗസേപ്പ്** |
| 20 | ചൊവ്വ | പ്രീ-കാനാ കോഴ്സ് (20-23) |
| 21 | ബുധൻ | കോർഡിനേഷൻ മീറ്റിംഗ് |
| 23 | വെള്ളി | 40-ാം വെള്ളി, 3-ാമത് കുളത്തുവയൽ തീർത്ഥാടനം |
| 25 | ഞായർ | **ഓശാന ഞായർ, മംഗലവാർത്തത്തിരുന്നാൾ** |
| 27 | ചൊവ്വ | **അഭിഷേക തൈല വെഞ്ചരിപ്പ്,** |
| | | **വൈദികരുടെ പൊതു മാസധ്യാനം** - താമരശ്ശേരി |
| 29 | വ്യാഴം | **പെസഹാ വ്യാഴം** |
| 30 | വെള്ളി | **ദുഃഖവെള്ളി** |
| 31 | ശനി | KCYM: യുവജനസെമിനാർ |

*സർക്കുലർ 01/2018*

# യേശുനിധി 2018

മിശിഹായിൽ പ്രിയപ്പെട്ടവരേ,

വലിയ നോമ്പിന്റെ ദിവസങ്ങളിലൂടെ പ്രാർത്ഥനയിലും പരിത്യാഗപ്രവർത്തിയിലും വലിയ ആഴ്ചയ്ക്കുവേണ്ടി ഒരുങ്ങിക്കൊണ്ടിരിക്കുന്ന നിങ്ങളെ ഒരിക്കൽകൂടി അഭിസംബോധന ചെയ്യുന്നതിൽ സന്തോഷമുണ്ട്. വലിയ ആഴ്ചയുടെ ചൈതന്യവും ഉയിർപ്പുതിരുന്നാളിന്റെ സന്തോഷവും നമ്മുടെ ആത്മീയജീവിതത്തിലും അനുദിന ജീവിത സാഹചര്യങ്ങളിലും എന്നും നിലനിൽക്കട്ടെയെന്ന് ആശംസിക്കുന്നു.

2018 ലെ നോമ്പുകാല സന്ദേശത്തിൽ ഫ്രാൻസിസ് മാർപ്പാപ്പ ദാനധർമ്മം ചെയ്യുന്നതിനെക്കുറിച്ചുള്ള തന്റെ ബോധ്യവും കാഴ്ച്ചപ്പാടും പങ്കുവയ്ക്കുന്നുണ്ട്. മറ്റുള്ളവരെ സഹായിക്കുന്നതിലൂടെ അത്യാഗ്രഹത്തിൽ നിന്ന് നമ്മൾ സ്വാതന്ത്ര്യം നേടുകയാണ്. നമ്മുടെ അയൽക്കാരെയും ആവശ്യത്തിലായിരിക്കുന്നവരെയും സഹോദരീസഹോദരങ്ങളായി കാണുവാൻ ദാനധർമ്മം സഹായിക്കും. നമ്മുടെ കഴിവനുസരിച്ച് മറ്റുള്ളവരെ സഹായിക്കുമ്പോൾ അവരെക്കുറിച്ചുള്ള ദൈവത്തിന്റെ പരിപാലനയിൽ നമ്മൾ പങ്കുകാരാവുകയാണ്. ഓരോ ദിവസവും സഹായം ചോദിച്ചുവരുന്ന വ്യക്തികളിലൂടെ ദൈവമാണ് നമ്മു ടെ മുമ്പിൽ വന്നു നിൽക്കുന്നത് എന്ന് നാം തിരിച്ചറിയണം. ദൈവം ഇന്ന് നാമോരോരുത്തരിലൂടെയും ആരെയെങ്കിലും സഹായിച്ചാൽ നാളെ നമ്മുടെ ആവശ്യങ്ങളിൽ ഉദാരമതിയായ ദൈവം സഹായിക്കാതിരിക്കില്ലായെന്ന് ഫ്രാൻസിസ് മാർപ്പാപ്പ നമ്മെ ഓർമ്മിപ്പിക്കുന്നു.

'രൂപതയിൽ നാം ഒരു കുടുംബം' എന്ന സാഹോദര്യ ദർശനത്തിന്റെ പശ്ചാത്തലത്തിലാണ് ഈ വർഷവും യേശുനിധി സമാഹരണത്തിനായി ഞാൻ നിങ്ങൾക്കെഴുതുന്നത്. നമ്മുടെ രൂപതയിലെ ഏറ്റവും വലിയ ജീവകാരുണ്യ സംരംഭമായ യേശുനിധി ഇതിനോടകം അനേകായിരം കുടുംബങ്ങൾക്ക് ആവശ്യഘട്ടങ്ങളിൽ സഹായമായി തീർന്നിട്ടുണ്ട്. വിവാഹം, ചികിത്സ, ഭവന നിർമ്മാണം, വിദ്യാഭ്യാസം എന്നീ മേഖലകൾക്കുപുറമേ അത്യാവശ്യഘട്ടങ്ങളിൽ അനേകം കുടുംബങ്ങൾക്കും വ്യക്തികൾക്കും യേശുനിധി കാരുണ്യമായും കരുതലായും മാറിയിട്ടുണ്ട് എന്നത് നിങ്ങളുമായി പങ്കുവയ്ക്കുന്നതിൽ ചാരിതാർത്ഥ്യമുണ്ട്.

കഴിഞ്ഞവർഷം യേശുനിധി സ്വരൂപിക്കുന്നതിൽ നിങ്ങളോരോരുത്തരും വലിയ ഉദാരതയോടെ സഹകരിക്കുകയുണ്ടായി. 2017-18 വർഷത്തിൽ നമ്മുടെ ഇടവകകളിൽ നിന്നും സമർപ്പിത ഭവനങ്ങളിൽ നിന്നുമായി 54,60,302 രൂപ യേശുനിധിയിലേക്ക് ലഭിക്കുകയുണ്ടായി. കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ

ആരംഭം മുതൽ 2018 മാർച്ച് വരെ 564 കുടുംബങ്ങൾക്ക് യേശുനിധിയിൽ നിന്ന് സഹായം നൽകുവാൻ സാധിച്ചു. എല്ലാവരുടെയും ആവശ്യങ്ങൾ പൂർണ്ണമായി നിറവേറ്റാൻ സാധിക്കുന്നില്ലെങ്കിലും സഹായമർഹിക്കുന്ന കുടുംബങ്ങളുടെയും വ്യക്തികളുടെയും ആവശ്യങ്ങളിൽ തെല്ലാശ്വാസം പകരാൻ യേശുനിധിയ്ക്ക് കഴിയുന്നുണ്ട് എന്നത് നമുക്ക് സംതൃപ്തി നൽകുന്നു. ഇക്കാര്യത്തിൽ തമ്പുരാൻ നൽകുന്ന വലിയ പ്രതിഫലം യേശുനിധിയുമായി സഹകരിക്കുന്ന നമുക്കെല്ലാവർക്കും ലഭിക്കുമെന്ന് ഉറപ്പാണ്.

വളരെ ഉദാരതയോടെ പാവങ്ങളുടെയും സഹായമർഹിക്കുന്നവരുടെയും ആവശ്യങ്ങളിൽ ഇടപെടുന്നവരാണ് നമ്മുടെ രൂപതയിലെ ദൈവജനമെന്നത് നന്ദിയോടെ ഓർക്കുന്നു. ഓഖി ദുരന്തത്തിൽ എല്ലാം നഷ്ടപ്പെട്ട സഹോദരങ്ങളുടെ പുനരധിവാസത്തിനായി നമ്മുടെ രൂപതയിൽ നിന്ന് 25,46,215 രൂപ സമാഹരിച്ചുവെന്നത് സന്തോഷത്തോടെ അറിയിക്കുന്നു.

ഈ വർഷത്തെ യേശുനിധി സമാഹരണത്തിലും നിങ്ങളുടെ ഓരോരുത്തരുടെയും ഉദാരമായ സഹകരണം രൂപതയിലെ സഹായമർഹിക്കുന്നവർക്കുവേണ്ടി ഞാൻ അഭ്യർത്ഥിക്കുന്നു. ഓരോ കുടുംബത്തിന്റെയും ഒരു ദിവസത്തെ വരുമാനമെങ്കിലും യേശുനിധിയിലേക്ക് നൽകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ദൈവം കൂടുതൽ തന്നിട്ടുള്ളവർ അതിനനുസരിച്ച് ഉദാരത കാണിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ഓശാനഞായറാഴ്ച വി. കുർബാന മദ്ധ്യേ നിങ്ങളുടെ ഭവനങ്ങളിൽ എത്തിച്ചിരിക്കുന്ന കവറുകളിൽ സംഭാവനകൾ നിക്ഷേപിച്ച് ദൈവാലയത്തിൽ സമർപ്പിക്കേണ്ടതാണ്. പാവങ്ങൾക്കുവേണ്ടിയുള്ള ഈ വലിയ സഹകരണത്തിന് മുൻകൂട്ടി നന്ദി പറയുന്നു.

അന്ത്യവിധിയുടെ പശ്ചാത്തലത്തിൽ നമ്മുടെ ജീവകാരുണ്യ പ്രവർത്തനങ്ങളെ അനുദിന വിശ്വാസജീവിതത്തിന്റെ ഭാഗമാക്കി നമു ക്ക് മുന്നേറാം. ഉയിർപ്പിന്റെ മംഗളങ്ങൾ മുൻകൂട്ടി ആശംസിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

+Remigius

**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

ഈ സർക്കുലർ മാർച്ച് 18-ാം തീയതി വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

*സർക്കുലർ 02/2018*

# ദൈവവിളി ക്യാമ്പ്

മിശിഹായിൽ പ്രിയപ്പെട്ടവരേ,

ദൈവവിളി വിവേചിച്ചറിയാൻ കുഞ്ഞുങ്ങളെ ഒരുക്കുക എന്നുള്ളത് ഏതൊരു കാലഘട്ടത്തിന്റെയും ആവശ്യമാണ്. പൂർവ്വപിതാക്കന്മാരും പ്രവാചകന്മാരും അപ്പസ്തോലന്മാരും തങ്ങളുടെ ജീവിതാനുഭവങ്ങളിൽ നിന്നുകൊണ്ട് അവരുടെ ദൗത്യങ്ങൾ തിരിച്ചറിഞ്ഞതുപോലെ കാലഘട്ടത്തിന്റെ അടയാളങ്ങൾ മനസ്സിലാക്കിക്കൊണ്ട് കുട്ടികളെയും ദൈവവിളി സ്വീകരിക്കുവാൻ ഒരുക്കുക എന്നുള്ളത് സഭാശുശ്രൂഷയിൽ ഏറെ പ്രധാനപ്പെട്ട കാര്യമാണ്.

ദൈവവിളി ദൈവത്തിന്റെ ദാനമാണ്; അത് അവിടുത്തെ തിരഞ്ഞെടുപ്പാണ്. "തനിക്കിഷ്ടമുള്ളവരെ അവിടുന്ന് തന്റെ അടുത്തേയ്ക്ക് വിളിച്ചു" (മർക്കോ. 3,13). നല്ല കുടുംബങ്ങളിൽ നിന്നാണ് നല്ല ദൈവവിളികൾ ഉണ്ടാകുന്നത്. പൗരോഹിത്യ സമർപ്പിത ജീവിതത്തോട് ആർക്കെങ്കിലും ആഭിമുഖ്യം തോന്നുന്നുവെങ്കിൽ അത് അവരെ ദൈവം വിളിക്കുന്നു എന്നതിന്റെ ലക്ഷണമാണ്. കുഞ്ഞുങ്ങളുടെ ആത്മീയ, ബൗദ്ധീക, വൈകാരിക, മാനസിക തലങ്ങളുടെ വളർച്ചയെ ലക്ഷ്യം വയ്ക്കുന്നതോടൊപ്പം അവർ എന്ത് ആകുവാനും പ്രവർത്തിക്കുവാനും ദൈവം ആഗ്രഹിക്കുന്നുവോ അത് കണ്ടെത്താൻ അവരെ സഹായിക്കുക എന്നത് മാതാപിതാക്കളുടെ വലിയ ദൗത്യമാണ്. ദൈവവിളി സ്വീകരിച്ച് യേശുവിനുവേണ്ടി പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്ന കുഞ്ഞുങ്ങളെ നിരുത്സാഹപ്പെടുത്താതെ, അവരെ പ്രോത്സാഹിപ്പിക്കുകയും ദൈവികപദ്ധതികളോട് സഹകരിക്കുവാൻ അവരെ സഹായിക്കുകയും ചെയ്യേണ്ടത് മാതാപിതാക്കൾ ഏറെ ശ്രദ്ധിക്കേണ്ട കാര്യമാണ്.

"മാതാവിന്റെ ഉദരത്തിൽ നിനക്കു രൂപം നൽകുന്നതിനു മുമ്പേ ഞാൻ നിന്നെ അറിഞ്ഞു; ജനിക്കുന്നതിനു മുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു; ജനതകൾക്കു പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു" (ജറെ. 1:4-5). തന്നെക്കുറിച്ചുള്ള ദൈവികപദ്ധതി തിരിച്ചറിഞ്ഞ്, ആ വിളിയോട് പ്രത്യുത്തരിക്കുവാൻ ജറെമിയാ പ്രവാചകൻ തയ്യാറായി. പ്രവാചനകനെപ്പോലെ ദൈവികാഹ്വാനങ്ങളോട് ഉചിതമായി പ്രത്യുത്തരിക്കുവാൻ സാധിച്ചാൽ മാത്രമേ ദൈവരാജ്യ വളർച്ചയ്ക്കായി സഭയിലൂടെ നിർവ്വഹിക്കപ്പെടുന്ന ദൗത്യങ്ങൾ അഭംഗുരം തുടർന്നുകൊണ്ടുപോകുന്നതിനും പൂർത്തിയാക്കുന്നതിനും നമുക്കു സാധിക്കുകയുള്ളൂ.

നിരവധിയായ വെല്ലുവിളികൾ സഭ അഭിമുഖീകരിക്കുന്ന ഈ കാലഘട്ടത്തിൽ, യേശുവിനോട് കൂടെയായിരിക്കുവാനും രക്ഷാകര ദൗത്യത്തിൽ പങ്കുചേരാനും അവന്റെ സന്ദേശവാഹകരാകുവാനും ഇന്നും ഈശോ അനേകരെ

വിളിക്കുന്നു. വിളിച്ചവരുടെ അവിശ്വസ്ത സൃഷ്ടിക്കുന്ന ഈ പ്രതിസന്ധി കൾക്കിയടിലും വിളിക്കുന്നവൻ വിശ്വസ്തനാണെന്നും അവൻ കൂടെയുണ്ടാ കുമെന്നുമുള്ള ഓർമ്മ വലിയ പ്രത്യാശയായി ശക്തിയായി കർത്താവിനു വേണ്ടി ശുശ്രൂഷ ചെയ്യാൻ നമ്മെയോരോരുത്തരെയും സഹായിക്കുന്നു.

കുടുംബങ്ങളോടൊപ്പം തന്നെ ക്രൈസ്തവസമൂഹം മുഴുവനെയും ദൈവം ഈ ഉത്തരവാദിത്വം ഏല്പിച്ചിരിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വൈദിക പരിശീലനത്തെ സംബന്ധിച്ചുള്ള ഡിക്രിയിലെ (Optatum Totius) രണ്ടാം ഖണ്ഡികയിൽ ഇപ്രകാരം പറയുന്നു: "ദൈവവിളി പ്രോത്സാഹിപ്പിക്കേണ്ട കടമ ക്രൈസ്തവ സമൂഹം മുഴുവനിലും നിക്ഷിപ്ത മായിരിക്കുന്നു. ഈ ഉത്തരവാദിത്തം നിർവ്വഹിക്കപ്പെടേണ്ടത് പൂർണ്ണമായ ക്രിസ്തീയ ജീവിതം വഴിയാണ്. കുടുംബങ്ങളും ഇടവകകളും അധ്യാപകരും അമ്മായരും വൈദികരും കത്തോലിക്കാ സംഘടനകളും പ്രധാനമായും ഇതിൽ സഹകരിക്കണം".

വിവിധ ജീവിതാന്തസ്സുകളെക്കുറിച്ച് കൂടുതലായി ചിന്തിക്കുവാനും പഠി ക്കുവാനും അവയെ വിവേചിച്ചറിഞ്ഞ് പ്രാർത്ഥനാപൂർവ്വം പ്രത്യുത്തരം നല്കു വാനും യുവതീയുവാക്കളെയും കുട്ടികളെയും ഒരുക്കിയെടുക്കുന്ന വേദിയാണ് ദൈവവിളി ക്യാമ്പുകൾ. ഈ വർഷത്തെ ദൈവവിളി ക്യാമ്പുകൾ ഏപ്രിൽ 2,3,4 തീയതികളിലാണ് നടക്കുന്നത്. ആൺകുട്ടികൾക്ക് പുല്ലൂരാംപാറ ബഥാ നിയ ധ്യാനകേന്ദ്രത്തിൽ വച്ചും പെൺകുട്ടികൾക്ക് മേരിക്കുന്ന് പി.എം.ഒ.സി. യിലുമായിട്ടാണ് ക്യാമ്പ് സംഘടിപ്പിച്ചിരിക്കുന്നത്. എസ്.എസ്.എൽ.സി.യോ, പ്ലസ്ടുവോ ഉന്നത കോഴ്സുകളോ പൂർത്തിയാക്കിയവരാണ് ക്യാമ്പിൽ സംബ ന്ധിക്കേണ്ടത്. പൗരോഹിത്യ സമർപ്പിത വിളിയോട് ആഭിമുഖ്യം തോന്നുന്ന എല്ലാ കുട്ടികളെയും ദൈവവിളി ക്യാമ്പിലേയ്ക്ക് ക്ഷണിക്കുകയാണ്.

പ്രിയ കുട്ടികളേ, പരീക്ഷയിൽ നല്ല ഫലം പ്രതീക്ഷിച്ചിരിക്കുന്ന നിങ്ങൾക്ക് എല്ലാവർക്കും മികച്ച വിജയവും സന്തോഷകരമായ അവധിക്കാ ലവും നേരുന്നു. പ്രാർത്ഥനവഴിയായും ദൈവവിളി ക്യാമ്പുകൾ വഴിയായും നിങ്ങളെപ്പറ്റിയുള്ള ദൈവഹിതം തിരിച്ചറിയുവാനും ആ വിളിയെ സ്നേഹ ത്തോടെ ആശ്ലേഷിക്കുവാനും നിങ്ങൾക്ക് കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+Remigiose

**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

ഈ സർക്കുലർ മാർച്ച് 18-ാം തീയതി വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

Ref: 3063/K-5/KCBC/OL/DS

# 2018-ലെ നോമ്പുകാല സന്ദേശം

## ഫ്രാൻസിസ് മാർപാപ്പാ

*"അധർമം വർധിക്കുന്നതിനാൽ പലരുടെയും സ്നേഹം തണുത്തു പോകും" (മത്താ 24:12)*

പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ കർത്താവിന്റെ പെസഹാ ഒരിക്കൽക്കൂടി അടുത്തുവരുന്നു. ഈസ്റ്ററിനുവേണ്ടിയുള്ള "നമ്മുടെ തയ്യാറെടുപ്പിൽ ഓരോ വർഷവും മാന സാന്തരത്തിനുള്ള കൗദാശിക അടയാള"മെന്ന നിലയിൽ നോമ്പുകാലമെന്ന ഒരു കാലഘട്ടം നമുക്ക് ദൈവം തന്റെ പരിപാലനയിൽ നല്കുന്നു. ജീവിത ത്തിന്റെ എല്ലാമേഖലയിലും മുഴുഹൃദയത്തോടെ കർത്താവിലേക്കു തിരിച്ചു വരാൻ നോമ്പുകാലം നമ്മെ വിളിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യു ന്നു.

കൃപാവരത്തിന്റെ ഈ കാലഘട്ടത്തെ സന്തോഷത്തിലും സത്യത്തിലും പുതുതായി അനുഭവിക്കാൻ മുഴുവൻ സഭയെയും ഈ സന്ദേശത്തോടെ വീണ്ടും സഹായിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കർത്താവിന്റെ വാക്കുകൾ സൂചനയായി ഞാൻ ഉപയോഗിക്കുന്നു: "അധർമം വർധിക്കുന്നതിനാൽ പല രുടെയും സ്നേഹം തണുത്തുപോകും" (മത്താ 24:12)

ഈ വാക്കുകൾ ക്രിസ്തുവിന്റെ പ്രഭാഷണത്തിൽ ലോകാവസാനത്തെ സംബന്ധിച്ചുള്ളവയായി തോന്നുന്നു. ജറുസലെമിൽ ഒലിവുമലയിൽവച്ചു പറഞ്ഞതാണ് ആ വാക്കുകൾ. അവിടെ വച്ചാണ് കർത്താവിന്റെ പീഡാസ ഹനം തുടുങ്ങാനിരുന്നത്. ശിഷ്യന്മാരുടെ ഒരു ചോദ്യത്തിന് ഉത്തരമായിരുന്നു യേശു വിന്റെ വിവരണം. വലിയ ക്ലേശങ്ങളിൽ വ്യാജപ്രവാചകന്മാർ ആളു കളെ ചിതറിക്കും. സുവിശേഷത്തിന്റെ കാതലായ പരസ്നേഹം അനേകരുടെ ഹൃദയങ്ങളിൽ തണുത്തു മരവിച്ചുപോകും.

### വ്യാജപ്രവാചകന്മാർ

ആ സുവിശേഷഭാഗത്തെ നമുക്ക് ശ്രദ്ധിക്കുകയും അത്തരം വ്യാജപ്ര വാചകന്മാർക്ക് സ്വീകരിക്കാൻ കഴിയുന്ന കപടവേഷം മനസ്സിലാക്കുകയും ചെയ്യാം.,

"പാമ്പുപിടിത്തക്കാരെ"പ്പോലെ കാണപ്പെടാൻ അവർക്ക് കഴിയും. മറ്റു ള്ളവരെ അടിമകളാക്കാനും തങ്ങൾക്ക് ഇഷ്ടമുള്ളിടത്തേക്ക് അവരെ നയി ക്കാനും വേണ്ടി മാനുഷികവികാരങ്ങളെ ദുരുപയോഗിക്കാൻ അവർക്കു കഴി യും. എത്രയോ ദൈവമക്കളാണ് നിമിഷനേരത്തേക്കുള്ള സുഖങ്ങളാൽ വശീ

കരിക്കപ്പെടുന്നത്! അവ യഥാർഥസുഖങ്ങളാണെന്ന് അവർ തെറ്റിദ്ധരിക്കുന്നു. 'എത്രയോ സ്ത്രീപുരുഷന്മാരാണ് സമ്പത്തിനെക്കുറിച്ചുള്ള സ്വപ്നത്താൽ ആകർഷിക്കപ്പെടുന്നത്! സമ്പത്താകട്ടെ, അവരെ ലാഭത്തിന്റെയും നിസ്സാര താത്പര്യങ്ങളുടെയും അടിമകളാക്കുന്നു. തങ്ങൾ സ്വയംപര്യാപ്തതയുള്ളവരാണെന്നു കരുതി ജീവിക്കുന്ന എത്രയോ ആളുകളുണ്ട്. അവർ ഏകാന്തതയെന്ന കെണിയിൽ പെടുന്നു.'

വ്യാജപ്രവാചകന്മാർക്ക് "മുറിവൈദ്യന്മാരാ"യിരിക്കാനും കഴിയും. അവർ സഹനത്തിന് എളുപ്പമുള്ള താത്കാലിക പരിഹാരം നല്കും. അത് തികച്ചും ഉപയോഗശൂന്യമാണെന്ന് പെട്ടെന്നു തെളിയുകയും ചെയ്യും. ലഹരിവസ്തുക്കളെ സർവരോഗ സംഹാരികളായി കരുതുന്ന എത്രയോ യുവാക്കളുണ്ട്! വലിച്ചെറിയാവുന്ന ബന്ധങ്ങളെയും എളുപ്പമുള്ളതും സത്യസന്ധമല്ലാത്തതുമായ ലാഭങ്ങളെയും അപ്രകാരം കരുതുന്ന എത്രമാത്രം ചെറുപ്പക്കാരുണ്ട്. എത്രയോ പേർ യഥാർഥമല്ലാത്ത അസ്തിത്വത്തിന്റെ കെണിയിൽ പെട്ടിരിക്കുന്നു. അതിൽ ബന്ധങ്ങൾ ക്ഷിപ്രസാധ്യവും ഋജുവുമെന്നു തോന്നും; പക്ഷേ, തികച്ചും അർഥശൂന്യമാണെന്നു തെളിയും. കബളിപ്പിക്കുന്ന നിസ്സാരവസ്തുക്കൾ കച്ചവടം ചെയ്യുന്ന ഇവർ ഏറ്റവും വിലപ്പെട്ട മഹത്ത്വം, സ്വാതന്ത്ര്യം, സ്നേഹിക്കാനുള്ള കഴിവ് എന്നിവ പിടിച്ചു പറിക്കുന്നു. അവർ നമ്മുടെ പൊള്ളയായ സ്വാഭിമാനഭാവത്തെയും ബാഹ്യരൂപത്തിലുള്ള വിശ്വാസത്തെയും ആകർഷിക്കുന്നു. പക്ഷേ, അവസാനം അവ നമ്മെ വിഡ്ഢികളാക്കുകയേ ഉള്ളൂ. ഇതിൽ നമ്മൾ വിസ്മയിക്കേണ്ടതില്ല. എന്തെന്നാൽ "നുണയുടെ പിതാവായ പിശാച്" (യോഹ 8:44) എപ്പോഴും തിന്മയെ നന്മയായും തെറ്റിനെ സത്യമായും കാണിച്ച് മനുഷ്യ ഹൃദയത്തെ ആശയക്കുഴപ്പത്തിലാക്കുന്നു. അതുകൊണ്ടാണ് ഈ വ്യാജപ്രവാചകരുടെ നുണകൾക്ക് ഇരയാവുന്നുണ്ടോയെന്ന് ഹൃദയം പരിശോധിച്ചറിയാൻ നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നത്. നാം അടുത്തുചെന്നു നോക്കണം മുകൾപ്പരപ്പിനടിയിൽ നോക്കണം; നമ്മുടെ ഹൃദയത്തിൽ നല്ലതും സ്ഥിരവുമായ മുദ്ര പതിപ്പിക്കുന്നതിനെ തിരിച്ചറിയണം. അങ്ങനെയുള്ളത് ദൈവത്തിൽനിന്നു വരുന്നതാണ്; യഥാർഥത്തിൽ നമ്മുടെ ഉപകാരത്തിനുവേണ്ടിയുള്ളതുമാണ്.

### തണുത്ത ഹൃദയം

ദാന്തെ അലിഗേരി എന്ന ഇറ്റാലിയൻ മഹാകവി നരകത്തെ വർണിക്കുമ്പോൾ പിശാചിനെ മഞ്ഞുകട്ടയുടെ സിംഹാസനത്തിൽ തണുത്തുറഞ്ഞ് സ്നേഹമില്ലാത്ത ഏകാന്തതയിൽ ഇരിക്കുന്നതായി ചിത്രീകരിക്കുന്നു. നമ്മിൽ പരസ്നേഹം എങ്ങനെ തണുത്തുറഞ്ഞുപോകുമെന്ന് നമ്മോടുതന്നെ നാം ചോദിക്കണം.നമ്മുടെ സ്നേഹം തണുക്കാൻ തുടങ്ങുന്നുവെന്ന് സൂചിപ്പിക്കുന്ന അടയാളങ്ങൾ ഏവയാണ്? പരസ്നേഹത്തെ നശിപ്പിക്കുന്നത് എല്ലാറ്റിലും ഉപരിയായി പണത്തിനുവേണ്ടിയുള്ള അത്യാഗ്രഹമാണ്. അത് "എല്ലാ തിന്മയുടെയും വേരാണ്" (1 തിമോ 6:10). അതോടെ ദൈവത്തെയും അവിടത്തെ സമാധാനത്തെയും ഉപേക്ഷിക്കും; അവിടത്തെ വാക്കിലും കൂദാശക

ളിലും കാണുന്ന ആശ്വാസത്തെക്കാൾ കൂടുതലായി നമ്മുടെ ഒറ്റപ്പെടലിനെ ആഗ്രഹിച്ചുപോകും. നമ്മുടെ "ഉറച്ച തീരുമാനങ്ങൾക്ക്" ഭീഷണി ഉയർത്തുന്ന എന്തിനും എതിരേയുള്ള അക്രമത്തിലേക്ക് ഇതെല്ലാം നയിക്കുന്നു: ജനിക്കാനിരിക്കുന്ന കുട്ടി, വൃദ്ധജനം, രോഗികൾ, കുടിയേറ്റക്കാർ, അപരിചിതർ അല്ലെങ്കിൽ നമ്മുടെ പ്രതീക്ഷയനുസരിച്ചു ജീവിക്കാത്ത അയല്ക്കാർ എന്നിവർക്ക് എതിരേ ഉള്ള അക്രമത്തിലേക്കു തന്നെ.

സൃഷ്ടിതന്നെ പരസ്നേഹത്തിന്റെ തണുത്തുറയ്ക്കലിന്റെ നിശ്ശബ്ദസാക്ഷിയായിത്തീരുന്നു. ശ്രദ്ധയില്ലായ്മകൊണ്ടോ സ്വാർഥതാത്പര്യംകൊണ്ടോ വലിച്ചെറിയുന്നവ ഭൂമിയെ മലിനമാക്കുന്നു; കടലുകൾ മലിനമാക്കുന്നു. നിർബന്ധിച്ചു കുടിയേറ്റപ്പെടുന്നവരുടെ അസംഖ്യം കപ്പൽ അപകടങ്ങളുടെ അവശിഷ്ടങ്ങളെ കടൽ വിഴുങ്ങുന്നു. തന്റെ സ്തുതികൾ പാടാൻവേണ്ടി ദൈവം സൃഷ്ടിച്ച ആകാശം മരണകരമായ വസ്തുക്കൾ പെയ്യുന്ന യന്ത്രങ്ങൾ വാടകയ്ക്കെടുത്തിരിക്കുകയാണ്.

നമ്മുടെതന്നെ സമൂഹത്തിലും സ്നേഹം തണുത്തു പോകാം. ഈ സ്നേഹമില്ലായ്മയുടെ ഏററവും വ്യക്തമായ അടയാളങ്ങളെ എവാഞ്ചെലീ ഗാവുദിയും (സുവിശേഷത്തിന്റെ സന്തോഷം) എന്ന അപ്പസ്തോലികാഹ്വാനത്തിൽ ഞാൻ വിവരിച്ചിട്ടുണ്ട്. സ്വാർത്ഥത, ആധ്യാത്മികമാന്ദ്യം, വന്ധ്യമായ അശുഭാപ്തി വിശ്വാസം, തന്നിൽത്തന്നെ മുഴുകാനുള്ള പ്രലോഭനം, നമ്മുടെയിടയിൽത്തന്നെ നിരന്തരപോരാട്ടം, ബാഹ്യരൂപങ്ങളിൽ മാത്രം താത്പര്യം കാണിക്കുകയും അങ്ങനെ നമ്മുടെ പ്രേഷിതത്വപരമായ ഉത്സാഹത്തെ കുറയ്ക്കുകയും ചെയ്യുന്ന ലൗകിക മനോഭാവം എന്നിവയാണ് ആ അടയാളങ്ങൾ.

### നാം എന്താണു ചെയ്യേണ്ടത്?

ഞാൻ ഇപ്പോൾ വിവരിച്ച അടയാളങ്ങൾ നമ്മുടെ ഉള്ളിലും നമ്മുടെ ചുറ്റുപാടിലും നാം കാണുന്നുണ്ടായിരിക്കാം. എന്നാൽ നമ്മുടെ അമ്മയും അധ്യാപികയുമായ സഭ മിക്കപ്പോഴും കയ്പുള്ള സത്യമാകുന്ന മരുന്നിനോടൊപ്പം രോഗശമനത്തിനുള്ള മറുമരുന്നും നമുക്കു നല്കുന്നുണ്ട്. പ്രാർത്ഥന, ധർമദാനം, ഉപവാസം എന്നിവയാണ് ആ മറുമരുന്നുകൾ.

**പ്രാർത്ഥന**യ്ക്കായി കൂടുതൽ സമയം ഉപയോഗിക്കുന്നത് നമ്മുടെ രഹസ്യമായ നുണകളെയും ആത്മവഞ്ചനയുടെ രൂപങ്ങളെയും പറിച്ചുകളയാൻ നമ്മുടെ ഹൃദയങ്ങളെ ശക്തിയുള്ളവയാക്കും. അപ്പോൾ ദൈവം തരുന്ന ആശ്വാസം കണ്ടെത്താൻ നമുക്കു കഴിയും. അവിടന്ന് നമ്മുടെ പിതാവാണ്. നാം നന്നായി ജീവിക്കാൻ അവിടന്ന് ആഗ്രഹിക്കുന്നു.

**ധർമദാനം** അത്യാഗ്രഹത്തിൽനിന്നു നമ്മെ സ്വതന്ത്രരാക്കും. നമ്മുടെ അയല്ക്കാരെ സഹോദരീ സഹോദരന്മാരായി കാണാൻ നമ്മെ സഹായിക്കും. ഞാൻ സ്വന്തമാക്കിയിരിക്കുന്നതൊന്നും എന്റേതു മാത്രമല്ല. ധർമദാനം

നമ്മിൽ ഓരോരുത്തരുടെയും യഥാർഥജീവിതശൈലിയാകാൻ ഞാൻ ഏറെ ആഗ്രഹിക്കുന്നു. ക്രൈസ്തവരെന്ന നിലയിൽ നാം അപ്പസ്തോലന്മാരുടെ മാതൃക പിന്തുടരണം. സഭയിലുള്ള കൂട്ടായ്മയുടെ തൊട്ടുനോക്കാൻ കഴിയുന്ന സാക്ഷ്യമായി നമ്മുടെ സ്വത്തുക്കൾ നാം പങ്കുവയ്ക്കണം. ഞാൻ എത്രയോ ആഗ്രഹിക്കുന്ന കാര്യമാണിത്. ഇക്കാരണത്താൽ വിശുദ്ധ പൗലോസ് ശ്ലീഹാ കൊറീന്ത്യർക്കു നല്കിയ ആഹ്വാനത്തെ പ്രതിധ്വനിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ജറുസലേമിലെ സഭയ്ക്കുവേണ്ടി സംഭാവന നല്കാനാണ് അദ്ദേഹം ആഹ്വാനംചെയ്തത്. ആ ദാനത്തിൽനിന്ന് അവർക്കു തന്നെ ഉപകാരമുണ്ടാകും (cf 2 കോറി 8:10). ഇത് നോമ്പുകാലത്ത് ഏറെ ഉചിതമായ കാര്യമാണ്. സഭകൾക്കും ആവശ്യത്തിൽ കഴിയുന്നവർക്കുംവേണ്ടി അനേകം ഗ്രൂപ്പുകൾ സംഭാവന ശേഖരിക്കുന്ന കാലയളവാണത്. നമ്മുടെ അനുദിനജീവിതത്തിലും നമ്മുടെ സഹായം യാചിക്കുന്നവരുണ്ട്. അവരുടെ യാചന ദൈവത്തിൽനിന്നു വരുന്നതാണെന്ന് തിരിച്ചറിണം. നാം ധർമം കൊടുക്കുമ്പോൾ ദൈവത്തിന് തന്റെ ഓരോ ശിശുവിനെയും സംബന്ധിച്ചുള്ള പരിപാലനാപരമായ ശ്രദ്ധയിൽ നാം പങ്കുകാരാവുകയാണ്. ദൈവം ഇന്ന് എന്നിലൂടെ ആരെയെങ്കിലും സഹായിച്ചാൽ അവിടന്ന് നാളെ എന്റെ ആവശ്യങ്ങളിൽ സഹായിക്കാതിരിക്കുമോ? എന്തെന്നാൽ ദൈവത്തെക്കാൾ ഉദാരതയുള്ളവനായി ആരുമില്ല.

**ഉപവാസം** ആക്രമിക്കാനുള്ള നമ്മുടെ വാസനയെ ദുർബലപ്പെടുത്തും. അതു നമ്മെ ആയുധമില്ലാത്തവരാക്കും. വളർച്ചയ്ക്കുള്ള സുപ്രധാനമായ ഒരു സന്ദർഭം നല്കും. ഒരു വശത്ത്, അനാഥരും വിശപ്പു സഹിക്കുന്നവരും എന്താണ് അനുഭവിക്കുന്നതെന്ന് അനുഭവിച്ചറിയാൻ അതു നമ്മെ സഹായിക്കും. മറുവശത്ത്, ദൈവത്തിലുള്ള ജീവിതത്തിനായി നമുക്കുള്ള ആധ്യാത്മിക വിശപ്പും ദാഹവും അതു പ്രകടിപ്പിക്കും. ഉപവാസം നമ്മെ തട്ടിയുണർത്തും. ദൈവത്തെയും അയല്ക്കാരനെയും കൂടുതൽ ശ്രദ്ധിക്കാൻ അതു സഹായിക്കും. ദൈവത്തെ അനുസരിക്കാനുള്ള നമ്മുടെ ആഗ്രഹത്തെ അത് പുനരുജ്ജീവിപ്പിക്കും. അവിടന്ന് മാത്രമാണ് നമ്മുടെ വിശപ്പ് മാറ്റാൻ കഴിവുള്ളവൻ.

കത്തോലിക്കാസഭയുടെ അതിരുകൾക്ക് അപ്പുറത്തുള്ളവരെയും ദൈവത്തിന്റെ ശബ്ദം കേൾക്കാൻ മനസ്സുതുറന്നിട്ടുള്ള സന്മനസ്സുള്ള എല്ലാവരെയും ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു പക്ഷേ, ഞങ്ങളെപ്പോലെ നിങ്ങളും ലോകത്തിൽ അധർമത്തിന്റെ പെരുപ്പംമൂലം അസ്വസ്ഥതയുള്ളവരാകാം. ഹൃദയങ്ങളെയും പ്രവർത്തനങ്ങളെയും തളർത്തുന്ന തണുപ്പിനെപ്പറ്റി നിങ്ങൾക്കും ഉത്കണ്ഠയുണ്ടാകാം. ഒരേ മനുഷ്യകുടുംബത്തിലെ അംഗങ്ങളാണ് നമ്മൾ എന്ന ബോധം ദുർബലപ്പെടുന്നതായി നിങ്ങൾ കാണുന്നുണ്ട്. അതുകൊണ്ട്, ദൈവത്തോടു യാചിക്കുന്നതിലും ഉപവസിക്കുന്നതിലും ആവശ്യത്തിൽപ്പെട്ട നമ്മുടെ സഹോദരീസഹോദരന്മാർക്കു വേണ്ടതെല്ലാം നല്കുന്നതിലും ഞങ്ങളോടു സഹകരിക്കുക.

### ഈസ്റ്ററിന്റെ അഗ്നി

സർവോപരി, ധർമദാനം, ഉപവാസം, പ്രാർത്ഥന എന്നിവയിൽ നിന്നു ശക്തി സ്വീകരിച്ചു നോമ്പുകാലതീർത്ഥാടനങ്ങൾ നടത്തുവാൻ സഭാംഗങ്ങളെ ഞാൻ നിർബന്ധിക്കുന്നു. പരസ്നേഹത്തിന്റെ തീജ്വാല നിങ്ങളുടെ ഹൃദയത്തിൽ ചിലപ്പോൾ കെട്ടുപോകുന്നതായി തോന്നിയാൽ ദൈവത്തിന്റെ ഹൃദയത്തിൽ ഒരിക്കലും അങ്ങനെ സംഭവിക്കുന്നില്ലെന്ന് അറിഞ്ഞിരിക്കുവിൻ! വീണ്ടും സ്നേഹിച്ചു തുടങ്ങാനുള്ള അവസരം അവിടന്ന് നിരന്തരം നല്കുന്നുണ്ട്.

കൃപാവരത്തിന്റെ അത്തരമൊരു നിമിഷമായിരിക്കും ഈ വർഷവും വീണ്ടും നടത്തേണ്ട "24 മണിക്കൂർ കർത്താവിനുവേണ്ടി" എന്ന കർമം. ദിവ്യകാരുണ്യാരാധനയുടെ സാഹചര്യത്തിൽ അനുരഞ്ജന കൂദാശ ആഘോഷിക്കാൻ അത് മുഴുവൻ സഭാസമൂഹത്തെയും ക്ഷണിക്കുന്നു. അത് 2018 മാർച്ച് 9 വെള്ളി മുതൽ മാർച്ച് 10 ശനിവരെ നടക്കും. സങ്കീർത്തനം 130:4-ൽ പറയുന്ന "അങ്ങു പാപം പൊറുക്കുന്നവനാണ്" എന്ന വാക്കുകളാൽ പ്രചോദിപ്പിക്കപ്പെട്ടതാണത്. ഓരോ രൂപതയിലും ഒരു ദേവാലയമെങ്കിലും തുടർച്ചയായി 24 മണുക്കൂറും തുറന്നിട്ടിരിക്കണം - ദിവ്യകാരുണ്യാരാധനയ്ക്കും കൗദാശിക ഏറ്റുപറച്ചിലിനും വേണ്ടിത്തന്നെ.

ഈസ്റ്ററിന്റെ ജാഗരണദിവസം ഈസ്റ്റർ തിരി കത്തിക്കൽ എന്ന വികാരഭരിതമായ കർമം ഒരിക്കൽക്കൂടി നടത്തും. "പുതിയ തീയിൽ" നിന്നെടുത്ത ഈ പ്രകാശം സാവധാനം ഇരുട്ടിനെ കീഴടക്കുകയും ലിറ്റർജിക്കൽ സമ്മേളനത്തെ പ്രകാശിപ്പിക്കുകയും ചെയ്യും. "മഹത്ത്വത്തിൽ ഉയിർക്കുന്ന ക്രിസ്തുവിന്റെ പ്രകാശം നമ്മുടെ ഹൃദയങ്ങളിലെയും മനസ്സുകളിലെയും ഇരുട്ടിനെ നീക്കിക്കളയട്ടെ." എമ്മാവൂസിലേക്കുള്ള വഴിയിൽവച്ച് ശിഷ്യന്മാർക്കുണ്ടായ അനുഭവത്തിൽ വീണ്ടും ജീവിക്കാൻ നമ്മെ എല്ലാവരെയും ശക്തരാക്കുകയും ചെയ്യട്ടെ. ദൈവവചനം കേട്ടുകൊണ്ടും ദിവ്യകാരുണ്യമേശയിൽ നിന്നു പോഷണം സ്വീകരിച്ചുകൊണ്ടും നമ്മുടെ ഹൃദയം വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയിൽ പൂർവാധികം ജ്വലിക്കട്ടെ.

വാത്സല്യത്തോടും നിങ്ങൾക്ക് എല്ലാവർക്കും വേണ്ടിയുള്ള എന്റെ പ്രാർത്ഥനകളോടും കൂടി ഞാൻ നിങ്ങളെ ആശീർവദിക്കുന്നു. എനിക്കുവേണ്ടി പ്രാർത്ഥിക്കാൻ മറക്കരുത്.

വത്തിക്കാനിൽ നിന്ന് 1 നവംബർ 2017

സകല വിശുദ്ധരുടെയും തിരുനാൾ ദിവസം

**ഫ്രാൻസിസ് പാപ്പാ**

# കച്ചേരിക്കാര്യം

## 1. വൈദികരുടെ നിയമനം

മിഷൻലീഗ് മേഖലാ ഡയറക്ടർമാർ

ഫാ. ജോസഫ് കളപ്പുരയ്ക്കൽ : പാറോപ്പടി

ഫാ. സ്കറിയ തുണ്ടത്തിൽ : കോടഞ്ചേരി

## 2. കർത്താവിനോടുകൂടെ 24 മണിക്കൂർ

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പ തന്റെ നോമ്പുകാല സന്ദേശത്തിൽ ആഹ്വാനം ചെയ്തിരിക്കുന്നതനുസരിച്ച് മാർച്ച് 9-ാം തീയതി വെള്ളിയാഴ്ച നമ്മുടെ രൂപതയിലെ താഴെക്കൊടുത്തിരിക്കുന്ന ദൈവാലയങ്ങളിൽ 24 മണിക്കൂർ ദിവ്യകാരുണ്യ ആരാധനയും വി. കുമ്പസാരത്തിനുള്ള സൗകര്യവും ഉണ്ടായിരിക്കും. ഈ വിവരം ഇടവകകളിൽ അറിയിക്കുകയും ആരാധനയിൽ പങ്കെടുക്കുവാനും കുമ്പസാരിക്കുവാനും ദൈവജനത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്. മാർച്ച് 9-ാം തീയതി വെള്ളിയാഴ്ച രാവിലെ വി. കുർബാനയോടെ ആരംഭിക്കുന്ന ആരാധന മാർച്ച് 10-ാം തീയതി ശനിയാഴ്ച രാവിലെ വി. കുർബാനയോടെ സമാപിപ്പിക്കുന്ന സമയക്രമമാണ് പൊതുവായി നിശ്ചയിച്ചിരിക്കുന്നത്.

1. മേരി മാതാ കത്തീഡ്രൽ, താമരശ്ശേരി
2. സെന്റ് ജോർജ് കുടിയേറ്റ തീർത്ഥാടനകേന്ദ്രം, കുളത്തുവയൽ
3. മരിയൻ തീർത്ഥാടനകേന്ദ്രം, കോടഞ്ചേരി
4. ഫാത്തിമ മാതാ ഫൊറോന ദൈവാലയം, മരിയാപുരം
5. ഹോളി ഫാമിലി ഫൊറോന ദൈവാലയം, കരുവാരകുണ്ട്
6. സെന്റ് തോമസ് ഫൊറോന ദൈവാലയം, കൂരാച്ചുണ്ട്
7. സെന്റ് തോമസ് ഫൊറോന ദൈവാലയം, മലപ്പുറം
8. സെന്റ് മേരീസ് ദൈവാലയം, മരഞ്ചാട്ടി
9. സെന്റ് മേരീസ് ഫൊറോന ദൈവാലയം, മരുതോങ്കര
10. സെന്റ് ആന്റണീസ് ഫൊറോന ദൈവാലയം, പാറോപ്പടി
11. സെന്റ് അൽഫോൻസ ഫൊറോന ദൈവാലയം, പെരിന്തൽമണ്ണ
12. തിരുഹൃദയ ഫൊറോന ദൈവാലയം, തിരുവമ്പാടി
13. സെന്റ് ജോർജ് ഫൊറോന ദൈവാലയം, വിലങ്ങാട്

## 3. നോമ്പുകാല മാസധ്യാനവും വി. മൂറോൻ വെഞ്ചരിപ്പും

നോമ്പുകാലത്ത് നടത്തിവരുന്ന വൈദികരുടെ പൊത ുമാസധ്യാനവും വി. മൂറോൻ വെഞ്ചരിപ്പും 2018 മാർച്ച് 27 ചൊവ്വാഴ്ച താമരശ്ശേരി മേരി മാതാ കത്തീഡ്രൽ ദൈവാലയത്തിൽ വെച്ച് നടത്തുന്നു. രാവിലെ 10 മണിക്ക് മാസധ്യാനം

ആരംഭിക്കുകയും തുടർന്ന് കുമ്പസാരത്തിനുള്ള അവസരം ക്രമീകരിക്കുകയും ചെയ്യുന്നു. 11.30 ന് അഭിഷേകതൈല വെഞ്ചരിപ്പുകർമ്മവും വി. കുർബാനയും ആരംഭിക്കുന്നു. തിരുക്കർമ്മങ്ങൾക്കുശേഷം രൂപതാഭവനിലാണ് ഉച്ചഭക്ഷണം ക്രമീകരിച്ചിരിക്കുന്നത്. ദൈവാലയങ്ങളിലേക്ക് കൊണ്ടുപോകുന്നതിനുള്ള അഭി ഷേകതൈലവും രൂപതാഭവനിൽ നിന്നാണ് നൽകുന്നത്. തിരുക്കർമ്മങ്ങൾ കൃത്യ സമയത്ത് ആരംഭിക്കേണ്ടതിനാൽ ബഹു. വൈദികർ നേരത്തെതന്നെ എത്തി ച്ചേരുവാൻ പരിശ്രമിക്കുമല്ലോ.

### 4. ദൈവവിളി ക്യാമ്പ്

ഈ വർഷത്തെ ദൈവവിളി ക്യാമ്പ് 2018 ഏപ്രിൽ 2-ാം തീയതി തിങ്കളാഴ്ച രാവിലെ 10 മണിക്ക് ആരംഭിച്ച് 4-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് സമാപിക്കുന്നതാണ്. ആൺകുട്ടികൾക്ക് പുല്ലൂരാംപാറ ബഥാനിയായിലും പെൺകുട്ടികൾക്ക് മേരിക്കുന്ന് പി.എം.ഒ.സി.യിലുമാണ് ക്യാമ്പുകൾ ക്രമീകരി ച്ചിരിക്കുന്നത്. താൽപ്പര്യമുള്ളവരെ ക്യാമ്പിലേക്ക് പറഞ്ഞയയ്ക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

### 5. രൂപതാദിനം 2018

31-ാമത് രൂപതാദിനം 2018 ഏപ്രിൽ 28 ശനിയാഴ്ച കോഴിക്കോട് ദേവഗിരി ഇടവകയിൽ വെച്ച് നടത്തുന്നു. പതിവുപോലെ കൃതജ്ഞതാബലിയും പ്രതിനിധി സമ്മേളനങ്ങളും പൊതുസമ്മേളനവും ഉണ്ടായിരിക്കുന്നതാണ്. എല്ലാ ഇടവകകളിൽ നിന്നുമുള്ള കൈക്കാരന്മാരും പാരിഷ് സെക്രട്ടറിയും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും എല്ലാ സംഘടനകളുടെയും മേഖല, രൂപത ഭാരവാ ഹികളും പ്രതിനിധി സമ്മേളനങ്ങളിൽ പങ്കെടുക്കണമെന്ന് അറിയിക്കുന്നു. രൂപ താദിനത്തോടനുബന്ധിച്ചുള്ള മത്സരങ്ങളുടെയും പൊതുസമ്മേളനത്തിൽ ആദ രിക്കേണ്ടവരുടെയും വിശദീകരണം ഈ ലക്കത്തിൽ നൽകിയിരിക്കുന്നത് ശ്രദ്ധി ക്കുമല്ലോ.

രൂപതാദിനത്തിന്റെ ചെലവുകൾക്കായി നമ്മുടെ പതിവനുസരിച്ച് ഇടവകയുടെ ഗ്രേഡിന്റെയടിസ്ഥാനത്തിൽ ഒരു വിഹിതം രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ട താണ്.

എ ഗ്രേഡ് - 8,000/-     ബി ഗ്രേഡ് - 7,000/-

സി ഗ്രേഡ് - 5,000/-     ഡി ഗ്രേഡ് - 4,000/-     ഇ ഗ്രേഡ് - 2,500/-

### 6. യേശുനിധി 2018

നമ്മുടെ ജീവികാരുണ്യ പ്രവർത്തനഫണ്ടായ യേശുനിധിയിലേക്കുള്ള ഈ വർഷത്തെ സംഭാവന പതിവനുസരിച്ച് ഓശാനഞായറാഴ്ച വി. കുർബാനമദ്ധ്യേ സമർപ്പിക്കേണ്ടതാണ്. അതിനുവേണ്ടിയുള്ള കവറുകൾ ഫൊറോനകേന്ദ്രങ്ങളിൽ മാർച്ച് 5-ാം തീയതിയ്ക്കുമുമ്പ് എത്തിക്കുന്നതാണ്. ഈ കവറുകൾ യഥാസ മയം ഭവനങ്ങളിൽ എത്തിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

### 7. ദുഃഖവെള്ളി പിരിവ്

വിശുദ്ധ നാടുകളുടെ സംരക്ഷണത്തിനായി അയച്ചുകൊടുക്കുന്ന ദുഃഖവെള്ളിയാഴ്ചയിലെ സ്തോത്രക്കാഴ്ച താമസം കൂടാതെ രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

### 8. രൂപതാവിഹിതം (7.5%), പൊതുപിരിവുകൾ

രൂപതാനിയമാവലിയിൽ പറഞ്ഞിരിക്കുന്നതുപോലെ ഇടവകയുടെ വാർഷിക വരുമാനത്തിന്റെ 7.5% രൂപതാവിഹിതമായി നൽകേണ്ടതാണ്. വാർഷിക തിരട്ട് പാസാക്കുന്നതിനും പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന കൈക്കാരന്മാരുടെ പേരുകൾ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുംമുമ്പ് രൂപതാവിഹിതം അടച്ചുതീർക്കണമെന്ന് അറിയിക്കുന്നു.

2017-18 സാമ്പത്തിക വർഷത്തെ പൊതുപിരിവുകൾ ഇനിയും അടച്ചു തീർക്കാനുള്ള ഇടവകകൾ അഭിഷേകതൈല വെഞ്ചരിപ്പിനു വരുമ്പോൾ അത് കൊണ്ടുവരണമെന്ന് ഓർമ്മിപ്പിക്കുന്നു.

### 9. ആശംസകൾ

**ബഹു. ജെയിംസ് പുൽത്തകിടിയേലച്ചൻ** ഭദ്രാവതി രൂപതയുടെ ഫിനാൻസ് ഓഫീസറായി സേവനം ആരംഭിച്ചിരിക്കുന്നു. പുതിയ സേവന മേഖലയിൽ അച്ചന് എല്ലാവിധ ആശംസകളും നേരുന്നു.

Rev. Fr. James Pulthakidiyel
Finance Officer
Bishop’s House, St. Joseph’s Church
Sagar Road, Shimoga, Karnataka-577 204

**ബഹു. ബനഡിക്ട് ചേന്ദംകുളത്തച്ചൻ** ജർമ്മനിയിലെ സ്റ്റുഡ്ഗാർട്ട് രൂപതയിൽ അജപാലന ശുശ്രൂഷ ആരംഭിച്ചിരിക്കുന്നു. അച്ചന്റെ പുതിയ ശുശ്രൂഷ രംഗത്ത് പ്രാർത്ഥനാശംസകൾ നേരുന്നു.

Pfr. Anil Chennamkulath Willson
Uhlandstr.3
78532 Tuttilingen
Mob: 0049 7461 96598077

### 10. പുതിയ സന്ന്യാസ ഭവനങ്ങൾ

ഒ.സി.ഡി സന്ന്യാസ സമൂഹം മലബാർ റീജിയന്റെ ആസ്ഥാന ഭവനം കോഴിക്കോട് മലാപ്പറമ്പിൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. ബഹു. വൈദികർക്ക് രൂപതയുടെ അജപാലന ശുശ്രൂഷ മേഖലയിലേക്ക് ഹൃദ്യമായ സ്വാഗതം.

Rev. Fr. Superior
Mount Carmel Monastery
Central House of the Vicariate
Malaparamba P.O., Kozhikode - 673 009

ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് സന്ന്യാസിനീ സമൂഹത്തിന്റെ പുതിയ ഭവനം നരിനട ഇടവകയിൽ ആരംഭിച്ചിരിക്കുന്നു.

Sr. Superior
Rani Maria F.C Convent, Narinada
Kayanna P.O, Kozhikode
Ph: 0496 2263250, Mob: 9048390932

**11. സ്മരണാഞ്ജലി**

| | | |
|---|---|---|
| 13-03-1987 | - | റവ. ഫാ. വർഗ്ഗീസ് സി.എം.ഐ. |
| 17-03-1991 | - | റവ. ഫാ. ജോസഫ് കൊട്ടുകാപ്പള്ളി |
| **24-03-2011** | **-** | **റവ. ഫാ ജോർജ് പരുത്തപ്പാറ** |

**പ്രോട്ടോസിഞ്ചെല്ലൂസ്**



# രൂപതാദിനം 2018

താമരശ്ശേരി രൂപത സ്ഥാപിതമായതിന്റെ 31-ാമത് വാർഷികം **ഏപ്രിൽ 28-ാം തീയതി ശനിയാഴ്ച കോഴിക്കോട് ദേവഗിരി ഇടവകയിൽ** വച്ച് നടത്തുന്നു. കൃതജ്ഞതാബലി, വിവിധ ഗ്രൂപ്പുകൾക്കുള്ള പ്രതിനിധി സമ്മേളനങ്ങൾ, പൊതു സമ്മേളനം എന്നിവയാണ് രൂപതാദിനാഘോഷത്തിന്റെ പ്രധാന പരിപാടികൾ. പൊതുസമ്മേളനത്തിൽ പൗരോഹിത്യ സമർപ്പിത വിവാഹ ജീവിത രംഗങ്ങളിൽ സുവർണ്ണ ജൂബിലി ആഘോഷിക്കുന്നവരെയും വിവിധ പ്രവർത്തന സേവന മേഖലകളിൽ മികവുകാണിച്ചവരെയും ആദരിക്കുന്നു. ഈ വർഷം പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും എല്ലാ ഇടവകകളിലെയും കൈക്കാരന്മാരും പാരിഷ് സെക്രട്ടറിയും, എല്ലാ സംഘടനകളുടെയും മേഖലാ-രൂപതാഭാരവാഹികളും രൂപതാദിനാഘോഷങ്ങളിൽ പങ്കെടുക്കേണ്ടതാണ്. വിശദവിവരങ്ങൾ യഥാസമയം അറിയിക്കുന്നതാണ്.

## ആദരിക്കൽ

- വിവിധ മേഖലയിൽ വ്യക്തിമുദ്ര പതിപ്പിച്ചവരെ പൊതുസമ്മേളനത്തിൽ വച്ച് ആദരിക്കുന്നു.
- പൗരോഹിത്യ, സന്യസ, വിവാഹ ജീവിതത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്നവരെയും ആദരിക്കുന്നു.

ഇടവകകളിൽ നിന്നും, സംഘടനകളിൽ നിന്നും ആദരിക്കപ്പെടാൻ അർഹതയുള്ള വ്യക്തികളുടെയും ജൂബിലി ആഘോഷിക്കുന്നവരുടെയും ഫോട്ടോയും മറ്റു വിവരങ്ങളും ഏപ്രിൽ 1 ന് മുമ്പ് ബഹു. തോമസ് ചിലമ്പിക്കുന്നേൽ അച്ചനെ (9645573374) ഏൽപ്പിക്കേണ്ടതാണ്.

## രൂപതാദിന മത്സരങ്ങൾ

### 1. മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി മെമ്മോറിയൽ പ്രസംഗ മത്സരം

താമരശ്ശേരി രൂപതയുടെ പ്രഥമ മെത്രാനും കേരളത്തിലെ അറിയപ്പെടുന്ന വാഗ്മിയുമായിരുന്ന മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ ഓർമ്മക്കായി രൂപതാദിനത്തോടനുബന്ധിച്ച് നടത്തുന്ന പ്രസംഗമത്സരം ഈ വർഷവും സംഘടിപ്പിക്കുന്നു. മത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ താഴെപ്പറയുന്നവയാണ്.

1-ാം സമ്മാനം - 3000 രൂപയും സർട്ടിഫിക്കറ്റും
2-ാം സമ്മാനം - 2000 രൂപയും സർട്ടിഫിക്കറ്റും
3-ാം സമ്മാനം - 1000 രൂപയും സർട്ടിഫിക്കറ്റും

**നിബന്ധനകൾ**

1. താമരശ്ശേരി രൂപതയുടെ വൈദികവിദ്യാർത്ഥികൾക്കുവേണ്ടിയാണ് ഈ വർഷം പ്രസംഗമത്സരം. മൈനർ സെമിനാരിക്കാർ, ഡിഗ്രി വിഭാഗക്കാർ, മേജർ സെമിനാരിക്കാർ എന്നിവരാണ് മത്സരിക്കുന്നത്.

2. **2018 ഏപ്രിൽ 14 ശനിയാഴ്ച** രാവിലെ 9.30 മുതൽ താമരശ്ശേരി മൈനർ സെമിനാരിയിൽ വെച്ച് മത്സരം നടക്കുന്നതാണ്.
3. മത്സരത്തിൽ പങ്കെടുക്കാനുള്ളവർ 2018 ഏപ്രിൽ 7 ന് മുമ്പായി 9495220031 എന്ന നമ്പറിൽ വിളിച്ചോ മൈനർ സെമിനാരിയിലോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.
4. പ്രസംഗ സമയം 5 മിനിട്ടാണ്.
5. പ്രസംഗ വിഷയം ഏപ്രിൽ 13 ന് രാവിലെ 9 മണിക്ക് മുമ്പായി രജിസ്റ്റർ ചെയ്തവരുടെ മൊബൈലിലേക്ക് എസ്.എം.എസ്.ആയി അയച്ചുതരുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ വിഷയം ലഭിക്കാത്തവർ സ്വന്തം ഉത്തരവാദിത്തത്തിൽ തന്നിരിക്കുന്ന നമ്പറുകളിൽ വിളിച്ച് പ്രസംഗ വിഷയം മനസ്സിലാക്കേണ്ടതാണ്.
8. മത്സരത്തെ സംബന്ധിച്ച എല്ലാ കാര്യങ്ങളിലും വിധികർത്താക്കളുടെയും സംഘാടകസമിതിയുടെയും തീരുമാനം അന്തിമമായിരിക്കും

**പ്രസംഗ മത്സര കോർഡിനേറ്റർ : ഫാ. കുര്യക്കോസ് തയ്യിൽ**

**9495220031**

### 2. ഷട്ടിൽ ഡബിൾസ് മത്സരം

- ഒരു ഇടവകയിൽ നിന്ന് 3 ടീമുകൾക്ക് പങ്കെടുക്കാം.
- കളിക്കാർ അതാതു ഇടവകാംഗങ്ങൾ ആയിരിക്കണം. മത്സരത്തിന് വരുമ്പോൾ ബഹു. വികാരിയച്ചന്റെ കത്ത് കൊണ്ടുവരണം.
- കളിക്കാരുടെ ലിസ്റ്റ് ഏപ്രിൽ 9-ാം തീയതിക്കു മുമ്പ് **എപ്പാർക്കിയൽ സ്പോർട്സ് അക്കാദമിയിൽ** (9447544184, 9745167726) രജിസ്റ്റർ ചെയ്യണം.
- സെമിഫൈനൽ, ഫൈനൽ ഒഴികെയുള്ള മത്സരങ്ങൾ 30 പോയിന്റുള്ള ഒരു ഗെയിമിൽ തീരുന്നതായിരിക്കും.
- പ്രായപരിധി ഉണ്ടായിരിക്കുന്നതല്ല.
- പുരുഷ വിഭാഗത്തിനായിരിക്കും മത്സരം.
- സമ്മാനം: I$^{st}$ 3001 രൂപയും ട്രോഫിയും, II$^{nd}$ 2001 രൂപ, III$^{rd}$ 1501 രൂപ, IV$^{th}$ 1001 രൂപ
- ഇടവക ടീമിനെ പ്രതിനിധീകരിച്ച് വികാരിയച്ചന്മാർക്ക് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.
- രജിസ്ട്രേഷൻ ഫീസ് ടീമിന് : 100 രൂപ.
- 3 സോണുകൾ തിരിച്ചായിരിക്കും മത്സരം. ഓരോ സോണിൽ നിന്നും ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്ന ടീമുകൾക്ക് ഫൈനൽ റൗണ്ടിലേക്ക് പ്രവേശനം ലഭിക്കും.

**തീയതിയും സ്ഥലവും**

സോൺ 1 : ഏപ്രിൽ 16 തിങ്കൾ

സ്ഥലം : കൂരാച്ചുണ്ട്
സമയം : വൈകിട്ട് 4 മണി

പങ്കെടുക്കേണ്ട ഫൊറോനകൾ : കൂരാച്ചുണ്ട്, മരുതോങ്കര, വിലങ്ങാട്.

സോൺ 2 : ഏപ്രിൽ 17 ചൊവ്വ
സ്ഥലം : പുല്ലൂരാംപാറ
സമയം : വൈകിട്ട് 4 മണി

പങ്കെടുക്കേണ്ട ഫൊറോനകൾ : താമരശ്ശേരി, കോടഞ്ചേരി, പാറോപ്പടി, തിരുവമ്പാടി.

സോൺ 3 : ഏപ്രിൽ 18 ബുധൻ
സ്ഥലം : ചുണ്ടത്തുംപൊയിൽ
സമയം : വൈകിട്ട് 4 മണി

പങ്കെടുക്കേണ്ട ഫൊറോനകൾ : തോട്ടുമുക്കം, മലപ്പുറം, പെരിന്തൽമണ്ണ, മരിയാപുരം, കരുവാരകുണ്ട്.

ഫൈനൽ മത്സരങ്ങൾ : ഏപ്രിൽ 20 വെള്ളി
സ്ഥലം : കൂരാച്ചുണ്ട്
സമയം : വൈകിട്ട് 4 മണി

### 3. വോളിബോൾ മത്സരം

- ഇടവകയ്ക്ക് ഒരു ടീമിനെ മത്സരത്തിൽ പങ്കെടുപ്പിക്കാം.
- ഇടവക ടീമിന് അതാത് ഫൊറോനയിൽപ്പെട്ട രൂപതാംഗങ്ങളെ ടീമംഗങ്ങളായി ഉൾപ്പെടുത്താവുന്നതാണ്.
- ഇടവകയുടെ സ്വന്തം ടീം മത്സരത്തിന് ഇറങ്ങുന്നുണ്ടെങ്കിൽ ആ ഇടവകയുടെ വികാരിയച്ചന്റെ രേഖാമൂലമുള്ള അനുവാദത്തോടുകൂടി മാത്രമെ ഒരാൾക്ക് മറ്റ് ഇടവക ടീമിനുവേണ്ടി കളിക്കാൻ സാധിക്കുകയുള്ളൂ.
- പ്രായപരിധി ഉണ്ടായിരിക്കുന്നതല്ല.
- ടീമുകൾ ഏപ്രിൽ 9-ാം തീയതിക്കു മുമ്പ് സോൺ കോ-ഓർഡിനേറ്ററിന്റെ പക്കൽ രജിസ്റ്റർ ചെയ്യണം.
  രജിസ്ട്രേഷൻ ഫീസ് 500/- രൂപ
- മത്സരങ്ങൾ ബെസ്റ്റ് ഓഫ് ത്രീ ആയിരിക്കും.

### മത്സര തീയതി, സ്ഥലം

തീയതി : ഏപ്രിൽ 22 ഞായർ
സ്ഥലം : സെന്റ് ജോസഫ്സ് ഹൈസ്കൂൾ ഗ്രൗണ്ട് പുല്ലൂരാംപാറ
സമയം : ഉച്ചകഴിഞ്ഞ് 5 മണി മുതൽ

⌘ സമ്മാനം: I$^{st}$ – 7500 രൂപയും ട്രോഫിയും, II$^{nd}$ – 5000 രൂപയും
⌘ രണ്ടു മത്സരങ്ങളിലും വൈദികർക്ക് പങ്കെടുക്കാവുന്നതാണ്.

**4. വൈദികർക്കുള്ള ഷട്ടിൽ ഡബിൾസ് മത്സരം**

രൂപതാദിനത്തോടനുബന്ധിച്ച് വൈദികർക്കുള്ള ഷട്ടിൽ ഡബിൾസ് മത്സരങ്ങൾ ഏപ്രിൽ 19 വ്യാഴം വൈകിട്ട് 5.30 ന് താമരശ്ശേരി അൽഫോൻസ സീനിയർ സെക്കണ്ടറി സ്കൂളിൽ വെച്ചു നടത്തപ്പെടുന്നു. പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ ഏപ്രിൽ 10 ന് മുമ്പ് രജിസ്റ്റർ ചെയ്യുക. എല്ലാ വൈദികരെയും മത്സരദിനത്തിലേക്ക് ക്ഷണിക്കുന്നു.

കായികമത്സരങ്ങളെക്കുറിച്ച് കൂടുതൽ അറിയുവാൻ താൽപ്പര്യമുള്ളവർ എപ്പാർക്കിയൽ സ്പോർട്സ് അക്കാദമിയുമായി ബന്ധപ്പെടേണ്ടതാണ്.

**ഫാ. ജോസഫ് മുകളേപറമ്പിൽ 9447544184**
**ഫാ. ജേക്കബ് പുത്തൻപുരയ്ക്കൽ 9745167726**

സോൺ - കോർഡിനേറ്റേഴ്സ്:

കൂരാച്ചുണ്ട് - ഫാ. ജോസഫ് ആലപ്പാട്ടുകോട്ടയിൽ - 8547880560
തിരുവമ്പാടി - ഫാ. മാത്യു കോട്ടയ്ക്കൽ - 9645662436
കരുവാരകുണ്ട് - ഫാ. ജോസഫ് കളത്തിൽ - 9495479045

രൂപതാദിനാഘോഷങ്ങളുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾ യഥാസമയം ഇടവകകളെ അറിയിക്കുന്നതായിരിക്കും.

രൂപതാദിന കോർഡിനേറ്റേഴ്സ്

**ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ**, സെക്രട്ടറി, വൈദികസമിതി
**ഫാ. ചാക്കോ ഇല്ലിപ്പറമ്പിൽ സി.എം.ഐ.**, വികാരി, ദേവഗിരി
**പ്രൊഫ. ചാക്കോ കാളംപറമ്പിൽ**, സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ

# വൈദിക സമിതി സമ്മേളന റിപ്പോർട്ട്

പത്താമത് വൈദിക സമിതിയുടെ മൂന്നാമത് സമ്മേളനം 2018 ഫെബ്രുവരി 20-ാം തീയതി താമരശ്ശേരി രൂപതാഭവനിലെ കോൺഫറൻസ് ഹാളിൽ വെച്ച് നടത്തപ്പെട്ടു. ബഹു. ജേക്കബ് അരീത്തറയച്ചൻ നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് വൈദിക സമിതിയംഗങ്ങളെ സ്വാഗതം ചെയ്തു. സന്തോഷമുള്ള ഒരു വൈദികകൂട്ടായ്മ രൂപപ്പെടുത്തുന്നതിൽ വൈദിക സമിതിയംഗങ്ങൾ വഹിക്കുന്ന പങ്കിനെക്കുറിച്ച് പിതാവ് പ്രതിപാദിക്കുകയും ഫലപ്രദമായ അജപാലനശുശ്രൂഷാനിർവ്വഹണത്തിൽ വൈദിക സമിതിയുടെ പ്രാധാന്യം എടുത്തുപറയുകയും ചെയ്തു. ബഹു. ചെറിയാൻ പൊങ്ങൻപാറയിലച്ചന്റെ അഭാവത്തിൽ വൈദിക സമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗമായി കടന്നുവന്ന ബഹു. ജേക്കബ് പുത്തൻപുരയ്ക്കലച്ചന് അഭിവന്ദ്യ പിതാവ് പ്രത്യേക സ്വാഗതം ആശംസിച്ചു. തുടർന്ന് വൈദിക സമിതി സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിക്കുകയും യോഗം അത് പാസാക്കുകയും ചെയ്തു.

റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചയും വിശദീകരണവുമാണ് പിന്നീട് നടന്നത്. ആശാകിരണം പദ്ധതിയുടെ ഭാഗമായി ഇടവകാടിസ്ഥാനത്തിൽ ക്യാൻസർ രോഗികളുടെ ലിസ്റ്റ് എടുത്തുവരുന്നു. ഈ പദ്ധതിയിൽ നിന്ന് സഹായം അർഹിക്കുന്ന ക്യാൻസർ രോഗികൾക്ക് ചികിത്സാസഹായം നൽകി തുടങ്ങിയിരിക്കുന്നു. സഹായം ലഭിക്കേണ്ടതിന് നിർദ്ദിഷ്ടഫോറത്തിൽ അപേക്ഷ സമർപ്പിക്കണം. മരിയൻ തീർത്ഥാടനകേന്ദ്രമായ കോടഞ്ചേരി പള്ളിയിൽ എല്ലാ ബുധനാഴ്ചകളിലും പ്രത്യേക ശുശ്രൂഷകൾ നടക്കുന്നു. ഇടവകയിൽ പുതുതായി നിർമ്മിച്ച നിത്യാരാധന ചാപ്പലിൽ വി. കുർബാനയുടെ ആരാധന നടക്കുന്നു. പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ടിന്റെ  ഉദ്ഘാടനം കഴിഞ്ഞു. പഠനപദ്ധതികൾ ഉടൻ ആരംഭിക്കുന്നതാണ്. പാരിഷ് സെക്രട്ടറിമാർക്കുള്ള പരിശീലനപരിപാടി ഏപ്രിൽ മാസത്തിൽ നടക്കുന്നതാണ്. എല്ലാ ഇടവകകളിലും പാരിഷ് സെക്രട്ടറിമാർ ഉണ്ടായിരിക്കണം. മൊബൈൽ ക്ലിനിക് വിലങ്ങാട് മുതൽ വെറ്റിലപ്പാറ വരെ ഒരു റൗണ്ട് പര്യടനം പൂർത്തിയാക്കി രണ്ടാം റൗണ്ട് ആരംഭിച്ചിരിക്കുന്നു. കത്തോലിക്കാ കോൺഗ്രസ്സിന്റെ ശതാബ്ദിയാഘോഷങ്ങൾ 2018 മെയ് 13-ാം തീയതി തൃശ്ശൂരിൽ നടത്തപ്പെടുന്നു. രൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി 3000 ആളുകളാണ് ഈ സമ്മേളനത്തിൽ പങ്കെടുക്കേണ്ടത്. ഈ വിശദീകരണങ്ങളെ തുടർന്ന് അജണ്ടയിലെ വിഷയങ്ങൾ ചർച്ചയ്ക്കെടുത്തു.

**1. കെ.സി.ബി.സി. യുവജന വർഷം:** കേരള കത്തോലിക്കാ മെത്രാൻ സമിതി പ്രഖ്യാപിച്ച യുവജന വർഷത്തിൽ താമരശ്ശേരി രൂപതയിൽ നടപ്പിലാക്കുന്ന കർമ്മപദ്ധതികൾ കെ.സി.വൈ.എം. രൂപതാ ഡയറക്ടർ ബഹു. തോമസ് കളരിക്കലച്ചൻ അവതരിപ്പിച്ചു. കെ.സി.വൈ.എം. അംഗങ്ങളെ മാത്രമല്ല രൂപതയിലെ യുവജനങ്ങളെ മുഴുവൻ പങ്കെടുപ്പിച്ചുകൊണ്ടുള്ള പ്രോഗ്രാമുകൾ പ്ലാൻ ചെയ്തിരിക്കുന്നു. രൂപതാതലത്തിൽ ഒരു യുവജനസമ്മേളനം നടത്തുന്നത് ഉചിതമാണെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. അവിവാഹിതരായ യുവജനങ്ങളുടെ വിവരശേഖരണം നടന്നുകൊണ്ടിരിക്കുന്നു. സ്കൂളുകൾ കേന്ദ്രീകരിച്ച് ഫലപ്രദമായ രീതിയിൽ മൂല്യബോധം പകർന്നു കൊടുക്കുന്ന പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. യുവജന വർഷത്തിലെ കുളത്തുവയൽ തീർത്ഥാടനത്തിൽ യുവജനങ്ങളുടെ വലിയ പങ്കാളിത്തം ഉറപ്പുവരുത്തണമെന്നും അംഗങ്ങൾ അഭിപ്രായപ്പെട്ടു.

**2. വേനപ്പാറയിൽ മാനസിക ആരോഗ്യകേന്ദ്രം:** വേനപ്പാറയിലെ ബോയ്സ് ഹോം പ്രവർത്തിച്ചിരുന്ന കെട്ടിടത്തിൽ ഒരു മാനസികാരോഗ്യ കേന്ദ്രം തുടങ്ങുവാനുള്ള സാധ്യതകളെക്കുറിച്ച് മനോമയ കൗൺസിലിംഗ് സെന്റർ ഡയറക്ടർ ബഹു. വിൽസൻ മുട്ടത്തുകുന്നേലച്ചൻ വിഷയാവതരണം നടത്തി. നിലവിലുള്ള കെട്ടിടം ആവശ്യമായ മാറ്റങ്ങൾ വരുത്തി ആശുപത്രിയായി ഉപയോഗിക്കാവുന്നതാണ്. ഈ സ്ഥലത്തിന്റെ പ്രത്യേകതയും ഇതരസൗകര്യങ്ങളും ഒരു മാനസികാരോഗ്യ കേന്ദ്രത്തിന് ഉചിതമാണെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ വൈദിക സമിതി ആവശ്യമായ ചർച്ചകൾക്കുശേഷം ഈ നിർദ്ദേശം അംഗീകരിച്ചു. ഇക്കാര്യത്തിൽ താൽപ്പര്യമുള്ള മറ്റുള്ളവരെ കൂടി പങ്കെടുപ്പിച്ചുകൊണ്ടും സാമ്പത്തിക ബാധ്യതകൾ വരുത്താതെയും ഈ പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

**3. വെള്ളിമാടുകുന്നിൽ കൗൺസിലിംഗ് സെന്റർ:** കോഴിക്കോട് വെള്ളിമാടുകുന്നിൽ പ്രവർത്തിക്കുന്ന ഹോമേജ് ട്രസ്റ്റിനു കീഴിലുള്ള കരുണാഭവന് സമീപം ലഭ്യമായ സ്ഥലത്ത് ഒരു കൗൺസിലിംഗ് ആന്റ് ട്രെയിനിംഗ് സെന്റർ നിർമ്മിക്കു

ന്നതിനുള്ള പദ്ധതിയുടെ കരട് രൂപം ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ബഹു. കുര്യൻ പുരമഠത്തിലച്ചൻ അവതരിപ്പിച്ചു. നിലവിൽ പി.എം.ഒ.സി.യിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കൗൺസിലിംഗ് സെന്ററിന്റെ വിപുലമായ പ്രവർത്തനങ്ങൾക്ക് പുതിയ ഒരു കെട്ടിടം ആവശ്യമാണെന്ന നിർദ്ദേശം വൈദിക സമിതി യംഗങ്ങൾ അംഗീകരിച്ചു. മാനസികാരോഗ്യവും കൗൺസിലിങ്ങുമായി ബന്ധപ്പെട്ട് പരിശീലനം നേടിയ രൂപതയിലെ എല്ലാ വൈദികരുടെയും കൂട്ടായ സഹകരണത്തോടെയായിരിക്കും ഈ സെന്റർ പ്രവർത്തിക്കുന്നത്.

**4. പാലൂർകോട്ട സ്വതന്ത്രകുരിശുപള്ളി ഇടവക പദവിയിലേക്ക്:** മാലാപറമ്പ് ഇടവകയിൽ നിന്ന് പിരിഞ്ഞ് സ്വതന്ത്രകുരിശുപള്ളിയായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പാലൂർകോട്ടയെ സഭാനിയമപ്രകാരം ഒരു പൂർണ്ണ ഇടവകയാക്കി ഉയർത്തണമെന്ന പൊതുയോഗ അഭ്യർത്ഥനയും ഇടവക രൂപീകരണത്തിനു വേണ്ടി ഇടവകാംഗങ്ങൾ നൽകിയ വലിയ സഹകരണവും വൈദിക സമിതിയിൽ അവതരിപ്പിക്കപ്പെട്ടു. ആവശ്യമായ ചർച്ചകൾക്കുശേഷം പാലൂർകോട്ട സ്വതന്ത്രകുരിശുപള്ളിയെ കാനോനിക നടപടിക്രമങ്ങൾ പൂർത്തിയാക്കിയശേഷം ഒരു പൂർണ്ണ ഇടവകയാക്കി ഉയർത്താൻ അംഗങ്ങൾ രൂപതാദ്ധ്യക്ഷനോട് ശുപാർശ ചെയ്തു.

**5. വൈദിക വിദ്യാർത്ഥികളുടെ ഡിഗ്രി പഠനപദ്ധതി:** വൈദിക വിദ്യാർത്ഥികളുടെ പരിശീലനപരിപാടിയിൽ ഏതാനും വർഷങ്ങൾക്ക് മുമ്പ് നടപ്പിലാക്കിയ ഡിഗ്രി പഠനപദ്ധതി നിറുത്തലാക്കാനുള്ള സീറോ മലബാർ സഭയുടെ മെത്രാൻ സിനഡിന്റെ തീരുമാനം രൂപതാദ്ധ്യക്ഷൻ വൈദിക സമിതിയെ അറിയിച്ചു. സിനഡിന്റെ തീരുമാനമനുസരിച്ച് മൈനർ സെമിനാരി പഠനത്തിനുശേഷം വൈദിക വിദ്യാർത്ഥികളെ തത്വശാസ്ത്ര പഠനത്തിന് അയയ്ക്കുവാൻ ധാരണയായതായി അഭിവന്ദ്യ പിതാവ് അറിയിച്ചു. അതേസമയം രൂപതയുടെ ആവശ്യങ്ങളും വൈദികവിദ്യാർത്ഥികളുടെ പശ്ചാത്തലവും കണക്കിലെടുത്ത് ആവശ്യമെങ്കിൽ രൂപത നിശ്ചയിക്കുന്ന വിഷയങ്ങളിൽ ഡിഗ്രി പഠനം നടത്തിയതിനുശേഷം മേജർ സെമിനാരിയ്ക്ക് അയയ്ക്കുന്ന സംവിധാനം തുടരുന്നതാണ്. പ്ലസ്ടു കഴിഞ്ഞ് മൈനർ സെമിനാരിയിൽ പ്രവേശിക്കുന്ന വൈദിക വിദ്യാർത്ഥികൾക്ക് ആവശ്യമായ അടിസ്ഥാന പരിശീലനം മൈനർ സെമിനാരിയിൽ നൽകിയതിനുശേഷമായിരിക്കണം മേജർ സെമിനാരിയിലേക്ക് പ്രൊമോട്ട് ചെയ്യേണ്ടതെന്നും അഭിപ്രായമുയർന്നു.

**6. രൂപതാദിനം 2018:** 2018 ലെ രൂപതാദിനം പാറോപ്പടി ഫൊറോനയിലെ സൗകര്യപ്രദമായ ഇടവകയിൽ നടത്തുന്നതിന് യോഗം തീരുമാനിച്ചു. ഫൊറോന വികാരി ബഹു. ജോസ് ഓലിയക്കാട്ടിലച്ചനെ ഇക്കാര്യം ചുമതലപ്പെടുത്തുകയുണ്ടായി. വിവിധ ഗ്രൂപ്പുകൾക്കുള്ള പ്രതിനിധി സമ്മേളനങ്ങളും കൃതജ്ഞതാബലിയും പൊതുസമ്മേളനവും രൂപതാദിനത്തോടനുബന്ധിച്ച് നടത്തുവാൻ തീരുമാനിച്ചു.

**7. നോമ്പുകാലത്തെ പ്രാർത്ഥനാദിനങ്ങൾ:** മാർപ്പാപ്പയുടെ ആഹ്വാനപ്രകാരം ലോകസമാധാനത്തിനുവേണ്ടി ഫെബ്രുവരി 23-ാം തീയതി എല്ലാ ഇടവകകളിലും പ്രത്യേക പ്രാർത്ഥനകൾ നടത്തുന്നതിന് തീരുമാനിച്ചു. പരി. കുർബാനയുടെ ആരാധനയ്ക്കും കുമ്പസാരത്തിനും പ്രാധാന്യം നൽകികൊണ്ട് 24 മണിക്കൂർ കർത്താവിനോടുകൂടെ ആയിരിക്കുന്നതിന് മാർച്ച് 9 വെള്ളിയാഴ്ച എല്ലാ ഫൊറോനകളിലുമുള്ള ഓരോ ദൈവാലയത്തിൽ 24 മണിക്കൂർ ആരാധന നടത്താനും

കുമ്പസാരിക്കുന്നതിനുള്ള സൗകര്യം ക്രമീകരിക്കാനും തീരുമാനിച്ചു.

**8. മൂന്നാമത് കുളത്തുവയൽ തീർത്ഥാടനം:** താമരശ്ശേരി കത്തീഡ്രലിൽ നിന്ന് 30 കിലോമീറ്റർ കാൽനടയായി കുളത്തുവയൽ കുടിയേറ്റ തീർത്ഥാടനകേന്ദ്രത്തിലേക്ക് നടത്തുന്ന മൂന്നാമത് കുളത്തുവയൽ തീർത്ഥാടനം ഈ വർഷവും 40-ാം വെള്ളിയാഴ്ച ഭംഗിയായി നടത്തുവാൻ യോഗം തീരുമാനിച്ചു. എല്ലാ ഇടവകകളിൽ നിന്നും പ്രത്യേകിച്ച് കോടഞ്ചേരി, തിരുവമ്പാടി ഫൊറോനകളിൽ നിന്നും വർദ്ധിച്ച പങ്കാളിത്തമുണ്ടാകണമെന്ന് യോഗം അഭിപ്രായപ്പെട്ടു. കഴിഞ്ഞ രണ്ടുവർഷങ്ങളിൽ ഈ തീർത്ഥാടനത്തിന് ലഭിച്ച പിൻതുണയും ജനപങ്കാളിത്തവും കണക്കിലെടുത്ത് ഇതിന്റെ വിജയത്തിനുവേണ്ടി പ്രവർത്തിക്കണമെന്ന് യോഗം അഭിപ്രായപ്പെട്ടു.

**9. പൊതു നിർദ്ദേശങ്ങൾ:** തുടർന്ന് നടന്ന പൊതുചർച്ചയിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉയർന്നുവന്നു. I) ഷംസാബാദ് രൂപതയിലെ ഒരു പ്രദേശത്തിന്റെ അജപാലനശുശ്രൂഷ തലശ്ശേരി, താമരശ്ശേരി, മാനന്തവാടി രൂപതകൾ സംയുക്തമായി ഏറ്റെടുക്കാനുള്ള നിർദ്ദേശത്തെ വൈദിക സമിതിയംഗങ്ങൾ സ്വാഗതം ചെയ്തു. II) കർഷകരുടെ കൃഷിഭൂമിയിൽ വനംവകുപ്പ് ഏകപക്ഷീയമായി ജണ്ട കെട്ടുകയും കർഷകരുടെ ജീവിതത്തിന് തടസ്സം നിൽക്കുകയും ചെയ്യുന്ന സാഹചര്യത്തെ വൈദികസമിതി വിശകലനം ചെയ്യുകയും പ്രമേയത്തിലൂടെ ശക്തമായി അപലപിക്കുകയും ചെയ്തു. നിയമ വഴികളിലൂടെയും അനുവദനീയമായ സമരമാർഗ്ഗങ്ങളിലൂടെയും കർഷകരോടൊപ്പം നിൽക്കാനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കാനും യോഗം തീരുമാനിച്ചു. III) കോടഞ്ചേരിയിൽ ഒരു ഗർഭസ്ഥശിശു അയൽവാസിയുടെ ആക്രമണത്താൽ മരിക്കാനിടയായ സംഭവം യോഗം വിശകലനം ചെയ്തു. കുഞ്ഞിനെ നഷ്ടപ്പെട്ട കുടുംബത്തിന്റെ വേദനയിൽ യോഗം പങ്കുചേരുകയും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കർശന നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. IV) വിവാഹജീവിതത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന ദമ്പതികളുടെ കൂട്ടായ്മ എല്ലാ വർഷവും ബഥാനിയായിൽ വിളിച്ചുചേർക്കുകയും അവർക്ക് ആവശ്യമായ പിൻതുണ നൽകുകയും ചെയ്യണമെന്ന നിർദ്ദേശമുണ്ടായി. V) നാലാമത്തെ കുഞ്ഞിന് നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്കൂൾ ഫീസും അഡ്മിഷൻ ഫീസും ഉപാധികളില്ലാതെ സൗജന്യമായി നൽകേണ്ടതാണ്.

വൈദിക സമിതി സെക്രട്ടറി എല്ലാവർക്കും നന്ദി പറഞ്ഞു. പ്രാർത്ഥനയോടെ യോഗം സമാപിച്ചു.

**ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ**
സെക്രട്ടറി, വൈദിക സമിതി

# സെമിനാരി വാർത്തകൾ

## മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി മെമ്മോറിയൽ പ്രസംഗ മത്സരം

തലശ്ശേരി അതിരൂപത മൈനർ സെമിനാരിയിൽ വച്ച് നടത്തപ്പെട്ട മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി മെമ്മോറിയൽ പ്രസംഗമത്സരത്തിൽ താമരശ്ശേരി രൂപതാ മൈനർ സെമിനാരി ഒന്നാം വർഷ വൈദിക വിദ്യാർത്ഥി ബ്ര. സാമുവൽ വടക്കൻ ഒന്നാം സ്ഥാനം കരസ്ഥമാക്കി. വിവിധ സെമിനാരി കളിൽ നിന്നായി 12 സെമിനാരി വിദ്യാർത്ഥികളാണ് മത്സരത്തിൽ പങ്കെടു ത്തത്. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി- മൂല്യസംരക്ഷകൻ എന്നതായി രുന്നു പ്രസംഗ വിഷയം. തേഞ്ഞിപ്പാലം ഇടവകാംഗമായ ബ്ര. സാമുവൽ വടക്കന് സെമിനാരി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

## എൻട്രൻസ് പരീക്ഷ

മേജർ സെമിനാരിയിലേക്ക് ഫിലോസഫി പഠനത്തിനു വേണ്ടിയുള്ള എൻട്രൻസ് പരീക്ഷ ഫെബ്രുവരി 10-ാം തീയതി മൈനർ സെമിനാരിയിൽ വച്ചു നടന്നു. അവസാന വർഷ ഡിഗ്രി വിദ്യാർത്ഥികളും 3-ാം ർഷ മൈനർ സെമിനാരിക്കാരും പ്ലസ്ടു പഠനം പൂർത്തിയാക്കിയ ശേഷം മൈനർ സെമിനാരിയിൽ പരിശീലനം നേടികൊണ്ടിരിക്കുന്നവരുമായ 23 പേരാണ് പരീക്ഷ എഴുതിയത്. ഈ വർഷം മുതൽ മേജർ സെമിനാരി പ്രവേശനത്തിന് ഡിഗ്രിപഠനം ആവശ്യമില്ല എന്ന് സീറോ മലബാർ ബിഷപ്സ് സിനഡ് തീരുമാനിച്ചതുകൊണ്ടാണ് മൈനർ സെമിനാരിക്കാർകൂടി ഈ വർഷത്തെ എൻട്രൻസ് പരീക്ഷയെഴുതിയത്.

## മ്ശംശാന, ഹെവുപ്പ്ദ്യാക്കോന, കാറോയ പട്ടങ്ങൾ

താമരശ്ശേരി രൂപതയ്ക്കുവേണ്ടി വിവിധ സെമിനാരികളിൽ പരിശീലനം നേടിക്കൊണ്ടിരിക്കുന്ന ദൈവശാസ്ത്ര വൈദിക വിദ്യാർത്ഥികൾ മ്ശംശാന, ഹെവുപ്പ്ദ്യാക്കോന, കാറോയ പട്ടങ്ങൾ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിൽനിന്ന് സ്വീകരിക്കുകയാണ്. മാർച്ച് 24 ശനിയാഴ്ച രാവിലെ 8 മണിക്ക് താമരശ്ശേരി മേരി മാതാ കത്തീഡ്രലിൽ വച്ചാണ് ശുശ്രൂ ഷകൾ. എല്ലാ ദൈവശാസ്ത്ര വൈദിക വിദ്യാർത്ഥികൾക്കും പ്രാർത്ഥനാ ശംസകൾ.

## അവധിക്കാല സേവനങ്ങൾ

നമ്മുടെ രൂപതയ്ക്കുവേണ്ടി വിവിധ മേജർ സെമിനാരികളിൽ പഠിക്കുന്ന വൈദിക വിദ്യാർത്ഥികളുടെ സേവനങ്ങൾ അവധിക്കാലത്ത് മെയ് മാസത്തിൽ ലഭ്യമാണ്. കുട്ടികൾക്ക് ധ്യാനങ്ങൾ, ക്ലാസ്സുകൾ, സെമിനാറുകൾ, ക്യാമ്പുകൾ എന്നിവ നടത്തുന്നതിന് വൈദിക വിദ്യാർത്ഥികളുടെ സേവനം ആവശ്യമുള്ളവർ നേരത്തെ അറിയിക്കുമല്ലോ.

**ഫാ. അബ്രാഹം കൊച്ചീലാത്ത്**
റെക്ടർ, അൽഫോൻസ സെമിനാരി

# വൊക്കേഷൻബ്യൂറോ

## ദൈവവിളി ക്യാമ്പുകൾ

**തീയതി : 2018 ഏപ്രിൽ 2,3,4 (തിങ്കൾ, ചൊവ്വ, ബുധൻ)**

**ആൺകുട്ടികൾക്ക് :** ബഥാനിയ ധ്യാനകേന്ദ്രം, പുല്ലൂരാംപാറ

**പെൺകുട്ടികൾക്ക് :** പി.എം.ഒ.സി. മേരിക്കുന്ന്, കോഴിക്കോട്

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- ക്യാമ്പിന് വരുന്നവർ ബൈബിൾ, നോട്ട്ബുക്ക്, പേന, ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ മുതലായവ കൊണ്ടുവരേണ്ടതാണ്.
- ക്യാമ്പിൽ സംബന്ധിക്കുന്നവർ ബഹു. വികാരിയച്ചന്റെ കത്ത് നിർബന്ധ മായും കൊണ്ടുവരണം.
- ക്യാമ്പ് ഫീസ് 500/- രൂപയായിരിക്കും. ഫീസിൽ ഇളവ് ആഗ്രഹിക്കു ന്നവർ ഇക്കാര്യം സൂചിപ്പിക്കുന്ന വികാരിയച്ചന്റെ കത്ത് കൊണ്ടുവരേണ്ടതാണ്.
- മറ്റ് രൂപതകളിലോ, സന്യാസസമൂഹങ്ങളിലോ ചേരുവാൻ ആഗ്രഹിക്കു ന്നവർ നിർബന്ധമായും രൂപതാ ദൈവവിളി ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്.
- വൊക്കേഷൻ പ്രൊമോട്ടേഴ്സിന് കുട്ടികളെ സന്ദർശിക്കുവാനുള്ള സമയം ക്യാമ്പിന്റെ സമാപന ദിവസമായ 4-ാം തീയതി രാവിലെ 9 മണി മുതൽ 10.30 വരെയായിരിക്കും.

ക്യാമ്പുകൾ ഏപ്രിൽ 2-ാം തീയതി തിങ്കളാഴ്ച രാവിലെ 10 മണിക്ക് ആരംഭിച്ച് 4-ാം തീയതി ഉച്ചക്ക് 1 മണിക്ക് അവസാനിക്കും.

**ഫാ. ജേക്കബ് അരീത്തറ**
ഡയറക്ടർ, വൊക്കേഷൻ ബ്യൂറോ

# മതബോധനം

വിശ്വാസ പരിശീലന കാര്യാലയത്തിൽ നിന്നും സ്നേഹാന്വേഷണങ്ങൾ!

മാർച്ച് മാസം പരീക്ഷകളുടെ കാലഘട്ടമാണ്. എല്ലാവരും പഠനതിര ക്കിലാണ്. പരീക്ഷയുടെ ലക്ഷ്യം നമ്മുടെ അറിവിന്റെയും ഓർമശക്തിയുടെ യും മാറ്റുരച്ചു നോക്കുക എന്നുള്ളതാണ്. നമ്മുടെ കഴിവും ഓർമശക്തിയും അഭിരുചിയും കണ്ടെത്തി കഴിവിനൊത്ത ജീവിതാന്തസ്സിലേക്ക് കൈപിടിച്ച് ഉയർത്താനാണ് പരീക്ഷകൾ നടത്തപ്പെടുന്നത്. വ്യക്തമായ ലക്ഷ്യബോധ

ത്തോടും തീവ്രമായ താൽപര്യത്തോടും ശക്തമായ ആത്മവിശ്വാസത്തോടും സ്ഥിരോത്സാഹത്തോടെയും അതിലെല്ലാം ഉപരിയായി പ്രാർത്ഥനയോടും കൂടി നാം പരീക്ഷക്കായി തയ്യാറെടുക്കണം. ഈ തയ്യാറെടുപ്പിൽ നമ്മെ സഹായിക്കുന്നത് പരിശുദ്ധാത്മാവാണ്. ഈ സഹായകനോട് ചേർന്ന് നിന്ന് പരീക്ഷാ ദിനങ്ങളെ ധൈര്യപൂർവ്വം അഭിമുഖീകരിക്കാം. എല്ലാവർക്കും വിജയാശംസകൾ നേരുന്നു.

സുകൃതങ്ങൾ വിടർന്നു പുഷ്പിക്കുന്ന അനുതാപത്തിന്റെ നോമ്പുകാ ലത്ത് നീതിമാനായ വി. യൗസേപ്പിന്റെ തിരുനാൾ ആഘോഷിച്ചുകൊണ്ട് വിശുദ്ധവാരത്തിലേക്ക് നാം അടുക്കുകയാണ്. ഓശാന ഞായറിന്റെ ആഹ്ലാദ ഗീതങ്ങളും പങ്കുവയ്ക്കലിന്റെയും മുറിക്കപ്പെടലിന്റെയും ഓർമ്മ പുതുക്കുന്ന പെസഹാ വ്യാഴവും ദുഃഖവെള്ളിയും കടന്ന് ഉത്സവങ്ങളുടെ ഉത്സവമായ ഈസ്റ്ററിന് നാം ഒരുങ്ങുകയാണ്. ഓർമ്മക്കായി തന്നെത്തന്നെ മുറിച്ചു നൽകിയവന്റെ ഓർമകൾ നമ്മെ തേടിയെത്തുന്നു. വലിയ ആഴ്ചയിലെ തിരുക്കർമ്മങ്ങൾക്കായി നമുക്കൊരുങ്ങാം.

### പ്രതിഭാസംഗമം 7-ാം ക്ലാസ്

ഏഴാം ക്ലാസിൽ പഠിക്കുന്ന കുട്ടികളുടെ രൂപതാതല പ്രതിഭാസംഗമം ഫെബ്രുവരി 12, 13 തീയതികളിൽ പി.എം.ഒ.സി യിൽ വച്ച് നടന്നു. പി.എം. ഒ.സി ഡയറക്ടർ ഫാ. ജോർജ് കളപ്പുരക്കൽ ഉദ്ഘാടനം ചെയ്ത സമ്മേള നത്തിൽ മതബോധന ഡയറക്ടർ അധ്യക്ഷനായിരുന്നു. രൂപതയിലെ എല്ലാ ഫൊറോനകളിൽ നിന്നുമായി തിരഞ്ഞെടുക്കപ്പെട്ട 49 കുട്ടികൾ സംഗമത്തിൽ പങ്കെടുത്തു. സമാപന സമ്മേളനത്തിൽ മുഖ്യാതിഥിയായിരുന്ന മോൺ. മാത്യു മാവേലി വിജയികളായ പ്രതിഭകൾക്ക് മെമന്റോയും സർട്ടിഫിക്കറ്റും വിതരണം ചെയ്തു. മതബോധന ഡയറക്ടറെക്കൂടാതെ ജേക്കബ് കോച്ചേരി, ഹരിത കിഴക്കേടത്ത് പുത്തൻപുരയിൽ എന്നിവർ സംഗമത്തിനു നേതൃത്വം നൽകി.

2018 മെയ് 23, 24, 25 തിയ്യതികളിൽ കാക്കനാട് സീറോ മലബാർ സഭാകാര്യാലയത്തിൽ നടക്കുന്ന പ്രതിഭാസംഗമത്തിലേക്ക് തിരഞ്ഞെടു ക്കപ്പെട്ട പ്രതിഭകൾ

1 ക്രിസ്റ്റോ ബിജു അരീത്തറ (കണ്ണോത്ത്)
2 ജോ ഷിബു കല്ലടയിൽ (കുളത്തുവയൽ)
3 ഡെയോൺ സണ്ണി വാണിയപ്പുരക്കൽ (വെറ്റിലപ്പാറ)
4 സാന്ദ്ര സെബാസ്റ്റ്യൻ ആടുതാഴ (വിലങ്ങാട്)
5 അന്ന മരിയ ജോയ് മേലേട്ട് (കുളിരാമുട്ടി)
6 ആൻ മരിയ ബിജു നെടുംപുറത്ത് (കരുവാരകുണ്ട്)

### HCC I & HCC II പരീക്ഷാഫലം

2018 ജനുവരി 26 ന് നടന്ന HCC I & HCC II പരീക്ഷയുടെ ഫലം ഫെബ്രുവരി

10 ശനിയാഴ്ച പ്രസിദ്ധീകരിച്ചു. 1877 കുട്ടികൾ രജിസ്റ്റർ ചെയ്ത HCC I ൽ 88.97% വിജയിച്ചു. HCC II ൽ 1850 കുട്ടികൾ രജിസ്റ്റർ ചെയ്യുകയും 80.97% വിജയിക്കുകയും ചെയ്തു.

രൂപതാതല സമ്മാനത്തിന് അർഹരായവർ

### HCC I

I<sup>st</sup> ജിയ ജോർജ് കടക്കുഴ - പന്തല്ലൂർ
II<sup>nd</sup> നീതു മാത്യു ആടുകുഴയിൽ - ചുണ്ടത്തുംപൊയിൽ
III<sup>rd</sup> ആൽഡിയ വിൽസൻ പാറപ്പുറത്ത് - കൂടരഞ്ഞി

### HCC II

I<sup>st</sup> സ്നേഹ കെ. എസ് കൊല്ലംപറമ്പിൽ - കൂമംകുളം
II<sup>nd</sup> ലിയ ബിനോ കാഞ്ഞിരത്തിങ്കൽ - കൂടരഞ്ഞി
III<sup>rd</sup> റൊസീന ബെന്നി ഓലിയക്കാട്ടിൽ - പാറോപ്പടി

### 26.01.2018 ൽ നടന്ന HCC I & HCC II പരീക്ഷയിൽ 100% വിജയം നേടിയ സൺഡേ സ്കൂളുകൾ

**കൂരാച്ചുണ്ട് മേഖല**

1 കക്കയം 2 കരികണ്ടൻപാറ 3 പാത്തിപ്പാറ

**മലപ്പുറം മേഖല**

1 കൂമംകുളം 2 കൊണ്ടോട്ടി

**തിരുവമ്പാടി മേഖല**

1 കല്ലുരുട്ടി 2 കരിമ്പ് 3 കുളിരാമുട്ടി

**പാറോപ്പടി മേഖല**

1 കടലുണ്ടി 2 മാവൂർ

**പെരിന്തൽമണ്ണ മേഖല**

1 മങ്കട 2 നെന്മേനി 3 വെട്ടത്തൂർ

**തോട്ടുമുക്കം മേഖല**

1 ചുണ്ടത്തുംപൊയിൽ 2 പീടികപ്പാറ 3 കോനൂർക്കണ്ടി
4 പനംപ്ലാവ് 5 വെണ്ടേക്കുംപൊയിൽ

**തമാരശ്ശേരി മേഖല**

1 ഈങ്ങാപ്പുഴ 2 തലയാട് 3 കൂമുള്ളി

**മരുതോങ്കര മേഖല**

1 കരിങ്ങാട്

### 8-ാം ക്ലാസ് സംഗമം

രൂപതാ മതബോധന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ 8-ാം ക്ലാസ്സിലെ കുട്ടികൾക്കുവേണ്ടി ഫെബ്രുവരി 18-ാം തീയതി കോടഞ്ചേരി മേഖലയിൽ

നടത്തിയ "ലൈംഗിക വിദ്യാഭ്യാസ" ക്ലാസ്സിൽ 302 കുട്ടികൾ സംബന്ധിച്ചു. ഡോ. അബ്രാഹം ജേക്കബ് ക്ലാസ് നയിച്ചു. നേതൃത്വം നൽകിയ മേഖലാ ഭാരവാഹികൾക്ക് പ്രത്യേകം നന്ദി.

### DCT നാലാം സെമസ്റ്റർ കോൺടാക്റ്റ് ക്ലാസ്

2018 ഫെബ്രുവരി 13, 24 തിയ്യതികളിൽ താമരശ്ശേരി, കോടഞ്ചേരി, തിരുവമ്പാടി, മലപ്പുറം, പെരിന്തൽമണ്ണ, കരുവാരകുണ്ട്, തോട്ടുമുക്കം, കൂരാച്ചുണ്ട് മേഖലകളിൽ DCT നാലാം സെമസ്റ്റർ കോൺടാക്റ്റ് ക്ലാസുകൾ നടന്നു.

### ഡയറക്ടറച്ചന്റെ സന്ദർശനം

കരികണ്ടൻപാറ, ചിപ്പിലിത്തോട്, മരഞ്ചാട്ടി, മഞ്ഞക്കടവ് ഇടവകകളിൽ ഡയറക്ടറച്ചൻ സന്ദർശനം നടത്തുകയും മതബോധന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

### DCT Supplementary Examination

2016 ലെ രജിസ്ട്രേഷനിൽ 1, 2, 3 സെമസ്റ്ററിലെ ഏതെങ്കിലും പരീക്ഷകൾ ഇനിയും എഴുതാനുള്ളവർക്ക് മാർച്ച് 4ന് അതാത് ഇടവകകളിൽ വച്ച് പരീക്ഷ നടക്കുന്നതാണ്.

### വിശ്വാസോത്സവ അധ്യാപക പഠന ശിബിരം

വിശ്വാസോത്സവ അധ്യാപക പഠനശിബിരം മാർച്ച് 10ന് (ശനി) രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1.30 വരെ പി.എം.ഒ.സി. യിൽ വച്ചു നടക്കുന്നു. എല്ലാ ഇടവകകളിലേയും സൺഡേസ്കൂൾ സ്റ്റാഫ് സെക്രട്ടറി നിർബന്ധമായും ഈ സെമിനാറിൽ പങ്കെടുക്കേണ്ടതാണ്.

### വിശ്വാസോത്സവം 2018

ഈ വർഷത്തെ വിശ്വാസോത്സവം (ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള കുട്ടികൾക്ക്) ഏപ്രിൽ 2 (തിങ്കൾ) മുതൽ 5 (വ്യാഴം) വരെ തിയ്യതികളിൽ നടക്കുന്നു. ഓരോ ഇടവകയുടെയും സൗകര്യാർത്ഥം സമയക്രമീകരണം നടത്താം. എങ്കിലും വി. കുർബാന കൂടാതെ 4 മണിക്കൂർ സമയം വിശ്വാസോത്സവത്തിന് ഉണ്ടാവണം. രൂപതാ മതബോധന കമ്മറ്റി യുടെ (16.12.2017) തീരുമാനപ്രകാരം പതിനൊന്നാം ക്ലാസിനെ ഈ വർഷം വിശ്വാസോത്സവത്തിൽ പങ്കെടുപ്പിക്കേണ്ടതില്ല. എന്നാൽ അവരെ ഈ ദിവസങ്ങളിൽ സഹായത്തിന് ഉപയോഗപ്പെടുത്താവുന്നതാണ്. വിശ്വാസോ ത്സവ പുസ്തകത്തിന്റെ വില 26/- രൂപ. 4-ാം ക്ലാസിൽ വർക്ക് ബുക്ക് "ആദ്യകുർബാന സ്വീകരണം" എന്ന പഠന പുസ്തകമായിരിക്കും (വില 50/- രൂപ).

### 2017-2018 അധ്യയന വർഷത്തിൽ A+ ഗ്രേഡ് ലഭിച്ച സ്കൂളുകൾ

രൂപതയിലെ 122 സൺഡേ സ്കൂളുകളിൽ 107 സൺഡേ സ്കൂളുകൾ A+ ഗ്രേഡും 15 സ്കൂളുകൾ A ഗ്രേഡും കരസ്ഥമാക്കി. ഇടവകയിലെ മതബോധന

പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന വികാരിയച്ച ന്മാർക്കും മതാധ്യാപകർക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

**കരുവാരകുണ്ട് മേഖല**

| | | |
|---|---|---|
| 1 കാളികാവ് | 2 കൽക്കുണ്ട് | 3 പാതിരിക്കോട് |
| 4 വാണിയമ്പലം | | |

**കോടഞ്ചേരി മേഖല**

| | | |
|---|---|---|
| 1 ചെമ്പുകടവ് | 2 ഈരൂട് | 3 കണ്ണോത്ത് |
| 4 കോടഞ്ചേരി | 5 കൂരോട്ടുപാറ | 6 കുപ്പായക്കോട് |
| 7 മഞ്ഞുമല | 8 മഞ്ഞുവയൽ | 9 തെയ്യപ്പാറ |
| 10 വലിയകൊല്ലി | | |

**കൂരാച്ചുണ്ട് മേഖല**

| | | |
|---|---|---|
| 1 ചക്കിട്ടപ്പാറ | 2 കക്കയം | 3 കല്ലാനോട് |
| 4 കരികണ്ടൻപാറ | 5 കരിയാത്തുംപാറ | 6 കാറ്റുള്ളമല |
| 7 കൂരാച്ചുണ്ട് | 8 കുളത്തുവയൽ | 9 മുതുകാട് |
| 10 നരിനട | 11 പാത്തിപ്പാറ | 12 പേരാമ്പ്ര |
| 13 പെരുവണ്ണാമുഴി | | |

**മലപ്പുറം മേഖല**

| | | |
|---|---|---|
| 1 കൂമംകുളം | 2 കൊണ്ടോട്ടി | 3 കോട്ടക്കൽ |
| 4 മലപ്പുറം | 5 മഞ്ചേരി | 6 ഊരകം |
| 7 പന്തല്ലൂർ | 8 പയ്യനാട് | 9 തിരൂർ |

**മരുതോങ്കര മേഖല**

| | | |
|---|---|---|
| 1 ചാപ്പൻതോട്ടം | 2 ചാത്തൻകോട്ടുനട | 3 കരിങ്ങാട് |
| 4 കുണ്ടുതോട് | 5 മരുതോങ്കര | 6 പടത്തുകടവ് |
| 7 പശുക്കടവ് | 8 പൊയിലോംചാൽ | 9 പൂതംപാറ |
| 10 പൂഴിത്തോട് | | |

**പാറോപ്പടി മേഖല**

| | | |
|---|---|---|
| 1 അമലാപുരി | 2 അശോകപുരം | 3 ചേവായൂർ |
| 4 ദേവഗിരി | 5 ഈസ്റ്റ്ഹിൽ | 6 കടലുണ്ടി |
| 7 കുണ്ടായിത്തോട് | 8 കുന്ദമംഗലം | 9 മാങ്കാവ് |
| 10 മാവൂർ | 11 പാറോപ്പടി | 12 തേഞ്ഞിപ്പാലം |

**പെരിന്തൽമണ്ണ മേഖല**

| | | |
|---|---|---|
| 1 ചീരട്ടാമല | 2 മങ്കട | 3 മരിയാപുരം |
| 4 നെന്മേനി | 5 പെരിന്തൽമണ്ണ | 6 താഴേക്കോട് |
| 7 പാലൂർക്കോട്ട | | |

**താമരശ്ശേരി മേഖല**

| | | |
|---|---|---|
| 1 ബാലുശ്ശേരി | 2 ചമൽ | 3 ചിപ്പിലിത്തോട് |
| 4 ഈങ്ങാപ്പുഴ | 5 കാക്കവയൽ | 6 കട്ടിപ്പാറ |

| | | |
|---|---|---|
| 7 കൂടത്തായ് | 8 മൈലള്ളാംപാറ | 9 നൂറാംതോട് |
| 10 പുതുപ്പാടി | 11 തലയാട് | 12 താമരശ്ശേരി |
| 13 വള്ളിയാട് | 14 വയലിട | |

**തിരുവമ്പാടി മേഖല**

| | | |
|---|---|---|
| 1 ആനക്കാംപൊയിൽ | 2 കല്ലുരുട്ടി | 3 കരിമ്പ് |
| 4 കൂടരഞ്ഞി | 5 കുളിരാമുട്ടി | 6 മഞ്ഞക്കടവ് |
| 7 മുക്കം | 8 മുത്തപ്പൻപുഴ | 9 പൂവാറൻതോട് |
| 10 പുല്ലൂരാംപാറ | 11 തേക്കുംകുറ്റി | 12 തിരുവമ്പാടി |
| 13 വേനപ്പാറ | 14 വിളക്കാംതോട് | |

**തോട്ടുമുക്കം മേഖല**

| | | |
|---|---|---|
| 1 ചുണ്ടത്തുംപൊയിൽ | 2 കക്കാടംപൊയിൽ | 3 കോനൂർക്കണ്ടി |
| 4 മരഞ്ചാട്ടി | 5 പനംപ്ലാവ് | 6 പീടികപ്പാറ |
| 7 പുഷ്പഗിരി | 8 തോട്ടുമുക്കം | 9 വാലില്ലാപ്പുഴ |
| 10 വെറ്റിലപ്പാറ | 11 വെണ്ടേക്കുംപൊയിൽ | |

**വിലങ്ങാട് മേഖല**

| | | |
|---|---|---|
| 1 മഞ്ഞക്കുന്ന് | 2 വാളൂക്ക് | 3 വിലങ്ങാട് |

**മതബോധന ആൽബം 2018**

മതബോധന ആൽബം ഭംഗിയായി പുറത്തിറക്കുവാൻ അധ്വാനിച്ച കുട്ടികളെയും അതിനു നേതൃത്വം നൽകിയ അധ്യാപകരെയും അഭിനന്ദിക്കുന്നു. ഫൊറോനതലത്തിൽ വിജയിച്ച ഇടവകകളുടെ പേരുകൾ ചുവടെ ചേർക്കുന്നു. (രൂപതാതല വിജയികളെ പിന്നീട് പ്രഖ്യാപിക്കുന്നതാണ്.)

**കരുവാരകുണ്ട് മേഖല**

| | | |
|---|---|---|
| Ist കരുവാരകുണ്ട് | IInd കാളികാവ് | IIIrd വാണിയമ്പലം |

**കോടഞ്ചേരി മേഖല**

| | | |
|---|---|---|
| Ist കോടഞ്ചേരി | IInd കണ്ണോത്ത് | IIIrd ചെമ്പുകടവ് |

**കൂരാച്ചുണ്ട് മേഖല**

| | | |
|---|---|---|
| Ist കൂരാച്ചുണ്ട് | IInd കുളത്തുവയൽ | IIIrd കല്ലാനോട് |

**മലപ്പുറം മേഖല**

| | | |
|---|---|---|
| Ist മലപ്പുറം | IInd മഞ്ചേരി | IIIrd പന്തല്ലൂർ |

**മരുതോങ്കര മേഖല**

| | | |
|---|---|---|
| Ist ചെമ്പനോട | IInd പൂതംപാറ | IIIrd പൊയിലോംചാൽ |

**പാറോപ്പടി മേഖല**

| | | |
|---|---|---|
| Ist തേഞ്ഞിപ്പാലം | IInd ഈസ്റ്റ്ഹിൽ | IIIrd അമലാപുരി |

**തോട്ടുമുക്കം മേഖല**

| | | |
|---|---|---|
| Ist പീടികപ്പാറ | IInd കോനൂർക്കണ്ടി | IIIrd ചുണ്ടത്തുംപൊയിൽ |

**വിലങ്ങാട് മേഖല**

I st മഞ്ഞക്കുന്ന് II nd വിലങ്ങാട് III rd വടകര

**പെരിന്തൽമണ്ണ മേഖല**

I st മാലാപറമ്പ് II nd പെരിന്തൽമണ്ണ III rd നെന്മേനി

**തിരുവമ്പാടി മേഖല**

I st തേക്കുംകുറ്റി II nd തിരുവമ്പാടി III rd പുല്ലൂരാംപാറ

**താമരശ്ശേരി മേഖല**

I st വയലിട II nd താമരശ്ശേരി III rd കൂടത്തായ്

**മതബോധ വാർഷിക പരീക്ഷ**

2017-2018 അധ്യയനവർഷത്തിലെ സൺഡേ സ്കൂൾ വാർഷിക പരീക്ഷ ഏപ്രിൽ 7 ശനിയാഴ്ച രാവിലെ 10 മണി മുതൽ 12 മണി വരെ ഇടവകകളിൽ നടക്കുന്നതാണ്. (ചോദ്യപേപ്പറുകൾ ഏപ്രിൽ 2-ാം തീയതി മതബോധന ഓഫീസിൽനിന്നും മേഖലാ ഭാരവാഹികൾക്ക് നൽകുന്ന താണ്).

**മതബോധന സ്കോളർഷിപ്പ് പരീക്ഷ**

4 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ സ്കോളർഷിപ്പ് പരീക്ഷ ഏപ്രിൽ 11 ബുധനാഴ്ച രാവിലെ 10 മണി മുതൽ 12 മണി വരെ അതാത് മേഖലകളിൽ നടക്കുന്നതാണ്. സ്കോളർഷിപ്പിന്റെ മൂല്യനിർണയം മേഖലാ കേന്ദ്രങ്ങളിൽ വച്ച് അന്നുതന്നെ നടത്തി, 4, 7, 10 ക്ലാസുകളിൽ മേഖലയിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ 2 ഉത്തരക്കടലാസുകൾ 12-ാം തീയതി വ്യാഴാഴ്ച മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**DCT നാലാം സെമസ്റ്റർ പരീക്ഷ**

2018 ഏപ്രിൽ 7 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 5 മണി വരെ DCT നാലാം സെമസ്റ്റർ പരീക്ഷ അധ്യാപകർക്കായി നടത്തുന്നതാണ്. (ഓപ്പൺ ടെക്സ്റ്റ് ബുക്ക് എക്സാമിനേഷൻ ആയിരിക്കും) ഉത്തരക്കടലാ സുകൾ ഏപ്രിൽ 12-ാം തീയതി സ്കോളർഷിപ്പ് പരീക്ഷയുടെ ഉത്തരക്കട ലാസ്സുകൾക്കൊപ്പം മേഖലയിൽ നിന്നും രൂപതാകേന്ദ്രത്തിൽ എത്തിക്കേ ണ്ടതാണ്.

**മതബോധന മേഖല കമ്മിറ്റി**

2018 ഏപ്രിൽ 15ന് മുമ്പ് പുതിയ മേഖലഭാരവാഹികളെ തെരഞ്ഞെടുക്കേണ്ടതാണ്.

**ഓഫീസ് അവധി**

ഓശാന ഞായർ മുതൽ ഈസ്റ്റർ വരെ (മാർച്ച് 25 മുതൽ ഏപ്രിൽ 1 വരെ) ഓഫീസ് അവധിയായിരിക്കും.

**ഫാ. ജോസഫ് വടക്കേൽ**
ഡയറക്ടർ, മതബോധനം

# ചെറുപുഷ്പ മിഷൻലീഗ്

### ക്രിസ്തുമസ് കാർഡ് നിർമ്മാണ മത്സര വിജയികൾ

കഴിഞ്ഞ ഡിസംബർ മാസത്തിൽ നടന്ന രൂപത ക്രിസ്മസ് കാർഡ് നിർമ്മാണ മത്സരത്തിൽ ആവേശപൂർവ്വം കുട്ടികൾ പങ്കെടുത്തു. യു.പി. വിഭാഗത്തിൽ അനൗഷ്ക കൈതാരത്ത് താമരശ്ശേരി ഒന്നാം സ്ഥാനവും ആർദ്ര ആൻ സജി പുതുപ്പാടി, അന്ന തെരേസ ജോർജ് കൂരാച്ചുണ്ട് എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളും കരസ്ഥമാക്കി.

ഹൈസ്കൂൾ വിഭാഗത്തിൽ മിലിന്റ റോസ് ജോർജ് പുത്തൻ പുരയ്ക്കൽ മരിയാപുരം ഒന്നാം സ്ഥാനവും ന്യൂമ വെളിയാംകുളം കക്കയം, മാത്യു സിബി വെട്ടുകല്ലേൽ വാലില്ലാപ്പുഴ എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളും കരസ്ഥമാക്കി. വിജയികളായവർക്കും പങ്കെടുത്ത വർക്കും അഭിനന്ദനങ്ങൾ.

### മെഗാക്വിസ് വിജയികൾ

2018 ജനുവരി 26 ന് പി.എം.ഒ.സി. യിൽ വച്ചു നടന്ന മെഗാക്വിസിൽ വിവിധ ഇടവകകളിൽ നിന്നായി പതിമൂന്നു ടീമുകൾ പങ്കെടുത്തു. ഫാ. തോമസ് പുതിയാപറമ്പിൽ ക്വിസ് മാസ്റ്ററായിരുന്നു. വാശിയേറിയ മത്സരത്തിൽ വെറ്റിലപ്പാറ ഇടവകയിലെ മരിയ തുമ്പോണത്ത്, ടോം മരിയൻ കൊച്ചുപറമ്പിൽ, തോട്ടുമുക്കം ഇടവകയിലെ മേരി പുള്ളോശ്ശേരിൽ, സിസിലി തറക്കുന്നേൽ എന്നീ ടീമുകൾ ഒന്നാംസ്ഥാനം പങ്കുവച്ചു. കട്ടിപ്പാറ ഇടവകയിലെ ആർഷൻ മാത്യു കൊഴുവനാൽ, റോൺസ് ജോസ് കൊഴുവനാൽ എന്നിവർ മൂന്നാം സ്ഥാനം കരസ്ഥമാക്കി. പി.എം.ഒ.സി. ഡയറക്ടർ ഫാ. ജോർജ് കളപ്പുര സമ്മാനങ്ങൾ വിതരണം ചെയ്തു.

### ഇടവക സന്ദർശനങ്ങൾ

മുക്കം, തലയാട്, പുതുപ്പാടി, വെണ്ടേക്കുംപൊയിൽ എന്നീ ഇടവകകൾ രൂപത ഡയറക്ടർ സന്ദർശിക്കുകയും കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും ക്ലാസ്സ് എടുക്കുകയും ചെയ്തു.

### ഗ്രാന്റ് മാസ്റ്റേഴ്സ് ക്യാമ്പ്

2018 ഏപ്രിൽ 12 മുതൽ 15 വരെ രൂപതാതലത്തിൽ 6 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് ഗ്രാന്റ് മാസ്റ്റേഴ്സ് ക്യാമ്പു നടത്തുന്നു. ക്യാമ്പ് ഫീസ് 1200 രൂപയാണ്. പങ്കെടുക്കാനാഗ്രഹിക്കുന്ന കുട്ടികൾ അവരുടെ പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓരോ ശാഖയിൽ നിന്നും കുട്ടികളെ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ. മേഖല ഭാരവാഹികൾ നിർബന്ധമായും ഈ ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്.

### വചനോപാസി ക്യാമ്പ്

പ്രഭാഷകന്റെ പുസ്തകം 1 മുതൽ 26 വരെയുള്ള അധ്യായങ്ങൾ മനപാഠമാക്കുന്ന കുട്ടികൾക്കുവേണ്ടിയുള്ള വചനോപാസി ക്യാമ്പ് ഏപ്രിൽ 12-ാം തീയതി രാവിലെ 9.30 മുതൽ 4 വരെ പി.എം.ഒ.സി.യിൽ നടക്കുന്നതാണ്. ക്യാമ്പിലെ വിജയികൾക്ക് 5000, 3000, 2000, 1000 എന്നിങ്ങനെ ക്യാഷ് അവാർഡുകൾ നല്കുന്നതാണ്.

### കയ്യെഴുത്തുമാസിക

ഏപ്രിൽ 10 നകം കയ്യെഴുത്തു മാസികകൾ തയ്യാറാക്കി ശാഖകൾ രൂപത ഓഫീസിൽ ഏല്പിക്കേണ്ടതാണ്. 'സപ്തതി സുകൃതവുമായി സഭയിലും സമൂഹത്തിലും' എന്ന വിഷയത്തെ ആസ്പദമാക്കി വേണം മാസിക തയ്യാറാക്കാൻ. കവർ ഉൾപ്പെടെ 100 പേജ്. മികച്ച മൂന്നു മാസിക കൾക്ക് സമ്മാനം നൽകുന്നതായിരിക്കും.

### മാർക്കിടുന്നതിന്റെ മാനദണ്ഡങ്ങൾ

അവതരണം - 20, പേര് - 10, രചനകളിലെയും വരകളിലെയും വൈവിധ്യം - 30, പങ്കാളിത്തം - 20, മൂല്യാധിഷ്ഠിതം, ആനുകാ ലികം - 20

### ജൂനിയർ ഇലക്ഷൻ

കുട്ടികളുടെ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് മാർച്ച് ഏപ്രിൽ മാസങ്ങളിൽ നടത്തേണ്ടതാണ്. മാർച്ചു 31 നകം ശാഖകളിൽ അടുത്ത വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുക്കേണ്ടതാണ്. ശാഖകളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഭാരവാഹികളെ ചേർത്ത് ഏപ്രിൽ 10 നുള്ളിൽ മേഖല തിരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുന്ന മേഖല ഭാരവാഹികൾ ഏപ്രിൽ 12-ാം തീയതി പി.എം.ഒ.സി. യിൽ നടക്കുന്ന രൂപത തിരഞ്ഞെടുപ്പിൽ പങ്കെടുക്കേ ണ്ടതാണ്. ആൺ പെൺ വ്യത്യാസ മില്ലാതെ എല്ലാ കുട്ടികൾക്കും തിരഞ്ഞെടുപ്പിൽ മത്സരിക്കാവുന്നതാണ്. അടുത്ത അധ്യയനവർഷത്തിൽ 10-ാം ക്ലാസിലേക്ക് പ്രവേശിക്കുന്ന കുട്ടികൾക്ക് ഭാരവാ ഹിത്വം നല്കാതിരിക്കുന്നതാണ് ഉചിതം.

### കുട്ടികളുടെ രചനാ സൃഷ്ടികൾ ക്ഷണിക്കുന്നു

രൂപത മിഷൻലീഗ് അംഗങ്ങൾ അവരുടെ സ്വയം സൃഷ്ടികളായ കവിതകൾ, ആക്ഷൻ സോങ്ങ് എന്നിവ രൂപത ഓഫീസിലേക്ക് മാർച്ച് 30 നകം അയച്ചുതന്നാൽ തിരഞ്ഞെടുക്കുന്ന രചനകൾ പ്രസിദ്ധീകരിക്കുന്നതാണ്. രചനകൾ അയക്കുമ്പോൾ കുട്ടിയുടെ ഫുൾ അഡ്രസ്സും ഫോൺ നമ്പറും കൂടി നല്കേണ്ടതാണ്.

**ഫാ. അഗസ്റ്റിൻ വാമറ്റത്തിൽ**
ഡയറക്ടർ, മിഷൻലീഗ്

# കെ.സി.വൈ.എം

## ഹരിതനന്മ 2018

കുടുംബങ്ങളിലും യുവജനങ്ങളുടെ ഇടയിലും വിഷരഹിത പച്ചക്കറിയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കെ.സി.വൈ.എം താമര ശ്ശേരി രൂപത തോട്ടുമുക്കം മേഖലയുടെ ആതിഥേയത്വത്തിൽ നടത്തിയ ഹരിതനന്മ 2018 രൂപതാതല ഉദ്ഘാടനം വാലില്ലാപ്പുഴ ഇടവകയിൽ വച്ച് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് നിർവ്വഹിച്ചു. മേഖല ഡയറക്ടർ റവ.ഫാ. അഗസ്റ്റിൻ കണിവേലി അധ്യക്ഷത വഹിച്ച യോഗ ത്തിൽ രൂപത ഡയറക്ടർ റവ. ഫാ. തോമസ് കളരിക്കൽ, രൂപത പ്രസിഡന്റ് സൗബിൻ ഇലഞ്ഞിക്കൽ, രൂപത ആനിമേറ്റർ സി. പ്രീതി ജോർജ്, തേജസ്സ് മാത്യു, നിധിൻ ജോർജ്, ജെഫിൻ, റീതു, ജോസ്ന, അനുപ്രിയ, ജെഫി, ബ്ലെസി, ജോസ്ന, ലിന്റോ, സി. മേഴ്സി തുടങ്ങിയവർ സംസാരിച്ചു. 2017-18 ലെ മികച്ച യുവജന കർഷകരായ ജെബിൻ ജോർജ്, അമൽ സെബാസ്റ്റ്യൻ, ഫിൽസൺ വി. സോണി എന്നിവരെയും വാലില്ലാപ്പുഴ ഇടവകയിലെ മികച്ച കർഷകരായ സ്കറിയ പാലക്കിയിൽ, അന്നമ്മ കയ്യൂന്നുപാറ, ഷാജി വടക്കൽ, മാണി പുതിയേടത്ത് എന്നവരെയും അഭിവന്ദ്യ പിതാവ് മെമന്റോ നൽകി ആദരിച്ചു.

## കെ.സി.വൈ.എം അർദ്ധ വാർഷികസെനറ്റ്

കേരള കാത്തലിക് യൂത്ത് മൂവ്മെന്റ് (കെ.സി.വൈ.എം) താമരശ്ശേരി രൂപത അർദ്ധവാർഷിക സമ്മേളനം പി.എം.ഒ.സി. യിൽ വച്ച് സംസ്ഥാന പ്രസിഡന്റ് ശ്രീ. ഇമ്മാനുവൽ മൈക്കിൾ ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് സൗബിൻ ഇലഞ്ഞിക്കൽ പതാക ഉയർത്തി. രൂപതാ ഡയറക്ടർ റവ. ഫാ. തോമസ് കളരിക്കൽ അധ്യക്ഷതവഹിച്ച സമ്മേളനത്തിൽ പി.എം.ഒ.സി. ഡയറക്ടർ റവ. ഫാ. സണ്ണി കളപ്പുരയ്ക്കൽ മുഖ്യപ്രഭാഷണം നടത്തുകയും രൂപതാ പ്രസിഡന്റ് സൗബിൻ ഇലഞ്ഞിക്കൽ, ആനിമേറ്റർ സി. പ്രീതി ജോർജ്, തേജസ് മാത്യു, റീതു ജോസഫ് തുടങ്ങിയവർ സംസാരിക്കുകയും ചെയ്തു. തുടർന്ന് നടന്ന ക്ലാസുകൾക്ക് റിട്ട. എസ്.പി. സി.ടി. ടോം നേതൃത്വം നൽകി.

## ഡയറക്ടേഴ്സ് മീറ്റ്

കെ.സി.വൈ.എം താമരശ്ശേരി രൂപതയിലെ മേഖലാ ഡയറക്ടർമാരുടെ മീറ്റിംഗ് ഫെബ്രുവരി 12-ാം തീയതി പി.എം.ഒ.സി യിൽ വച്ച് നടത്തി. യുവജന വർഷത്തോടനുബന്ധിച്ച് മേഖലാ യൂണിറ്റ്തല പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയും 2018 കെ.സി.വൈ.എം കർമ്മപദ്ധതി ചർച്ച ചെയ്യുകയും ചെയ്തു. റവ. ഫാ. കുര്യൻ പുരമഠത്തിൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ റവ. ഫാ. തോമസ് കളരിക്കൽ, പ്രസിഡന്റ് സൗബിൻ ഇലഞ്ഞി ക്കൽ, ആനിമേറ്റർ സി. പ്രീതി ജോർജ് എന്നിവർ നേതൃത്വം നൽകി.

**കരോൾഗാന മത്സരം**

കെ.സി.വൈ.എം താമരശ്ശേരി രൂപതയുടെ ആഭിമുഖ്യത്തിൽ നടന്ന കരോൾഗാന മത്സരത്തിൽ (കരോൾത്സവ്) വിജയിച്ച യൂണിറ്റുകൾ.

1 മഞ്ഞക്കടവ് യൂണിറ്റ്
2 മഞ്ഞക്കുന്ന് യൂണിറ്റ്
3 വിളക്കാംതോട്

വിജയികളായ യൂണിറ്റുകളെ രൂപതാ സമിതിയുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**പരീക്ഷ ഒരുക്ക സെമിനാർ**

കേരള കാത്തലിക് യൂത്ത് മൂവ്മെന്റ് കെ.സി.വൈ.എം താമരശ്ശേരി രൂപത കൂരാച്ചുണ്ട് മേഖലയുടെ ആതിഥേയത്വത്തിൽ സംഘടിപ്പിച്ച പരീക്ഷ ഒരുക്ക സെമിനാർ ഫൊറോന വികാരി റവ. ഫാ. കുര്യാക്കോസ് ഐക്കുള മ്പിൽ ഉദ്ഘാടനം ചെയ്തു. മേഖല ഡയറക്ടർ റവ. ഫാ. തോമസ് തേവടി യിൽ, രൂപത ഡയറക്ടർ റവ. ഫാ. തോമസ് കളരിക്കൽ, റവ. ഫാ. ജോസഫ് ആലപ്പാട്ട്കോട്ടയിൽ, രൂപതാ പ്രസിഡന്റ് സൗബിൻ ഇലഞ്ഞിക്കൽ, സി. മെർളിൻ, സി. മേഴ്സി, തേജസ് മാത്യു, മാർട്ടിൻ, അനുപ്രിയ, വിശാഖ്, വിപിൻ വർഗ്ഗീസ് തുടങ്ങിയവർ സംസാരിച്ചു. പരീക്ഷ പേടിയെ എങ്ങനെ മാറ്റാം എന്ന വിഷയത്തിൽ റവ. ഫാ. കുര്യൻ പുരമഠത്തിൽ ക്ലാസുകൾക്ക് നേതൃത്വം നൽകി.

- കെ.സി.വൈ.എം. താമരശ്ശേരി രൂപത മരുതോങ്കര മേഖലയുടെ ആതിഥേയത്വത്തിൽ നടത്തപ്പെടുന്ന കുരിശിന്റെ വഴി മാർച്ച് 16-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.30 ന് ചാത്തൻകോട്ടുനടയിൽ നിന്ന് ആരംഭിച്ച് പൊയിലോംചാൽ ഇടവകയിൽ എത്തിച്ചേരുന്നു.
- കെ.സി.വൈ.എം. താമരശ്ശേരി രൂപത താമരശ്ശേരി മേഖലയുടെ ആതിഥേയത്വത്തിൽ വനിതാ ക്യാമ്പ് മാർച്ച് 10 ശനിയാഴ്ച കൈത പൊയിൽ ലിസ്സാ കോളേജിൽ വച്ച് നടത്തപ്പെടുന്നു.

**ഫാ. തോമസ് കളരിക്കൽ**
ഡയറക്ടർ, കെ.സി.വൈ.എം.

# ഫാമിലി അപ്പോസ്റ്റലേറ്റ്

ഫെബ്രുവരി 06 -09 തിയതികളിൽ പി.എം.ഒ.സി -യിൽ വച്ച് പ്രീ-കാനാ കോഴ്സ് നടത്തി. വിവിധ രൂപതകളിൽ നിന്നായി 80 പേർ പങ്കെടുത്തു. ഫാ. ജോസ് പെണ്ണാപറമ്പിൽ, ഫാ. അബ്രാഹം കാവിൽപുരയിടത്തിൽ, ഫാ. ജോർജ്ജ് കളപ്പുരയ്ക്കൽ, മോൺ. ജോൺ ഒറവങ്കര, ഫാ. റോയി തേക്കുംകാട്ടിൽ, ഫാ. റോണി പോൾ കാവിൽ, ഫാ. വിൽസൺ മൂട്ടത്തുകുന്നേൽ ഡോ. അബ്രാഹം ജേക്കബ്, അസിസ്റ്റന്റ് ട്രാഫിക് കമ്മീഷണർ രാജു മാത്യു, പ്രൊഫ. ചാക്കോ കാളംപറമ്പിൽ, മിസ്സിസ് ഷാന്റി ജോസ്, മിസ്സിസ് ഷിജി സോജൻ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഫാ. അജി പുതിയാപറമ്പിലിന്റെ നേതൃത്വ ത്തിൽ ഫാമിലി ചാറ്റ് നടത്തി. 8-ാം തിയതി അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവ് കോഴ്സിൽ പങ്കെടുത്തവർക്കു വേണ്ടി ദിവ്യബലി അർപ്പിക്കുകയും വച നസന്ദേശം നൽകുകയും ചെയ്തു കോഴ്സിന്റെ അവസാനദിവസം മാതാപിതാക്കൾക്ക് ഫാ. ജോസ് പെണ്ണാപറമ്പിൽ, മി. ജോൺസൺ പൂവ്വത്തിങ്കൽ എന്നിവർ ക്ലാസുകൾ എടുത്തു. 120 -ഓളം മാതാപിതാക്കൾ പങ്കെടുത്തു. ക്ലാസ്സ് 1 മണിയോടെ അവസാനിച്ചു. സി. സോഫിയ, സി. ലൂസി കുര്യൻ എം.എസ്.എം.ഐ, സി. ബീന സി.എം.സി, എന്നിവർ കൗൺസിലിംഗിനു നേതൃത്വം നല്കി.

### *അടുത്ത പ്രീ - കാനാ കോഴ്സുകൾ*

| | |
|---|---|
| മാർച്ച് | 06 - 09, 20 - 23 |
| ഏപ്രിൽ | 10 - 13 |
| മേയ് | 08-11 |

### യൂദിത്ത് ഫോറം രൂപതാ സംഗമം

താമരശ്ശേരി രൂപതയിലെ വിധവകളുടേയും, ഏകസ്ഥരുടേയും കൂട്ടായ്മയായ യൂദിത്ത് ഫോറത്തിന്റെ കൂരാച്ചുണ്ട് ഫൊറോന സംഗമം കൂരാച്ചുണ്ട് സെന്റ്. തോമസ് പാരീഷ് ഹാളിൽ വെച്ച് നടത്തി. തമരശ്ശേരി രൂപത ഫാമിലി അപ്പോസ്ററലേററ് ഡയറക്ടർ ഫാ.ജോസ് പെണ്ണാപറമ്പിൽ അദ്ധ്യക്ഷനായിരുന്നു. ഫൊറോന വികാരി ഫാ. കുര്യാക്കോസ് ഐക്കൊള മ്പിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. യൂദിത്ത്ഫോറം രൂപത ആനിമേററർ സി. ജോയ്സ് സി.എം.സി ആശംസകളർപ്പിച്ചു. ഫാ. ജോസ് പെണ്ണാപറ മ്പിൽ ക്ലാസെടുത്തു. ജീവിതത്തിന്റെ വിവിധ കാലഘട്ടങ്ങളിൽ പങ്കാളിയെ നഷ്ടപ്പെട്ട വിധവകളുടെ ആദ്ധ്യാത്മികവും, ഭൗതീകവുമായ ഉന്നമന ത്തിനും സുരക്ഷയ്ക്കും വേണ്ടി താമരശ്ശേരി ഫാമിലി അപ്പോസ്തലേററി ന്റെയും സി.എം.സി സന്യാസിനി സമൂഹത്തിന്റെയും സംയുക്താഭിമുഖ്യ ത്തിലാണ്

യൂദിത്ത് ഫോറത്തിന്റെ താമരശ്ശേരി രൂപതയിലെ പ്രവർത്തന ങ്ങൾ നടത്തുന്നത്. വിധവകളായവരെ ആദ്ധ്യാത്മികമായും, സാമ്പത്തി കമായും സഹായിക്കുക എന്ന ലക്ഷ്യത്തോട് കൂടിയാണ് യൂദിത്ത് ഫോറം എന്ന പേരിൽ ഇങ്ങനെയൊരു കൂട്ടായ്മ സംഘടിപ്പിച്ചത്. 95-വിധവകളായ അമ്മമാർ ഈ സംഗമത്തിൽ പങ്കെടുത്തു.

### വികാരി അച്ചൻമാരുടെ ശ്രദ്ധയ്ക്ക്

താമരശ്ശേരി രൂപതയിൽ 2018-ൽ വിവാഹ ജീവിതത്തിന്റെ 25 വർഷം പൂർത്തിയാക്കിയ ദമ്പതിമാരുടെ രൂപതാതല സംഗമം ഏപ്രിൽ 15-ന് നടത്തുവാൻ അഭിവന്ദ്യ പിതാവ് ആവശ്യപ്പെട്ടിരിക്കുന്നു. അതിനാൽ അച്ചന്റെ ഇടവകയിൽ വിവാഹ ജീവിതത്തിന്റെ 25 വർഷം പൂർത്തിയാക്കിയവരുടെ ലിസ്റ്റ് മാർച്ച് 31-ന് ഉള്ളിൽ പി.എം.ഒ.സി ഫാമിലി അപ്പോസ്ററലേററ് ഓഫീസിൽ നേരിട്ട് ഏൽപിക്കുകയോ, താഴെ പറയുന്ന ഈ-മെയിലിലേ യ്ക്ക് അയക്കുകയോ, അല്ലെങ്കിൽ ഈ വാട്സ് നമ്പറിലേക്ക് മെസ്സേജ് അയക്കുകയോ ചെയ്യുക. പ്രിസ്ബിറ്ററൽ കൗൺസിലിന്റെ തീരുമാനപ്രകാ രം ജൂബിലി സംഗമം ഓരോ വർഷവും ഏപ്രിൽ മാസത്തിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

familyapostolatetsy@gmail.com, Whatsapp No: 9495693810

### ഹോംമിഷൻ

പനംപ്ലാവ് ഇടവകയിൽ എം.എസ്.എം.ഐ സന്യാസിനി സമൂഹ ത്തിന്റെ ആഭിമുഖ്യത്തിൽ ഹോംമിഷൻ നടത്തി. ഫെബ്രുവരി 18 മുതൽ 23 വരെയുള്ള ദിവസങ്ങളിൽ സി. ഡെൽസി ഫിലിപ്പിന്റെ നേതൃത്വത്തിൽ സന്യാസിനി സമൂഹത്തിലെ 16 സഹോദരിമാർ ഇടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിച്ച് പ്രാർത്ഥിക്കുകയും കൗൺസലിംഗ് നടത്തുകയും ചെയ്തു. സമാപനദിവസം ഇടവകയിലെ ജനങ്ങള ഒരുമിച്ച്കൂട്ടി വി.കുർ ബാന അർപ്പിക്കുകയും വിശുദ്ധീകരണ പ്രാർത്ഥന നടത്തുകയും ചെയ്തു. സമാപന ദിവസത്തെ തിരുക്കർമ്മങ്ങൾക്ക് ഫാമിലി അപ്പൊസ്റേറാലേററ് ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ നേതൃത്വം നൽകി. ഇടവക വികാരി ഫാ. ജോൺ മഞ്ഞാമററം സന്യസിനി സമൂഹത്തിന് നന്ദി പറഞ്ഞു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്



# മാതൃവേദി

രൂപത എക്സിക്യൂട്ടീവ് യോഗം ചേരുകയും തുടർപരിപാടികൾ ചർച്ച ചെയ്ത് തീരുമാനിച്ചു.

- ഫെബ്രുവരി 27 ചൊവ്വാഴ്ച കുന്ദമംഗലത്ത് വച്ച് വനിതാ സംഗമം നടത്താൻ തീരുമാനിച്ചു. എല്ലാ ഇടവകകളിൽനിന്നും യൂണിറ്റ് പ്രസിഡ ന്റ്, സെക്രട്ടറി, ട്രഷറർ എന്നിവർ നിർബന്ധമായും പങ്കെടുക്കണം.
- മാതൃവേദി ആന്തം രൂപത മത്സരം മെയ്മാസത്തിനു ശേഷം നടത്താൻ തീരുമാനിച്ചു.
- വലിയ നോമ്പിൽ ഉപവാസ പ്രാർത്ഥനകളും തീർത്ഥയാത്രകളും നട ത്താൻ തീരുമാനിച്ചു.

### സ്നേഹകൂട്ടായ്മ

രൂപത ഭാരവാഹികളുടെ ഭവനം രൂപത ഡയറക്ടറുടെ നേതൃത്വത്തിൽ സന്ദർശിക്കുകയും കുടുംബാംഗങ്ങളോടൊപ്പം പ്രാർത്ഥനയിലും കൂട്ടായ്മ യിലും ചെലവഴിക്കുവാനും തീരുമാനിച്ചു.ആദ്യത്തെ സ്നേഹകൂട്ടായ്, വിലങ്ങാട് മേഖലയിൽ നിന്നുമുള്ള രൂപത പ്രതിനിധി സിനി കുടിപ്പാറയുടെ ഭവനത്തിൽ ഒരുമിച്ചു ചേരുകയും സ്നേഹ വും പിന്തുണയും അറിയിക്കുകയും ചെയ്തു. മഞ്ഞകുന്ന് വികാരി, ഫാ. ജോസഫ് കുഴികാട്ടുമ്യാലിയുടെ സാന്നിധ്യത്തിൽ ഒരുമിച്ചുകൂടിയ കൂട്ടായ്മ കുടുംബാംഗങ്ങൾക്കും ഭാരവാഹികൾക്കും വലിയൊരു പ്രതീക്ഷയും പകർന്നു നൽകി.

### മാർച്ച് മാസത്തിലെ കർമ്മപദ്ധതി

- വലിയ നോമ്പിൽ തീർത്ഥയാത്രകൾ നടത്തുക.
- രണ്ട് വാഴവിത്തുകൾ എല്ലാ മാതൃവേദി അംഗങ്ങളുടെ വീടുകളിൽ നടുകയും മാതൃവേദി പ്രവർത്തനങ്ങൾക്കായി അവയുടെ വരുമാനം മാറ്റി വയ്ക്കുകയും ചെയ്യുക.

### മരുതോങ്കര മേഖല സംഗമം

മരുതോങ്കര മേഖലയുടെ വാർഷികാഘോഷങ്ങൾ ഫെബ്രുവരി 17 ന് മരുതോങ്കര പള്ളിയിൽ വച്ച് നടത്തപ്പെട്ടു. ഫൊറോന വികാരി റവ. ഫാ. ജോസഫ് കളരിക്കൽ അധ്യക്ഷതവഹിച്ചു. രൂപത ഡയറക്ടർ ഫാ. സൈ മൺ കിഴക്കേകുന്നേൽ ഉദ്ഘാടനവും സമ്മാനദാനവും നിർവ്വഹിച്ചു. മേഖല ഡയറക്ടർ ഫാ. അഗസ്റ്റിൻ പന്നിക്കോട്ട്, മേഖല ആനിമേറ്റർ സി. ലൂസി എസ്.എ.ബി.എസ്, മേഖല പ്രസിഡന്റ് വിനു മംഗലശ്ശേരി, മേഖല സെക്രട്ടറി സിനി ബോസ് പുറക്കരി, സി. ആൽബീന എന്നിവർ പ്രസംഗിച്ചു. മേഖല മത്സരത്തിലെ വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

**ഫാ. സൈമൺ കിഴക്കേകുന്നേൽ**
ഡയറക്ടർ, മാതൃവേദി

# ജീസസ് യൂത്ത്

ജനുവരി 12,13,14 തീയതികളിൽ കേരള ജീസസ് യൂത്ത് കൗൺസിലി ന്റെ നേതൃത്വത്തിൽ കോഴിക്കോട് സോണിലെ എല്ലാ ജീസസ് യൂത്ത് ലീഡേഴ്സിനുമായി ട്രെയിനിംഗ് പ്രോഗാം നടത്തി. കൈതപ്പൊയിൽ ലിസ്സാ കോളേജിൽ വച്ചാണ് പ്രോഗ്രാം നടന്നത്.

27-ാമത്തെ ബാച്ച് ഫുൾടൈം വോളന്റിയേഴ്സിനെ തെരഞ്ഞെടുക്കുന്ന തിനായുള്ള ഓറിയന്റേഷൻ പ്രോഗ്രാം കോഴിക്കോട് സോണിലെ ദേവഗിരി സെന്റ് ജോസഫ്സ് കോളേജിൽ വച്ച് ജനുവരി 20,21 തീയതികളിൽ നടത്തുകയുണ്ടായി. കോഴിക്കോട് സോണിൽനിന്നും, കേരളത്തിലെ മറ്റ് സ്ഥലങ്ങളിൽനിന്നുമായി 30 ഓളം അവസാനവർഷ ബിരുദ വിദ്യാർത്ഥികൾ പരിപാടിയുടെ ഭാഗമായി.

ജനുവരി 20,21 തീയതികളിലായി ജീസസ് യൂത്ത് ടാസ്ക് ടീമിന്റെ നേതൃത്വത്തിൽ ലീഡ് ഫോളോ അപ് നടത്തി. ദേവഗിരി കോളേജിൽ വച്ച് നടത്തിയ പരിപാടിയിൽ 25 ലീഡേഴ്സ് പങ്കെടുത്തു.

മെഡിക്കൽ എഞ്ചിനിയറിംങ് വിദ്യാർത്ഥികൾക്കായുള്ള പുതിയ ടീം ഫെബ്രുവരി 4-ാം തീയതി തിരഞ്ഞെടുക്കപ്പെട്ടു. ആനിമേറ്റർ സി. ലൂസിയു ടെയും ചാപ്ലിൻ ഫാ. പോളിന്റെയും സാന്നിധ്യത്തിൽ പുതിയ ടീം അംഗങ്ങൾ ക്കുവേണ്ടി പ്രാർത്ഥിച്ച് നേതൃത്വസ്ഥാനങ്ങൾ നൽകി. എൻ.ഐ.റ്റി. കാലിക്കട്ടിൽ പഠിക്കുന്ന ദീപക് ജോർജിനെ കോർഡിനേറ്റർ ആയി തിര ഞ്ഞെടുത്തു.

**ഫാ. സൈമൺ വള്ളോപ്പള്ളി**
ആനിമേറ്റർ, ജീസസ്‌യൂത്ത്

# അൽഫോൻസ പാലിയേറ്റീവ് കെയർ

**മൊബൈൽ ക്ലിനിക്കിന്റെ പ്രവർത്തനം ആരംഭിച്ചു.**

വിലങ്ങാടു നിന്നും ആരംഭിച്ച് വെറ്റിലപ്പാറവരെ സഞ്ചരിക്കുന്ന മൊബൈൽ ക്ലനിക്കിന്റെ പ്രവർത്തനം ആരംഭിച്ചു. 20 കേന്ദ്രങ്ങളിലായി പ്രവർത്തനം ലഭ്യമാക്കുന്ന ഈ ക്ലിനിക് ഓരോ കേന്ദ്രങ്ങളിലും ബഹു. വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ പാലിയേറ്റിവ് കെയർ പ്രവർത്തകർ വിപുലമായ സ്വീകരണങ്ങൾ ഒരുക്കി. ധാരാളം രോഗികൾ ഇതിന്റെ സേവനം ഉപയോഗപ്പെടുത്തി. നാനാജാതി

മതസ്ഥരായ ആളുകൾ ഇതിന്റെ സേവനത്തിൽ സംതൃപ്തിയും സന്തോഷവും പ്രകടപ്പിച്ചു. ഫെബ്രുവരി മാസം ഓരോ കേന്ദ്രങ്ങളിലുമായി രണ്ടുതവണ മൊബൈൽ ക്ലിനിക് സൗകര്യം ലഭ്യമാക്കി. മാനേജർ ശ്രീ. മാത്യു തേരകം, ജേക്കബ് പടലോടി, ഡ്രൈവർ ഡിൽസ് കുഴുമ്പിൽ, ലാബ് ടെക്നീഷ്യൻ ശ്രീമതി ബെറ്റി എന്നിവരും വയനാട് വി.ഐ.എം.എസ് ഹോസ്പിറ്റലിൽനിന്നുള്ള ഡോക്ടർ മാരും കൗൺസിലറും ദിവസേന ഈ ക്ലിനിക്കിൽ സേവനം ലഭ്യമാക്കുന്നു. മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്ന 25 രോഗികളെ കൂടാതെ സമയ ലഭ്യത അനുസ രിച്ച് മറ്റ് രോഗികളെയും പരിശോധിക്കുകയും സൗജന്യമായി ലഭ്യമാകുന്ന മരുന്നുകൾ വിതരണം ചെയ്യുകയും ചെയ്യുന്നു. രാവിലെയും വൈകുന്നേര വുമായി മൂന്നു മണിക്കൂർ സമയമാണ് ഓരോ കേന്ദ്രത്തിലും മൊബൈൽ ക്ലിനിക് ഉണ്ടാവുക.

**ഫാ. സൈമൺ കിഴക്കേകുന്നേൽ**
ഡയറക്ടർ, അൽഫോൻസ പാലിയേറ്റീവ്കെയർ

# കമ്മ്യൂണിക്കേഷൻ മീഡിയ

## പാരിഷ് ബുള്ളറ്റിൻ അവാർഡിന് മാർച്ച് 31 വരെ അപേക്ഷിക്കാം

രൂപതയിലെ മികച്ച പാരിഷ് ബുള്ളറ്റിനുകൾക്ക് കമ്മ്യൂണിക്കേഷൻ മീഡിയ നൽകുന്ന ബെസ്റ്റ് പാരിഷ് ബുള്ളറ്റിൻ അവാർഡിന് മാർച്ച് 31 വരെ അപേക്ഷിക്കാം. 2017 ജനുവരി മുതൽ ഡിസംബർ വരെ പ്രസിദ്ധീകരിച്ച ബുള്ളറ്റിനുകളാണ് പരിഗണിക്കുക. ഇടവക വികാരിയുടെ സാക്ഷ്യപത്രത്തോടൊപ്പം ബുള്ളറ്റിനുകളുടെ രണ്ടു കോപ്പികൾ വീതം മേരിക്കുന്ന് പി.എം.ഒ.സി.യിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ മീഡിയ ഓഫീസിൽ എത്തിക്കണം.

മികച്ച പാരിഷ് ബുള്ളറ്റിന് 5000 രൂപയും ഫലകവും അടങ്ങുന്നതാണ് പുരസ്ക്കാരം. രണ്ടും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 3000, 2000 രൂപയും ഫലകവും നൽകും. ഏപ്രിൽ മാസത്തിൽ രൂപതാ ദിനത്തോടനുബന്ധിച്ചു നടക്കുന്ന ചടങ്ങിൽ അവാർഡുകൾ സമ്മാനിക്കും. വിവരങ്ങൾക്ക്: 0495 2731311.

## മലബാർ വിഷൻ വരിസംഖ്യയിൽ മാറ്റമില്ല

മലബാർ വിഷന്റെ 2018-ലേക്കുള്ള വരിസംഖ്യയിൽ മാറ്റം വരുത്തിയിട്ടില്ല. വാർഷിക വരിസംഖ്യ 60 രൂപതന്നെയാണ്. കുറച്ച് ഇടവകകളിൽ നിന്ന് 2017 വരിസംഖ്യ കുടിശികയിനത്തിൽ ലഭിക്കുവാനുണ്ട്. വികാരിയച്ചന്മാർ ദയവായി അതു കളക്ട് ചെയ്ത് ഓഫീസിൽ എത്തിക്കുവാനുള്ള ക്രമീകരണം ചെയ്യുമല്ലോ.

**വിശ്വകലാക്ഷേത്ര**

ചാത്തൻകോട്ടുനട, കാക്കവയൽ, ചെമ്പുകടവ് ഇടവകകളിൽ തിരുനാളിനോടനുബന്ധിച്ച് വിശ്വകലാക്ഷേത്രയുടെ ആഭിമുഖ്യത്തിൽ നൃത്ത കലാ സന്ധ്യ സംഘടിപ്പിച്ചു. ചെമ്പുകടവ് പള്ളിയിൽ നടന്ന കലാസന്ധ്യയിൽ പോണ്ടിച്ചേരി സ്കൂൾ ഓഫ് ഡാൻസിലെ കലാകാരികളുടെ സഹകരണത്തോടെ വിശ്വകലാക്ഷേത്രയിലെ കുട്ടികൾ നടത്തിയ കലാവിരുന്ന് ഏവരുടെയും പ്രശംസ പിടിച്ചുപറ്റി. വേദിയൊരുക്കിയ വികാരിയച്ചന്മാർക്ക് നന്ദി.

**ഫാ. സെബാസ്റ്റ്യൻ കാരക്കാട്ട്**
ഡയറക്ടർ, കമ്മ്യൂണിക്കേഷൻ മീഡിയ

# മദ്യവിരുദ്ധ സമിതി

രൂപത എക്സിക്യൂട്ടീവ് യോഗം ചേരുകയും സ്കൂളുകളിൽ ഏറ്റവും നല്ല വ്യക്തിത്വ വികസന ക്ലബ്ബിനെ തെരഞ്ഞെടുക്കുവാൻ ആവശ്യമായ കമ്മറ്റിയെ നിശ്ചയിക്കുകയും ചെയ്തു.

സമിതിയുടെ പ്രവർത്തന ഫണ്ടിനായി കുട്ടികൾ വഴി സമ്മാന കൂപ്പൺ വിതരണം ചെയ്യാൻ തീരുമാനിച്ചു.

പി.ഒ.സി. യിൽ വച്ച് നടന്ന സംസ്ഥാന ജനറൽ ബോഡിയിൽ രൂപത പ്രസിഡന്റ് കുര്യൻ ചെമ്പനാനിയുടെ നേതൃത്വത്തിൽ രൂപത ഭാരവാഹികൾ പങ്കെടുത്തു.

**ഫാ. സൈമൺ കിഴക്കേകുന്നേൽ**
ഡയറക്ടർ, മദ്യവിരുദ്ധസമിതി

# ലിറ്റർജി കമ്മീഷൻ

**മാർ അപ്രേം ലിറ്റർജിക്കൽ അക്കാദമി**

അല്മായവരെയും സമർപ്പിതരെയും ഉദ്ദേശിച്ചുള്ള മാർ അപ്രേം ലിറ്റർജിക്കൽ അക്കാദമിയുടെ രണ്ടാംഘട്ട ക്ലാസ്സ് മാർച്ച് മാസത്തിൽ ആരംഭിക്കുന്നു. കേരളസഭയുടെ ചരിത്രം അടിസ്ഥാനമാക്കിക്കൊണ്ടാണ് രണ്ടാംഘട്ടത്തിലെ ക്ലാസ്സുകൾ ആരംഭിക്കുന്നത്. മാർച്ച് 24 ശനിയാഴ്ച കോഴിക്കോട്

പി.എം.ഒ.സി.യിൽ വച്ച് രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെയാണ് ക്ലാസ്സ്. ആലുവ, തലശ്ശേരി മേജർ സെമിനാരികളിലെ സഭാ ചരിത്ര അധ്യാപകനായ ഡോ. ജോസഫ് കൊല്ലാറയാണ് ക്ലാസ്സ് നയിക്കു ന്നത്. ഈ ക്ലാസ്സിലേക്കും തുടർന്നുള്ള ക്ലാസ്സുകളിലേക്കും താത്പര്യമുള്ള അല്മായരെയും സമർപ്പിതരെയും പറഞ്ഞയയ്ക്കാൻ ബഹു. വികാരിയ ച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

ഫെബ്രുവരി 24 ശനിയാഴ്ച പി.എം.ഒ.സി.യിൽ വച്ച് വി. കുർബാന യെക്കുറിച്ചുള്ള ക്ലാസ്സ് നടന്നു. എം.സി.ബി.എസ് സന്യാസസമൂഹാംഗമായ ഫാ. കുര്യാക്കോസ് മൂഞ്ഞേലിയാണ് ക്ലാസ്സ് നയിച്ചത്. 30 പേർ ക്ലാസ്സിൽ സംബന്ധിച്ചു.

### നിത്യത ലക്ഷ്യമാക്കി എന്ന പ്രാർത്ഥനാഗ്രന്ഥം

മരണാവസരങ്ങളിലും നോമ്പിന്റെ അവസരങ്ങളിലും ചൊല്ലാവുന്ന 'നിത്യത ലക്ഷ്യമാക്കി' എന്ന പ്രാർത്ഥനാഗ്രന്ഥം ലിറ്റർജിക്കൽ കമ്മീഷൻ പുറത്തിറക്കി. ഗീതങ്ങളും പ്രാർത്ഥനകളും വായനകളും ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥത്തിന് 40 രൂപയാണ് വില. രൂപതാകേന്ദ്രത്തിൽ ലഭ്യമാണ്. കുടുംബ കൂട്ടായ്മ അടിസ്ഥാനത്തിൽ ആവശ്യമുള്ള ഗ്രന്ഥങ്ങൾ വാങ്ങുന്നത് നല്ലതായിരിക്കും.

പ്രത്യേക അവസരങ്ങളിൽ ഭവനത്തിൽ വച്ചു ചൊല്ലേണ്ട പ്രാർത്ഥന കളുടെ സമാഹാരം ലിറ്റർജി കമ്മീഷൻ മാർച്ച് മാസത്തിൽ പ്രസിദ്ധീകരി ക്കുന്നു. കുടുംബത്തിൽ വച്ച് പെസഹാ വ്യാഴാഴ്ച നടത്തുന്ന അപ്പംമുറിക്കൽ ശുശ്രൂഷയുടെ (ഇണ്ടറി അപ്പം മുറിക്കൽ) കർമ്മക്രമവും ഉൾപ്പെടുത്തി യിട്ടുള്ള ഈ പ്രാർത്ഥനാ ഗ്രന്ഥം മാർച്ച് 15 നു ശേഷം രൂപതാ കേന്ദ്രത്തിൽ ലഭ്യമാണ്.

**ഫാ. ജോസഫ് കളത്തിൽ**

ഡയറക്ടർ, ലിറ്റർജി കമ്മീഷൻ

## ക്രിസ്റ്റീൻ മൂവ്മെന്റ്

### ആനിമേറ്റേഴ്സ് സംഗമം

ക്രിസ്റ്റീൻ ആനിമറ്റേഴ്സ് സംഗമം 2018 മാർച്ച് 10 ശനിയാഴ്ച 9.30 മുതൽ 3.30 വരെ താമരശ്ശേരി ആരാധന മഠത്തിൽ വച്ച് നടത്തപ്പെടുകയാണ്. എല്ലാ ആനിമറ്റേഴ്സും കൃത്യസമയത്തുതന്നെ ഈ സംഗമത്തിൽ പങ്കെടുക്കണമെന്ന് താല്പര്യപ്പെടുന്നു.

### ക്രിസ്റ്റഫർ ട്രെയിനിങ്ങ് 2018

ഈ വർഷത്തെ ക്രിസ്റ്റഫർ ട്രെയിനിങ്ങ് പ്രോഗ്രാം 2018 ഏപ്രിൽ 30 മുതൽ മെയ് 4 വരെ തൊണ്ടിമ്മൽ (അഗസ്ത്യാമൂഴി) സാൻജോ പ്രതീക്ഷാ ഭവനിൽ വച്ചും മെയ് 6 മുതൽ 10 വരെ ചാത്തൻകോട്ടുനട സെന്റ് മേരീസ് ധ്യാനസെന്ററിൽ വച്ചും നടക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 200/- രൂപയും ഭക്ഷണത്തിനും

താമസത്തിനുമായി 600 രൂപയും ആണ്. പങ്കെടു ക്കാൻ താൽപര്യമുള്ളവരുടെ വിവരം എസ്.എം.എസ് ആയി താഴെ കൊടു ത്തിരിക്കുന്ന നമ്പറിൽ അറിയിക്കുകയോ വിളിച്ചറിയിക്കുകയോ ചെയ്യേ ണ്ടതാണ്. (CT <space> Name and House Name) Ph: 9495293944, 9495455596, 9562123739

**ആത്മനിറവ് 2018**

കുട്ടികൾക്കുവേണ്ടിയുള്ള പരീക്ഷാ ഒരുക്ക ഏകദിന പ്രോഗ്രാം അമലാപുരി, പാറോപ്പടി, തിരുവമ്പാടി എന്നീ ഇടവകകളിൽ വച്ച് നടത്തി. ശ്രീ. ബോബൻ കൊക്കപ്പുഴ, ശ്രീ. ബെന്നിച്ചൻ കറുകമാലിൽ, ശ്രീ. ജെനേഷ് വിലങ്ങപാറ, സി. ജോയ്സ് എസ്.എ.ബി.എസ്, സി. മർഗരീത്ത എസ്.എഫ്. എൻ എന്നിവർ നേതൃത്വം നൽകി. ഈ പ്രോഗ്രാമിൽ പങ്കെടുത്ത കുട്ടിക ളേയും അവരെ പറഞ്ഞുവിട്ട വികാരിയച്ചന്മാരെയും നന്ദിയോടെ ഓർക്കുന്നു.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
ഡയറക്ടർ, ക്രിസ്റ്റീൻ മൂവ്മെന്റ്

# ആൽഫ മരിയ അക്കാദമി

**ബ്രില്ല്യന്റ് പാലയുടെ എഞ്ചിനീയറിംഗ് എൻട്രസ് കോച്ചിംഗ് ആൽ ഫയിൽ**

ബ്രില്ല്യന്റ് പാലയുടെ എഞ്ചിനീയറിംഗ് എൻട്രസ് പരിശീലന രംഗത്ത് ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച സ്ഥാപനങ്ങളിലൊന്നായ ബ്രില്ല്യന്റ് പാലയുടെ നിയന്ത്രണത്തിലും, ഗൈഡൻസിലും, മെഡിക്കൽ എഞ്ചിനീയ റിംഗ് എൻട്രൻസ് പരിശീലനം ഈ വർഷം മുതൽ ആൽഫയുടെ തിരുവ മ്പാടി സെന്ററിൽ ആരംഭിക്കുന്നു. കോഴ്സിന്റെ ഉദ്ഘാടനം ഏപ്രിൽ 3 ന് തിരുവമ്പാടി ഇടവക പാരീഷ് ഹാളിൽ വച്ച് രാവിലെ 10.30 ന് രൂപതാ ദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവ്വഹിക്കും. ബ്രില്ല്യന്റ് സ്റ്റഡി സെന്റർ പാലയുടെ ഡയറക്ടർ ശ്രീ. സ്റ്റീഫൻ ജോസഫ് മുഖ്യാതിഥി യായിരിക്കും.

പ്ലസ് വൺ, പ്ലസ് ടു ബാച്ചുകൾക്കുള്ള ഓൺ ഗോയിംഗ് എൻട്രൻസ് കോച്ചിംഗ്, മെഡിക്കൽ, എഞ്ചിനീയറിംഗ് ക്രാഷ് കോഴ്സ് മാർച്ച് 27 ന് ആരംഭിച്ച് ഏപ്രിൽ 30 ന് അവസാനിക്കും. +2 വിദ്യാർത്ഥികൾക്കുള്ള പരിശീ ലനം ഏപ്രിൽ 4 നും +1 വിദ്യാർത്ഥികൾക്കുള്ള പരിശീലനം മെയ് 2 നും ആരംഭിക്കുന്നതാണ്. ഈ കോഴ്സുകളിലേയ്ക്കുള്ള അഡ്മിഷൻ ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക് 0495 2252180, 97455745060.

**എൻട്രൻസ് ക്രാഷ് കോഴ്സ് ആൽഫയിൽ മാർച്ച് 27 ന് ആരംഭിക്കുന്നു**

ആൽഫ മരിയ അക്കാദമിയുടെ തിരുവമ്പാടി സെന്ററിൽ മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയ്ക്കുള്ള ക്രാഷ് കോഴ്സ് മാർച്ച് 27 ന് ആരംഭിക്കും. മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷാരംഗത്ത് ഇന്ത്യയിലെ മികച്ച സ്ഥാപനങ്ങളിലൊന്നായ ബ്രില്ല്യന്റ് പാലയുടെ ഗൈ

ഡൻസിലും നിയന്ത്രണത്തിലുമുള്ള പരിശീലനമായിരിക്കും ആൽഫയിൽ നൽകുക. മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക മായി പരിശീലനം ഉണ്ടായിരിക്കും. മുൻകൂട്ടി അറിയിക്കുന്നവർക്ക് ഹോസ്റ്റൽ സൗകര്യം ലഭിക്കുന്നതാണ്. അഡ്മിഷൻ ആരംഭിച്ചു.

**ആൽഫയിൽ ഐ.എ.എസ് പരിശീലനം മാർച്ച് 26ന് ആരംഭിക്കുന്നു**

2019 വർഷത്തെ സിവിൽ സർവ്വീസ് പരീക്ഷയ്ക്കുള്ള പരിശീലനം ആൽഫയുടെ കുന്ദമംഗലം സെന്ററിൽ മാർച്ച് 26 ന് ആരംഭിക്കുന്നു. ഇന്ത്യയിലെ ഏറ്റവും മികച്ച ഐ.എ.എസ് പരിശീലന കേന്ദ്രങ്ങളിലൊന്നായ ആൾട്ടർനേറ്റീവ് ലേണിംങ് സിസ്റ്റംസ് (ALS) ന്റെ നേതൃത്വത്തിലാണ് ക്ലാസുകൾ നടത്തുന്നത്. മൂന്ന് വർഷങ്ങളിൽ 1-ാം റാങ്കും 2017 ൽ 230 ൽപരം സിവിൽ സർവ്വീസ് സെലക്ഷനുകളും ഉൾപ്പെടെ 2500 ൽ അധികം വിദ്യാർത്ഥികളെ 15 വർഷത്തിനുള്ളിൽ സിവിൽ സർവ്വീസിലേക്ക് നയിച്ച സ്ഥാപനമാണ് ആൾട്ടർനേറ്റീവ് ലേണിംങ് സിസ്റ്റംസ്. ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ മുഴുവൻ പഠന കാര്യങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുള്ള 32 പുസ്തകങ്ങൾ വിദ്യാർത്ഥികൾക്ക് ഏറെ പ്രയോജനകരമാണ്. കൃത്യമായ ഇടവേളകളിൽ നടത്തുന്ന പരീക്ഷകളും, റൈറ്റിംഗ് സ്ക്കിൽ പരിശീലനവും ഈ സ്ഥാപനത്തിന്റെ പ്രത്യേകതയാണ്. തിങ്കൾ മുതൽ വെള്ളിവരെ രാവി ലെ 7.30 മുതൽ 10.45 വരെയാണ് ക്ലാസുകൾ. 2019 ഏപ്രിൽ മാസത്തിലാണ് ക്ലാസുകൾ അവസാനിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് 0495-2800440, 9745745060.

**ആൽഫ ക്വിസ് ഫെസ്റ്റ് 2018**

ആൽഫ മരിയ അക്കാദമിയുടെ ആഭിമുഖ്യത്തിലുള്ള സിവിൽ സർവ്വീസ് ഫൗണ്ടേഷൻ വിഭാഗം സംഘടിപ്പിച്ച 5-ാമത് ആൽഫ ക്വിസ് ഫെസ്റ്റ് 2018 ജനുവരി 27 ശനിയാഴ്ച രാവിലെ 10 മണിയ്ക്ക് തിരുവമ്പാടി ആൽഫ സെന്ററിൽ നടത്തി. ആൽഫ ക്വിസ് ഫെസ്റ്റിൽ ഹൈസ്കൂൾ വിഭാഗ ത്തിൽ കോഴിക്കോട് സെന്റ് ജോസഫ് ഹയർസെക്കണ്ടറി സ്കൂളും യു.പി. വിഭാഗത്തിൽ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ പയിമ്പ്രയും ജേതാക്കളായി. ഹൈസ്കൂൾ വിഭാഗത്തിൽ പുല്ലൂരാംപാറ സെന്റ് ജോസഫ് രണ്ടാം സ്ഥാനവും സെന്റ് ജോർജ് കുളത്തുവയൽ ഹയർ സെക്കണ്ടറി സ്കൂൾ മൂന്നാം സ്ഥാനവും നേടി. യു.പി. വിഭാഗത്തിൽ രണ്ടാം സ്ഥാനം ദേവഗിരി സാവിയോ സ്കൂളും മൂന്നാം സ്ഥാനം പുല്ലൂരാംപാറ സെന്റ് ജോസഫ് യു.പി. സ്കൂളും നേടി. ക്യാഷ് അവാർഡും ട്രോഫികളും ആൽഫ ഡയറക്ടർ ഫാ. തോമസ് പുതിയാപറമ്പിൽ വിതരണം ചെയ്തു. സമാപന യോഗത്തിൽ പി.എം. ജോസഫ്, ഫിലോമിന മത്തായി, ബിന്ദു പ്രകാശ് എന്നിവർ പ്രസംഗിച്ചു. വി.എ. ജോസ് ക്വിസ് മാസ്റ്ററായിരുന്നു.

**പഠനയാത്ര നടത്തി**

ആൽഫ മരിയ അക്കാദമിയിൽ സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്കായി ഫെബ്രുവരി 10 ന് ഒരു പഠന യാത്ര സംഘടിപ്പിച്ചു. പഴശ്ശിരാജ മ്യൂസിയം, വി.കെ. കൃഷ്ണമേനോൻ മ്യൂസിയം, കാപ്പാട്, ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ്, കുഞ്ഞാലി മരയ്ക്കാർ സ്മാരകം എന്നീ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്കാണ് പഠനയാത്ര നടത്തിയത്. 63 വിദ്യാർത്ഥികളും 10 സ്റ്റാഫ് അംഗങ്ങളും പഠനയാത്രയിൽ പങ്കെടുത്തു.

**ഫാ. തോമസ് പുതിയാപറമ്പിൽ**
ഡയറക്ടർ, ആൽഫ മരിയ അക്കാദമി

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആന്റ് സൈക്കോ തെറാപ്പിയുടെ നേതൃത്വത്തിൽ പി.എം.ഒ.സി.യിൽ വച്ച് നടത്തപ്പെടുന്ന പ്രോഗ്രാമുകൾ.

1 Diploma course (1 year)
2 Counseling skills class (10 days)
3 Couple enrichment workshop (2 days)
4 Advanced counseling skills training course (1 week)
5 Alumini meet (1 day)

**കൗൺസിലിംഗ്**

ഓരോ മനുഷ്യനും തന്റെ പ്രശ്നങ്ങളെ അഭിമുഖീകരിക്കുവാനുള്ള കഴിവ് അവനിൽ തന്നെയുണ്ട്. കൗൺസിലിംഗ് കൊണ്ടുദ്ദേശിക്കുന്നത് ഈ കഴിവ് ഉപയോഗിക്കാൻ ഓരോരുത്തരെയും പ്രാപ്തരാക്കുകയെന്നുള്ള താണ്.

നിത്യജീവിതത്തിലുണ്ടാകുന്ന ഓരോ സമ്മർദ്ദങ്ങളെയും പിരിമുറക്ക ത്തേയും ധീരതയോടെ കൈകാര്യം ചെയ്യാൻ സഹായിക്കുന്നതിനായി കഴി വും പരിശീലനവും ലഭിച്ച ഡയറക്ടർ ഫാ. കുര്യൻ പുരമഠത്തിലിന്റെയും മറ്റു സൈക്കോളജിസ്റ്റുകളായ ശ്രീമതി രമ്യ ശങ്കർ, ഡിനി ജോൺ, ശ്രീ. ശ്രീവൽസൺ എന്നിവരുടെ നേതൃത്വത്തിൽ കൗൺസിലിംഗ് നടത്തി വരുന്നു.

## Diploma course (1 year, 6 months)

കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്രിസ്ത്യൻ ചെയറിന്റെ അംഗീകാരമുള്ള ഒരു വർഷത്തെയും ആറുമാസത്തെയും അഡ്വാൻസ് ഡിപ്ലോമ കൗൺസി ലിംഗ് കോഴ്സ് ജെ.പി.ഐ ഡയറക്ടർ ഫാ. കുര്യൻ പുരമഠത്തിന്റെ നേതൃത്വ ത്തിൽ വളരെ വിജയകരമായി മുന്നോട്ടു പോകുന്നു.

ഫെബ്രുവരി 10-ാം തീയതി ഡിപ്ലോമ 1-ാം ബാച്ചിന്റെ Convocation ചടങ്ങും പുതിയ ബാച്ചിലേക്കുള്ള വിദ്യാർത്ഥികളുടെ പ്രവേശനവും നടക്കുകയുണ്ടായി. അന്നുതന്നെ അഭിവന്ദ്യ മാർ റെമീജിയോസ് പിതാവ് ഫസ്റ്റ് ഡിപ്ലോമ ബാച്ചിലെ വിദ്യാർത്ഥികൾക്കുള്ള യൂണിവേഴ്സിറ്റി സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു.

## Counseling Skills Course (10 days)

വ്യക്തിബന്ധങ്ങളെ അമൂല്യമായി കരുതി, അവയെ പരിപോഷിപ്പി ക്കാൻ ആഗ്രഹിക്കുന്നവർക്കും സ്വയം വളരാനും മറ്റുള്ളവരെ മനസ്സിലാക്കി വളർത്താനും ജെ പി ഐ ഇൻസ്റ്റിറ്റ്യൂട്ടിൽ 10 ദിവസ ക്ലാസ്സുകൾ ഏപ്രിൽ 2 മുതൽ 11 വരെയും, മെയ് 7 മുതൽ 16-ാം തീയതി വരെയും നടത്തപ്പെടുന്നു.

**ഫാ. കുര്യൻ പുരമഠം**
ഡയറക്ടർ, ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട്

# അൽഫോൻസ കോളേജ് തിരുവമ്പാടി

## സൈക്കോ സ്പിരിച്വൽ മോട്ടിവേഷൻ സെമിനാർ

കോളേജിലെ മുഴുവൻ വിദ്യാർത്ഥികളെയും പങ്കെടുപ്പിച്ചുകൊണ്ട് സൈക്കോ സ്പിരിച്വൽ മോട്ടിവേഷൻ സെമിനാർ നടത്തി. പ്രശസ്ത സൈക്കോ സ്പരിച്വൽ കൗൺസിലറും മോട്ടിവേഷൻ ട്രെയ്നറുമായ ഡോ. മാരിയോ ജോസഫ് സെമിനാറിൽ ക്ലാസ്സെടുത്തു. ധാർമ്മികത, ഈശ്വര വിശ്വാസം, മൂല്യാധിഷ്ഠിത ജീവിതം, ആസക്തികളിൽ നിന്ന് മോചനം, ഉത്തമ വ്യക്തിത്വം, മാതൃകാകുടുംബം എന്നീ വിഷയങ്ങളെ ആസ്പദമാക്കിയുള്ളതായിരുന്നു ക്ലാസ്സ്. മാനേജർ റവ. ഫാ. സ്കറിയ മംഗരയിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. വൈസ് പ്രിൻസിപ്പൽ റവ. ഫാ. കുര്യൻ താന്നിക്കൽ അദ്ധ്യക്ഷത വഹിച്ചു. സ്റ്റാഫ് സെക്രട്ടറി സെബാസ്റ്റ്യൻ ചെറിയാൻ ആശംസകൾ നേർന്നു.

## ബസ് സ്റ്റാൻഡ് ശുചീകരണ തുടർയജ്ഞം

കാമ്പസസ് ഓഫ് കോഴിക്കോടിന്റെ പ്രോജക്ടായ മാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി 10.02.18 ന് വിദ്യാർത്ഥികൾ അധ്യാപകരുടെ നേതൃത്വത്തിൽ തിരുവമ്പാടി ബസ് സ്റ്റാൻഡും പരിസരവും കാത്തിരിപ്പ് കേന്ദ്രവും ശുചീകരിക്കുന്ന പരിപാടിക്ക് തുടക്കം കുറിച്ചു. രണ്ടാഴ്ചയിലൊരിക്കൽ തുടർപ്രവർത്തനവും പ്ലാൻ ചെയ്തിട്ടുണ്ട്. പൊതുജനങ്ങളിൽ ശുചിത്വാവബോധം വളർത്തുകയും മാലിന്യമുക്ത ബസ് സ്റ്റാൻഡ് എന്ന സന്ദേശം യാഥാർത്ഥ്യമാക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെയും വ്യാപാരി വ്യവസായി ഏകോപനസമിതിയുടെയും പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെയും സഹകരണവും പിന്തുണയും ഈ പദ്ധതിക്കുണ്ട്. ബസ് സ്റ്റാൻഡിൽ വെച്ചു നടന്ന ഉദ്ഘാടന സമ്മേളനത്തിൽ ടൗൺ വാർഡ് മെമ്പർ ബോസ് ജേക്കബ് അദ്ധ്യക്ഷത വഹിച്ചു. ക്ഷേമകാര്യസ്റ്റാൻ ഡിംഗ് കമ്മറ്റി ചെയർപേഴ്സൺ ശ്രീമതി സുഹറ മുസ്തഫ ഉദ്ഘാടനം ചെയ്തു. വ്യാപാരി വ്യവസായി ഏകോപന സമിതി പ്രസിഡണ്ട് ജിജി കെ. തോമസ്, ഹെൽത്ത് ഇൻസ്പെക്ടർ ഒ. സച്ചിദാനന്ദൻ പ്രോജക്ട് കോ-ഓഡിനേറ്റർ സിജോ ജോർജ്, ദീപ ഡൊമിനിക് എന്നിവർ പ്രസംഗിച്ചു. അഞ്ജു ജെയിംസ്, കെ.സി. ജോസഫ് വിദ്യാർത്ഥി പ്രതിനിധികളായ ജോസിൻ ജോസ്, കെ. അഫ്നിത, വിഷ്ണു രാജ്, അഞ്ജു ഡൊമിനിക്, അനന്തു രാജ്, നീനു സണ്ണി ആകർഷ് കെ. ഡൊമിനിത് അജയ് വിത്സൺ എന്നിവർ നേതൃത്വം നൽകി.

**ഫാ. സ്കറിയ മംഗരയിൽ**
മാനേജർ, അൽഫോൻസ കോളേജ

# പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട്

താമരശ്ശേരി രൂപത ദൈവശാസ്ത്ര പഠനകേന്ദ്രം ഉദ്ഘാടനം ചെയ്തു. 2018 ഫെബ്രുവരി 10-ാം തീയതി താമരശ്ശേരി രൂപതയുടെ ദൈവശാസ്ത്ര പഠനകേന്ദ്രമായ Pope Benedict Institute of Theology and Biblical Studies മേരിക്കുന്ന് പി.എം.ഒ.സി.യിൽ ബിഷപ്പ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. സഭയെയും ദൈവവചനത്തെയും അറിഞ്ഞ് സ്നേഹി ക്കാനുള്ള വേദിയാണ് ദൈവശാസ്ത്ര പഠനകേന്ദ്രമെന്ന് ബിഷപ്പ് സൂചി പ്പിച്ചു. കാലഘട്ടത്തിന്റെ അടയാളങ്ങൾ കണ്ടറിഞ്ഞുകൊണ്ടുള്ള പ്രവർത്ത നമാണ് താമരശ്ശേരി രൂപത നടത്തുന്നതെന്ന് മുഖ്യപ്രഭാഷണം നടത്തിയ ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ സൂചിപ്പിച്ചു. എല്ലാവർക്കും വെളിച്ച മേകുന്ന യേശുവിന്റെ സ്നേഹസന്ദേശവാഹകരായി ക്രൈസ്തവർ മാറുവാ നുള്ള പരിശീലനമാണ് ദൈവശാസ്ത്ര പഠനകേന്ദ്രങ്ങളിൽ നടക്കേണ്ടതെന്ന് ഉദ്ഘാടനത്തോടനുബന്ധിച്ച് നടന്ന സിംപോസിയത്തിൽ വിഷയം അവത രിപ്പിച്ച തലശ്ശേരി അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി വ്യക്തമാക്കി. മാർ പോൾ ചിറ്റിലപ്പിള്ളി അധ്യക്ഷത വഹിച്ച യോഗത്തിൽ രൂപത വികാരി ജനറാൾ മോൺ. മാത്യു മാവേലി, ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. തോമസ് കളരിക്കൽ, മോൺ. ആന്റണി കൊഴുവനാൽ എന്നിവർ പ്രസംഗിച്ചു. സമാപന സമ്മേളനം ബത്തേരി രൂപതാധ്യക്ഷൻ ഡോ. ജോസ ഫ് മാർ തോമസ് ഉദ്ഘാടനം ചെയ്തു.

പ്രസ്തുത യോഗത്തിൽ Religious Tolerance in Islam Community എന്ന വിഷയത്തിൽ ഡോ. ജോസ് പെണ്ണാപറമ്പിലും, Religious Tolerance and Hindu Community എന്ന വിഷയത്തിൽ ഡോ. വിൻസെന്റ് കുണ്ടുകുളവും ക്ലാസ്സുകൾ എടുത്തു. പുരോഹിതരും, സിസ്റ്റേഴ്സും, അല്മായരും അടക്കം 200 ൽപരം പേർ പങ്കെടുത്ത ഈ യോഗം 4 മണിയോടുകൂടി സമാപിച്ചു. ഇടവകജനത്തെ പറഞ്ഞയക്കുകയും പ്രാർത്ഥനായാലും സാന്നിധ്യത്താലും അനുഗ്രഹിക്കുകയും ചെയ്ത എല്ലാ അച്ചന്മാർക്കും സിസ്റ്റേഴ്സിനും ദൈവജ നത്തിനും സ്നേഹപൂർവ്വം നന്ദി.

**ഫാ. തോമസ് കളരിക്കൽ**
ഡയറക്ടർ, പോപ്പ് ബനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട്

# സ്റ്റാർട്ട്

## സ്റ്റാർട്ടിലെസമ്മർ അവധിക്കാലകോഴ്സുകൾ

### 1. മിനിമാസ്റ്റർ ട്രെയിനിംഗ്

സ്കൂൾപ്രായം മുതൽക്കേ ഉന്നതവിദ്യാഭ്യാസത്തിന് കുട്ടികളെ ഒരു ക്കുന്ന പരിശീലനമാണിത്. ഓണം, ക്രിസ്മസ്, സമ്മർ അവധിക്കാലങ്ങളി ലാണ് ക്യാമ്പുകൾ.

8, 9, 10, 11 ക്ലാസ്സുകളിലെ കുട്ടികൾക്ക് 2018 ഏപ്രിൽ 8 ഞായറാഴ്ച വൈകിട്ട് 4 മണിമുതൽ ഏപ്രിൽ 13 വെള്ളിയാഴ്ച ഉച്ചവരെ.

6, 7 ക്ലാസ്സുകളിലെ കുട്ടികൾക്ക് 2018 ഏപ്രിൽ 17 ചൊവ്വാഴ്ച വൈകിട്ട് 4 മണിമുതൽ ഏപ്രിൽ 22 ഞായറാഴ്ച ഉച്ചവരെ.

### 2. ഇംഗ്ലീഷ് പഠനക്യാമ്പ്

9, 10, 11, ക്ലാസ്സുകളിലെ കുട്ടികൾക്കുവേണ്ടി ഇംഗ്ലീഷ്, കണക്ക് എന്നീ വിഷയങ്ങൾക്ക് കൂടുതൽ പ്രധാന്യം നല്കികൊണ്ട് നടത്തിവരുന്ന മൂന്നാഴ്ച ദീർഘിക്കുന്ന ക്യാമ്പ് 2018 ഏപ്രിൽ 7 ശനിയാഴ്ച വൈകിട്ട് 4 മണിമുതൽ ഏപ്രിൽ 28 ശനിയാഴ്ച ഉച്ചവരെ നടത്തപ്പെടുന്നു.

### 3. കരിയർ ഗൈഡൻസ് ക്യാമ്പ്

പ്ലസ് ടു പരീക്ഷ എഴുതിയിരിക്കുന്ന കുട്ടികൾക്കുവേണ്ടി ഏപ്രിൽ 3 ചൊവ്വാഴ്ച വൈകിട്ട് 4 മണിമുതൽ 6 വെള്ളിയാഴ്ച ഉച്ചവരെയാണ് ഈ വർഷത്തെ കരിയർ ഗൈഡൻസ് ക്യാമ്പ്. ഉപരിപഠനത്തിനുള്ളമേഖല തെരഞ്ഞെടുക്കുമ്പോൾ ചേർന്നു പഠിക്കാൻ പോകുന്ന വിദ്യാഭ്യാസസ്ഥാ പനത്തിന്റെ നിലവാരം, ആ മേഖലയിലെ ജോലി സാധ്യത, സ്വന്തം അഭി രുചി, സാമ്പത്തികഭാരം എന്നീകാര്യങ്ങൾ വ്യക്തമായി അറിഞ്ഞിരിക്കണം. അഡ്മിഷൻ നേടി പഠനം ആരംഭിച്ചു കഴിയുമ്പോൾ അബദ്ധമായിപ്പോയി എന്ന് മനസ്സിലാക്കി പണവും വർഷവും നഷ്ടപ്പെടുത്തി തിരിച്ചുപോരുന്ന കുട്ടികൾ ഇന്ന് ധാരാളമാണ്. ഇങ്ങനെയുള്ള കാര്യങ്ങൾ വസ്തുനിഷ്ഠവും നിഷ്പക്ഷവുമായവിധത്തിൽ ഈ രംഗത്ത് പ്രഗത്ഭരായ അദ്ധ്യാപകർ വിശദീ കരിച്ചുകൊടുക്കുന്നു. സ്വന്തം അഭിരുചികണ്ടെത്തുന്ന കാര്യത്തിലും വിദഗ്ധ രുടെ സഹായം ലഭിക്കും.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക :0495 2357843, 8281791471.

## ഏകവത്സരതീവ്രപരിശീലന കോഴ്സ് (Master Training Course (MTC)

സ്റ്റാർട്ടിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന പരിശീലന പരിപാടികളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് മാസ്റ്റർ ട്രെയിനിംഗ്കോഴ്സ്. പ്ലസ് ടു പൂർത്തി യാക്കിയ കുട്ടികളെ അഖിലേന്ത്യാതലത്തിൽ ഉന്നതനിലവാരം പുലർത്തുന്ന

സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനപ്പരീക്ഷകൾക്ക് ഒരുക്കുന്ന കോഴ്സാ ണിത്. പ്രവേശനപ്പരീക്ഷകൾക്ക് ഒരുക്കുന്നതോടൊപ്പം വ്യക്തിത്വവികസനം, നേതൃത്വപാടവം, ലക്ഷ്യബോധം, ആശയവിനിമയപാടവം, ആത്മീയത എന്നീ മേഖലകളിലും കുട്ടികൾക്ക് പരിശീലനം നല്കുന്നു. കഴിഞ്ഞ പന്ത്രണ്ടുവർഷമായി ഈ കോഴ്സ് വളരെ വിജയകരമായി നടന്നവരുന്നു. പതിമൂന്നാമത്തെ ബാച്ചിലേയ്ക്കുള്ള അപേക്ഷകൾ മാർച്ച് 10 മുതൽ ആരംഭിക്കുന്നു.

**മോൺ. ആന്റണി കൊഴുവനാൽ**
ഡയറക്ടർ, സ്റ്റാർട്ട്

# വിദ്യാഭ്യാസരംഗം

പൊതു വിദ്യാഭ്യാസമേഖലയിൽ വൻകുതിപ്പിന് സാക്ഷ്യം വഹിച്ച 2017–18 അധ്യനവർഷത്തിന് തിരശീല വീഴാറായി. കഴിഞ്ഞ 30 വർഷമായി കത്തോലിക്കാസഭയുടെ വിദ്യാഭ്യാസ-സുവിശേഷ ദൗത്യത്തിന് താമരശ്ശേരി രൂപതയിൽ മിഴിവാർന്ന നേതൃത്വം നൽകുന്ന കോർപ്പറേറ്റ് എഡ്യുക്കേഷ ണൽ ഏജൻസിയ്ക്ക് ആത്മനിർവൃതിയുടെ മുഹൂർത്തമാണിത്. 72 സ്കൂളു കളിലായി 1190 അധ്യാപകർ ചേർന്ന് 28000 ത്തോളം കുട്ടികൾക്ക് അറിവിന്റെയും അതിജീവനത്തിന്റെയും പാഠങ്ങൾ കാര്യക്ഷമമായി പകർന്ന് നൽകിയ ഒരു വർഷമാണ് കടന്നുപോകുന്നത്. അക്കാദമിക മേഖലയിൽ മികവ് ഉയർ ത്താനും കായിക-കലാ മേഖലകളിൽ തനതു മുദ്ര ഉറപ്പിക്കാനും നമ്മുടെ കുട്ടികൾക്ക് കഴിഞ്ഞു. സംസ്ഥാനത്തെ മികച്ച രണ്ടാമത്തെ കായിക വിദ്യാ ലയമായി പുല്ലൂരാംപാറ സെന്റ് ജോസഫ് സ്കൂൾ മാറി അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ചു. കൂടാതെ മറ്റ് പാഠ്യാനുബന്ധ പ്രവർത്തനങ്ങളും ഭംഗിയായി ഏകോപിപ്പിക്കാൻ ഈ പ്രവൃത്തിവർഷം കഴിഞ്ഞത് ഏറെ ശ്രദ്ധേയമായി. കഠിനാദ്ധ്വാനം ചെയ്ത് വിജയത്തിലേക്ക് നയിച്ച എല്ലാ അധ്യാപകർക്കും നേതൃത്വം നൽകിയ പ്രധാനധ്യാപകർക്കും ഹൃദയപൂർവ്വം കൃതജ്ഞത രേഖപ്പെടുത്തുന്നു.

പഴക്കംചെന്ന വിദ്യാലയങ്ങളെ കാലോചിതമായി നവീകരിക്കാൻ അതാത് ഇടവകകളിലെ മാനേജരച്ചന്മാർ ഇടവകാംഗങ്ങളോട് ചേർന്ന് മുന്നോട്ട് വരുന്നത് കാലത്തിനോടും പുതുതലമുറയോടും നീതി നടപ്പാക്കു ന്നതിന്റെ പ്രകടനം കൂടിയാണ്. കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻ സിക്ക് ബഹു. വൈദികർ നൽകുന്ന വലിയ പിന്തുണയ്ക്ക് സ്നേഹപൂർവ്വം നന്ദിയർപ്പിക്കുന്നു. ഇത്തരുണത്തിൽ സേവനസമ്പന്നരായ എല്ലാ പ്രധാനധ്യാപകരെയും

അഭിമാനപൂർവ്വം സ്മരിച്ച് നന്ദി പറയുന്നു. അവകാശങ്ങ ളെക്കുറിച്ച് അമിത അവബോധവും കടമകളെക്കുറിച്ച് നിസ്സംഗതയും സൂക്ഷിക്കുന്ന ഒരു തലമുറ വിവിധ സാമൂഹ്യ-നിയമ സംവിധാനങ്ങളുടെ കുടക്കീഴിൽ പരിധികൾ ലംഘിക്കുമ്പോൾ, ദൗത്യബോധം വെടിയാതെ വഴിവിളിക്കായി നിങ്ങൾ മാതൃകയാവുകയാണ്.

വിദ്യാഭ്യാസമേഖല പ്രശ്ന സങ്കീർണ്ണമാകുന്നതിന്റെ വെല്ലുവിളികളും ഇപ്പോൾ നമ്മെ അലട്ടുന്നുണ്ട്. നിയമനാംഗീകാരത്തിന് തടസം നിൽക്കുന്ന ഗവൺമെന്റ് നിലപാടുകളും സംരക്ഷിത അധ്യാപകനിയമന നിർദ്ദേശങ്ങളും പുതുതലമുറയിലെ അധ്യാപകരെ നിരുന്മേഷരാക്കുന്നു. അധ്യാപക സൗഹൃദ ക്യാമ്പുകൾ എന്ന വിദ്യാഭ്യാസ മന്ത്രിയുടെ സ്വപ്നം വരാനിരിക്കുന്ന അധ്യയനവർഷത്തിൽ സഫലമാകട്ടെയെന്ന് ആശംസിക്കുന്നു. ഈ വർഷം സർവ്വീസിൽ നിന്ന് വിരമിക്കുന്ന എല്ലാ അധ്യാപക-അനധ്യാപകർക്കും താമരശ്ശേരി രൂപത കോർപ്പറേറ്റ് ഏജൻസിയുടെ കടപ്പാടും കൃജ്ഞതയും അറിയിക്കുന്നു.

മധ്യവേനൽ അവധിയുടെ നല്ല നാളുകൾ ആശംസിച്ച് ദൈവാനുഗ്രഹം പ്രാർത്ഥിക്കുന്നു.

### എസ് ആർ ഐ മീറ്റിങ്ങ്

2017–2018 അധ്യായന വർഷത്തെ എസ് ആർ ഐ മാരുടെ മീറ്റിങ്ങ് 2018 മാർച്ച് 9–ാം തിയതി 10 മണി മുതൽ 1 മണി വരെ രൂപതാഭവനിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ എസ് ആർ ഐ മാരും നിർബന്ധമായും മീറ്റിങ്ങിൽ പങ്കെടുക്കേണ്ടതാണ്. എസ് ആർ ഐ മാരുടെ നേതൃത്വത്തിൽ ഒരു വർഷം സ്കൂളുകളിൽ നടത്തിയ പ്രവർത്തങ്ങളുടെ റിപ്പോർട്ട് അന്നേ ദിവസം കൊണ്ടുവരേണ്ടതാണ്.

**ഫാ. സെബാസ്റ്റ്യൻ പുരയിടത്തിൽ**
കോർപ്പറേറ്റ് മാനേജർ

## കേരള ലേബർ മൂവ്മെന്റ്

### കെ.എൽ.എം.സംസ്ഥാന ജനറൽ ബോഡി മീറ്റിംഗ്

കെ.എൽ.എം.സംസ്ഥാന ജനറൽ ബോഡി മീറ്റിംഗിൽ ശ്രീ സ്റ്റീഫൻ കൊട്ടാരത്തിൽ, ശ്രീ.ജോഷി കൂമ്പുക്കൽ എന്നിവർ പങ്കെടുത്തു താമരശ്ശേരി രൂപതാ കെ.എൽ.എം . പ്രവർത്തനങ്ങൾ അവതരിപ്പിച്ചു.

### കേരള തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായി

കേരള ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ പുല്ലൂരാംപാറ, തിരുവമ്പാടി, ആനക്കാംപൊയിൽ, മുത്തപ്പൻപുഴ, പുന്നക്കൽ, കൂടരഞ്ഞി തുടങ്ങിയ ഇടവകകളിൽ നിന്നായി 56 ഓളം പേർ കോഴിക്കോട് ക്ഷേമനിധി

ഓഫീസിൽ നടന്ന സിറ്റിംഗിൽ പങ്കെടുക്കുകയും അംഗത്വം ലഭിക്കുകയും ചെയ്തു. ചിരട്ടാമല, പാലൂർകോട്ട, കരുവാരകുണ്ട്, പരിയാപുരം, പനംമ്പിലാവ്, വെറ്റിലപ്പാറ ഇടവകളിൽ നിന്നായി അംഗങ്ങളായവർക്കുള്ള ID Card ഉം, Pass Book ഉം വിതരണം നടത്തി. പരിപാടികൾക്ക് ശ്രീ സ്റ്റീഫൻ കൊട്ടാരത്തിൽ, റെനി സാബു നേതൃത്വം നല്കി. തിരുവമ്പാടി, പുല്ലൂരാംപാറ ആനക്കാംപൊയിൽ, കൂട രഞ്ഞി, മുക്കം തുടങ്ങിയ മേഖലകളിൽ KTWF അംഗങ്ങളെ ഉൾകൊള്ളിച്ച് സ്വാശ്രയ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. 350 ആളുകൾ തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട്.

### ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി അംഗത്വം

താമരശ്ശേരി ഓഫീസിൽ വച്ച് 16-02-2018 ന് ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി അംഗങ്ങളായി അംഗത്വം നല്കുന്ന സിറ്റിങ്ങ് താമരശ്ശേരി സി.ഒ.ഡി. ഓഫീസിൽ വച്ച് നടന്നു. കോഴിക്കോട് ജില്ലാ പ്ലാന്റേഷൻ ഓഫീസർ ശ്രീ.നാരായണൻ നമ്പൂതിരി രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ നടത്തി. കെ.എൽ.എം. സംസ്ഥാന ചെറുകിട തോട്ടം തൊഴിലാളി ഫോറം സെക്രട്ടറി ശ്രീ. ജോഷി കൂമ്പുക്കൽ, കോഴിക്കോട് ജില്ല ചെറുകിട തോട്ടം തൊഴിലാളി ഫോറത്തിന്റെ പ്രസിഡന്റ് ശ്രീ. സ്റ്റീഫൻ കൊട്ടാരത്തിൽ, ഫാ. ജോസഫ് മുകളേപറമ്പിൽ എന്നിവർ പ്രസംഗിച്ചു. നിലവിൽ 400 പേർ ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി അംഗങ്ങളായിട്ടുണ്ട്. ചെറുകിട തോട്ടം തൊഴിലാളി ഫോറം, തയ്യൽ തൊഴിലാളി ഫോറം, വനിത ഫോറം എന്നിവ യുടെ പ്രവർത്ത നങ്ങൾ ഭാരവാഹികളുടെ നേതൃത്വത്തിൽ നടന്നു വരുന്നു.

**ഫാ. ജോസഫ് മുകളേപറമ്പിൽ**
ഡയറക്ടർ, KLM

## വികസനവേദി

### സേഫ് ഷോപ്പ്-വിലങ്ങാട്

കർഷകർക്ക് ന്യായവില ഉറപ്പാക്കുക, വിഷരഹിത ജൈവ പച്ചക്ക റികളും മറ്റു ഭക്ഷ്യ വസ്തുക്കളും ഉപഭോക്താക്കൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ താമരശ്ശേരി രൂപതയുടെ ചിരകാല അഭിലാഷങ്ങളിലൊ ന്നായ സേഫ് മാർക്കറ്റിംഗ് കമ്പനിയുടെ സേഫ് ഷോപ്പുകൾ നാല് സെന്ററു കളിലായി ആരംഭിച്ചിരിക്കുന്നു. സാധാരണക്കാർക്ക് വിഷരഹിതവും ഗുണമേന്മയുള്ളതുമായ ഭക്ഷണ സാധനങ്ങളും അവശ്യ വസ്തുക്കളും ഏറ്റവും കുറഞ്ഞ നിരക്കിൽ സേഫ് ഷോപ്പുകളിലൂടെ ലഭ്യമാകുന്നതാണ്. രൂപതയുടെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ബ്ലസ്ഡ് ഫാർമർ പ്രൊഡ്യൂസർ കമ്പനികളുടെയും സി.ഒ.ഡി.യുടെ ഇടവക തലത്തിലുള്ള സ്വയം സഹായ സംഘങ്ങളുടെയും

(S.H.Gs), ജോയ്ന്റ് ലയബിലിറ്റി ഗ്രൂപ്പുകളുടെയും (J.L.Gs) കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സംരഭങ്ങളിലൂടെയും രൂപപ്പെട്ട ഉത്പ്പന്നങ്ങളും സേവനങ്ങളുമാണ് ഇവയി ലൂടെ ലഭിക്കുക.

രൂപതയുടെ മാർക്കറ്റിംഗ് കമ്പനിയായ സേഫിന്റെ ഔട്ട്ലെറ്റ് വിലങ്ങാട് ആരംഭിച്ചു. ബിഷപ്പ് മാർ റെമീജിയൂസ് ഇഞ്ചനാനിയിൽ വെഞ്ചിരിപ്പ് നടത്തി. ആദ്യ വിൽപ്പന വിലങ്ങാട് ഫൊറോന വികാരി ഫാ. മാത്യു പെരുവേലിൽ നല്കി നിർവ്വഹിച്ചു. സി.ഒ.ഡി. ഡയറകട്ർ ഫാ. ജോസഫ് മുകളേപറമ്പിൽ, ഫാ. ജയ്സൺ കാരക്കുന്നേൽ എന്നിവർ നേതൃത്വം നല്കി.

### കുടുംബ സുരക്ഷ ആരോഗ്യ ഇൻഷുറൻസ് പുതുക്കാൻ അവസരം.

താമരശ്ശേരി രൂപത സി.ഒ.ഡി വഴി നടപ്പാക്കിയ കുടുംബ സുരക്ഷ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ കഴിഞ്ഞ വർഷം ചേർന്നവർക്ക് ഇൻഷുറൻസ് പുതുക്കുന്നതിനും പുതിയതായി അംഗങ്ങളാകുന്നതിനും സൗകര്യമൊരുക്കുന്നു.

നിലവിൽ അംഗങ്ങളായവരുടെ ഇൻഷുറൻസ് കാലാവധി ഈ മാസം അവസാനിക്കുകയാണ്. 2500 രൂപ പ്രീമിയം അടച്ച് പുതുക്കണം. പുതിയതായി അംഗങ്ങളായി ചേരുന്നവർക്ക് 2600 രൂപയാണ് പ്രീമിയം തുക. ഒരു ലക്ഷം രൂപ വരെ ഒരു കുംടുംബത്തിലെ ആറ് അംഗങ്ങൾക്ക് ഇന്ത്യയിലെ ഏത് ആശുപത്രിയിലും 24 മണിക്കൂർ കിടത്തി ചികിത്സ എടുക്കുന്നവർക്ക് പദ്ധതി പ്രകാരം ക്ലെയിം ചെയ്യാനാകും.

ജാതിമതഭേദമന്യേ ആർക്കും അംഗമായി ചേരാം. അംഗത്വത്തിനും പുതുക്കലിനും മാർച്ച് 25 വരെ താമരശ്ശേരി, തിരുവമ്പാടി, കോടഞ്ചേരി എന്നിവിടങ്ങളിലെ സി.ഒ.ഡി കെ.എൽ.എം ഓഫീസുകളിൽ സൗകര്യമേർപ്പെടുത്തും. ഇടവകകളിലെ കെ.എൽ.എം, സി.ഒ.ഡി പ്രതിനിധികൾ വഴിയും ബന്ധപ്പെട്ട ഫോറം പൂരിപ്പിച്ച് നല്കി പദ്ധതിയിൽ അംഗമായി ചേരാം.ജനുവരി വരെ 465 കുടുംബങ്ങൾക്കായി 36 ലക്ഷം രൂപ വരെ ചികിത്സാ സഹായമായി വിതരണം ചെയ്തിട്ടുണ്ട്. ഓഫീസുമായി ബന്ധപ്പെടേണ്ട നമ്പർ : 0495 222 30 22, 9495526545

### എം.സി.സി. ജനറൽ ബോഡി മീറ്റിംഗും വാർഷികവും

**വിലങ്ങാട് –** എം.സി.സി-(മൈക്രോ ക്രെഡിറ്റ് കോർപ്പറേറ്റ്) ജനറൽ ബോഡി മീറ്റിംഗ് സി.ഒ.ഡി. സംഘങ്ങളുടെ മേൽഘടകങ്ങളായ എം.സി.സി ജനറൽ ബോഡി മീറ്റിംഗ് വിലങ്ങാട് നടന്നു. സി.ഒ.ഡി. പ്രോഗ്രാം കോർഡിനേറ്റർ ഫാ. തോമസ് കൊച്ചുകൈപ്പേൽ, മി. ജോയ് കെ.സി. , ഉഷാ ജോണി എന്നിവർ നേതൃത്വം നല്കി.

**പുതുപ്പാടി–** പുതുപ്പാടി ഗ്രാമവികസന സമിതിയുടെ കാക്കവയൽ എം.സി.സി ജനറൽബോഡിയും വാർഷികവും നടത്തി. സി.ഒ.ഡി യുടെ പ്രവർത്തനങ്ങൾ, വാർഷികപ്ലാനിങ് തയ്യാറാക്കൽ തുടങ്ങിയ വിഷയങ്ങളിൽ സി.ഒ.ഡി പ്രോഗ്രാം കോഡിനേറ്റർ ഫാ. തോമസ് കൊച്ചുകൈപ്പേൽ വിശദീകരണം നൽകി. സി.ഒ.ഡി കോഡിനേറ്റർ ശ്രീ. ജോയി കെ.സി സംഘങ്ങ ളുടെ പ്രവർത്തനങ്ങളെക്കുറിച്ച് നിർദ്ദേശങ്ങൾ നൽകി. എം.സി.സി പ്രസിഡന്റ് റോയി

കുര്യൻ അദ്ധ്യക്ഷത വഹിച്ചു. എം.സി.സി സെക്രട്ടറി സീനത്ത് റഷീദ് വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ഏരിയ കോഡിനേറ്റർ ത്രേസ്യാമ്മ തോമസ് പ്രസംഗിച്ചു.

**മൈലള്ളാംപാറ-** മൈലള്ളാംപാറ എം.സി.സി വാർഷികാഘോഷവും ജനറൽബോഡിയും വിപുലമായ പരിപാടികളോടെ നടത്തി. സി.ഒ.ഡി പ്രോഗ്രാം കോഡിനേറ്റർ ഫാ. തോമസ് കൊച്ചുകൈപ്പേൽ സി.ഒ.ഡി യുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു. കോഡിനേറ്റർ ശ്രീ.ജോയി കെ.സി വാർഷിക പ്ലാനിംങ് നടത്തുന്നതിനെക്കുറിച്ച് ചർച്ച നടത്തി. എം.സി.സി പ്രസിഡന്റ് ഡെയ്സി ജോയി അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി സബിത ജിജു വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ഏരിയ കോഡിനേറ്റർ ത്രേസ്യാമ്മ തോമസ് പ്രസംഗിച്ചു.

**കക്കയം-** കക്കയം എം.സി.സി യുടെ ജനറൽ ബോഡി യോഗം നടത്തി. പ്രസ്തുത യോഗത്തിന് സി.ഒ.ഡി പ്രോഗ്രാം കോഡിനേറ്റർ ഫാദർ അമൽ കൊച്ചുകൈപ്പേൽ അദ്ധ്യക്ഷം വഹിച്ച് സി.ഒ.ഡി യുടെ വിവിധ പ്രൊജക്ടുകളെക്കുറിച്ച് വിശദീകരിച്ചു. തുടർന്ന് സി.ഒ.ഡി പീപ്പിൾസ് ഓർഗ നൈസേഷൻ കോഡിനേറ്റർ ശ്രീ. ജോയി കെ.സി സംഘംതല പ്രവർത്തന ങ്ങളെക്കുറിച്ചും വാർഷിക പ്ളാനിംഗ് നടത്തേണ്ട രീതീകളെക്കുറിച്ചും സംസാരിച്ചു. ഏരിയ കോഡിനേറ്റർ മോളി സെബാസ്റ്റ്യൻ നേതൃത്വം നൽകി.

**കരിയാത്തുംപാറ-** കരിയാത്തുംപാറ എം.സി.സി യുടെ ജനറൽ ബോഡി യോഗം 27/1/2018 ന് നടന്നു. പ്രസ്തുത യോഗത്തിന് ബാബു വലിയവീട്ടിൽ സ്വാഗതവും എം.സി.സി പ്രസിഡന്റ് ശ്രീമതി ഇന്ദിര മുരളി അദ്ധ്യക്ഷത വഹിക്കുകയും എം.സി.സി സെക്രട്ടറി മാത്യു ആന്റോ കൊച്ചുമല വാർഷിക റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് പീപ്പിൾസ് ഓർഗനൈസേഷൻ കോഡിനേറ്റർ ശ്രീ. ജോയി കെ.സി സംഘ തല പ്രവർത്തനങ്ങളെക്കുറിച്ചും വാർഷിക പ്ളാനിംഗ് നടത്തേണ്ട രീതികളെ ക്കുറിച്ചും സംസാരിച്ചു. ഏരിയ കോഡിനേറ്റർ മോളി സെബാസ്റ്റ്യൻ സ്വാഗതവും, ജെസി ക്ളീറ്റസ് നന്ദിയും പറഞ്ഞു.

**സെമിനാർ**

പുതുപ്പാടി ജി.വി.എസ്. ന്റെ നേതൃത്വത്തിൽ അടിവാരത്തു കമ്മ്യൂണിറ്റി ഹാളിൽ വെച്ച് കൃഷി ഓഫീസർ സുബ്രമണ്യൻ ജൈവകൃഷിയെക്കുറിച്ച് ക്ളാസ്സെടുത്തു. ഏരിയ കോഡിനേറ്റർ ത്രേസ്യാമ്മ തോമസ്, സെബാസ്റ്റ്യൻ പുതുശ്ശേരിക്കുന്നേൽ എന്നിവർ പ്രസംഗിച്ചു.

പുതുപ്പാടി മദർ തെരേസ ട്രെയ്നിങ് സെന്ററിൽ വെച്ച് കുട്ടികളുടെ സംരക്ഷണത്തെക്കുറിച്ച് സി.ഒ.ഡി. അസി. ഡയറക്ടർ ഫാ. ജയ്സൺ കാരക്കുന്നേൽ കാവൽ പ്രൊജക്ട് കോഡിനേറ്റർ സിസ എം. ജോർജ് എന്നി വർ ക്ളാസ്സെടുത്തു. കുട്ടികളുടെ സംരക്ഷണം, പ്രശ്നങ്ങൾ എന്നിവ വിശ ദീകരിച്ചു.

### സ്കിൽ ട്രെയിനിംഗ്

വെറ്റിലപ്പാറ ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിൽ സ്കിൽ ട്രെയിനിംഗ് നടത്തി. ഡിഷ് വാഷ്, ഹാൻഡ് വാഷ്, ലോഷൻ നിർമ്മാണം എന്നിവയിൽ പരിശീലനം നൽകി. സോമിനി ജോസഫ് നേതൃത്ത്വം നൽകി.

തോട്ടുമുക്കം ജി.വി.എസ്-ന്റെ നേതൃത്വത്തിൽ സോപ്പ്പൊടി, സോപ്പ് ഇവയിൽ പരിശീലനം നൽകി. 30 അംഗങ്ങൾ പങ്കെടുത്തു. സ്കിൽ ട്രെയിനിംഗ് പരിശീലനത്തിന് ഷൈനി സിബി നേതൃത്വം നൽകി.

വെറ്റിലപ്പാറ ഗ്രാമവികസന സമിതിയുടെയും വെറ്റിലപ്പാറ എം.സി.സി യുടെയും നേതൃത്വത്തിൽ സോപ്പ്പൊടി നിർമ്മാണ പരിശീലനം നൽകി. 40 അംഗങ്ങൾ പങ്കെടുത്തു. ഷൈനി സിബി നേതൃത്വം നൽകി.

### ജലനിധി- മഴത്തുള്ളി ജലശ്രീ ക്ലബ്

പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും പുഴകളും മറ്റ് ജലസ്രോതസ്സുകളും സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയും വരും തലമുറയ്ക്ക് ബോധ്യമാകാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെ ജലശ്രീ ക്ലബുകൾക്ക് തുടക്കം കുറിച്ചു. പുറമേരി ഗ്രാമ പഞ്ചായത്തിൽ ജലനിധി പദ്ധതിയുടെ ഭാഗമായി കടത്തനാട് രാജാസ് സ്കൂളിൽ മഴത്തുള്ളി ജലശ്രീ ക്ലബിന്റെ ഉദ്ഘാടനം കവി ശ്രീനി എടച്ചേരി നിർവ്വഹിച്ചു. പുറമേരി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ. അച്യുതൻ മുഖ്യാതിഥി ആയിരുന്നു. ക്ലബ് അംഗങ്ങൾ പഞ്ചായത്തിലെ പ്രധാന ജലാശയവും ജലനിധി പദ്ധതി പ്രദേശങ്ങളും സന്ദർശിച്ചു. തെളിനീരായ് ഒഴുകുന്ന പുഴയുടെ തീരത്തിരുന്നുകൊണ്ട് കുട്ടികൾ പാട്ടു പാടിയും കഥ പറഞ്ഞും ജല സംരക്ഷണ മാർഗങ്ങൾ ചർച്ച ചെയ്തും സ്കൂളിൽ നടപ്പാക്കേണ്ട പദ്ധതികൾ പ്ലാൻ ചെയ്തും ചടങ്ങ് അവിസ്മരണീയമാക്കി. സി.ഒ.ഡി. പ്രോഗ്രാം കോർഡിനേ റ്റർ ഫാ. തോമസ് കൊച്ചുകൈപ്പേൽ, ടീം ലീഡർ ശ്രീ. ലത്തീഫ്, സ്കൂൾ സ്റ്റാഫ് എന്നിവർ നേതൃത്വം നല്കി.

പുറമേരി ഗ്രാമ പഞ്ചായത്തിൽ കയ്യടി ശുദ്ധജല വിതരണ പദ്ധതി യുടെയും മണ്ടോത്തറമ്മൽ ശുദ്ധജല വിതരണ പദ്ധതിയുടെയും ഉദ്ഘാടനം കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ബാബു പറശ്ശേരി നിർവ്വഹിച്ചു. മുല്ലേരി മീത്തൽ ശുദ്ധജല വിതരണ പദ്ധതി ബ്ലോക്ക് പഞ്ചായ ത്ത് പ്രസിഡന്റ് ശ്രീ. സി.എച്ച് ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ജനപ്രതിനിധികളും വിവിധ രാഷ്ട്രീയ നേതാക്കളും പങ്കെടുത്തു. സി.ഒ.ഡി. പ്രോഗ്രാം കോർഡിനേറ്റർ ഫാ. തോമസ് കൊച്ചുകൈപ്പേൽ, ടീം ലീഡർ ശ്രീ. ലത്തീഫ്, സി.ഒ.ഡി ജലനിധി സ്റ്റാഫ് എന്നിവർ നേതൃത്വം നല്കി.

### ആശാകിരണം - മന്ന പദ്ധതി ഉദ്ഘാടനം

ലോക കാൻസർ ദിനാചരണത്തോടനുബന്ധിച്ച് സി.ഒ.ഡി.യുടെ നേതൃത്വത്തിൽ കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് ആശാകിരണം കാൻസർ സുരക്ഷാ യജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന ആശാകി രണം - മന്ന

പദ്ധതിയുടെ ഉൽഘാടനം താമരശ്ശേരി രൂപത വികാരി ജനറാൾ മോൺ. മാത്യു മാവേലിൽ നിർവ്വഹിച്ചു. ആശാകിരണം വൊളണ്ടിയർ ശ്രീ. ഷാജി ചെല്ലംകോട്ട് കാൻസർ രോഗം മൂലം വേദനിക്കുന്ന കുടുംബത്തിനു വേണ്ടി ഏറ്റു വാങ്ങി. നിർദ്ധനരായ കാൻസർ രോഗികൾക്ക് സൗജന്യമായി വീടുകളിലേയ്ക്ക് ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ എല്ലാ മാസവും നല്കു ക എന്നതാണ് ആശാകിരണം മന്ന പദ്ധതിയുടെ ലക്ഷ്യം. സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന കാൻസർ രോഗബാധിതർക്കും അവരുടെ കുടും ബാംഗങ്ങൾക്കും ഒരു കൈത്താങ്ങായി മാറാൻ ആശാകിരണം- മന്ന പദ്ധതി ഉപകരിക്കും എന്ന് പദ്ധതി ഉൽഘാടനം നിർവ്വഹിച്ചുകൊണ്ട് മോൺ. മാത്യു മാവേലി അറിയിച്ചു.

സി.ഒ.ഡി.യുടെ കീഴിൽ ആശാകിരണം പദ്ധതി വഴി നടപ്പിലാക്കികൊണ്ടിരിക്കുന്ന കേശദാന ക്യാമ്പുകൾ, മെഡിക്കൽ ക്യാമ്പുകൾ, ബോധവൽ ക്കരണ ക്ലാസ്സുകൾ, വിഷരഹിത കൃഷിത്തോട്ടങ്ങൾ, സ്കൂൾതലത്തിലുള്ള പ്രവർത്തനങ്ങൾ, സന്നദ്ധ പ്രവർത്തകരുടെ രൂപീകരണം തുടങ്ങിയവയെ ല്ലാം നല്ല രീതിയിൽ മുന്നോട്ട് നീങ്ങുന്നുണ്ട്. അതോടൊപ്പം തന്നെ കാൻസർ രോഗബാധിതർക്ക് സൗജന്യ ചികിൽസാ പദ്ധതികൾ, സ്വയം തൊഴിൽ സംരഭങ്ങൾ എന്നിവയും നല്കുന്നതാണ്.

സി.ഒ.ഡി.യിൽ നിന്നും നൽകുന്ന കൺസഷൻ കാർഡുപയോഗിച്ച് താമരശ്ശേരി, കൂരാച്ചുണ്ട്, ചെമ്പനോട, പുല്ലൂരാംപാറ, പാറോപ്പടി, വിലങ്ങാട് എന്നീ സേഫ് ഷോപ്പുകളിൽ നിന്ന് ഭക്ഷ്യ വസ്തുക്കൾ വാങ്ങാവുന്നതാണ്. ഓരോ ഇടവകയിലുമുള്ള ആശാകിരണം വൊളണ്ടിയേഴ്സ് അർഹരായവ രുടെ പേര്, വിശദാംശങ്ങൾ എന്നിവ വികാരിയച്ചന്മാരുടെ ശുപാർശ കത്തോ ടുകൂടി സി.ഒ.ഡി.യിൽ നല്കി പദ്ധതിയുടെ ഗുണഫലങ്ങൾ ആവശ്യക്കാരി ലേയ്ക്ക് എത്തിക്കുമല്ലോ.

**ഫാ. ജോസഫ് മുകളേപറമ്പിൽ**
ഡയറക്ടർ, വികസനവേദി



# YESUNIDHI

**Amount Distributed from 21/01/2018 to 20/02/2018**

## Education

| | | |
|---|---|---|
| 1 | Anackampoil | 7,000.00 |
| 2 | Koorachundu | 5,000.00 |
| 3 | Vayalada | 10,000.00 |

## Home

| | | |
|---|---|---|
| 4 | Abhayagiri | 10,000.00 |
| 5 | Chakkittappara | 5,000.00 |
| 6 | Chappanthottam | 7,000.00 |
| 7 | Kallanode | 10,000.00 |
| 8 | Manjakunnu | 7,000.00 |
| 9 | Maruthomkara | 10,000.00 |
| 10 | Muthukad | 7,000.00 |
| 11 | Paropady | 8,000.00 |
| 12 | Poozhithode | 10,000.00 |
| 13 | Pulloorampara | 8,000.00 |
| 14 | Pushpagiri | 5,000.00 |
| 15 | Thalayad | 10,000.00 |

## Medical

| | | |
|---|---|---|
| 16 | Chappanthottam | 8,000.00 |
| 17 | Kakkavayal | 7,000.00 |
| 18 | Karimbu | 10,000.00 |
| 19 | Kattipara | 5,000.00 |
| 20 | Koorachundu | 5,000.00 |
| 21 | Koorachundu | 10,000.00 |
| 22 | Kunduthode | 10,000.00 |
| 23 | Kunnamangalam | 10,000.00 |
| 24 | Maruthomkara | 10,000.00 |
| 25 | Muthappanpuzha | 10,000.00 |
| 26 | Panamplave | 10,000.00 |
| 27 | Payyanad | 10,000.00 |
| 28 | Pulloorampara | 10,000.00 |
| 29 | Puthuppady | 10,000.00 |
| 30 | Puthuppady | 10,000.00 |

## Marriage

| | | |
|---|---|---|
| 31 | Chappanthottam | 10,000.00 |
| 32 | Chippilithode | 10,000.00 |
| 33 | East Hill | 10,000.00 |
| 34 | Kallanode | 10,000.00 |
| 35 | Karimbu | 10,000.00 |
| 36 | Mailellampara | 10,000.00 |
| 37 | Mailellampara | 10,000.00 |
| 38 | Manjakunnu | 10,000.00 |
| 39 | Mariapuram | 10,000.00 |
| 40 | Muthukad | 10,000.00 |
| 41 | Payyanad | 10,000.00 |
| 42 | Thottumukkam | 10,000.00 |
| 43 | Venappara | 10,000.00 |
| | **Total** | **3,84,000.00** |

**Fr. James Kuzhimattathil**
Finance Officer

# അജപാലനക്കുറിപ്പുകൾ

ഫെബ്രുവരി 2018

01 രാവിലെ പുതുപ്പാടി ഫിലിപ്പ്നേരി കോൺവെന്റിൽ വി. കുർബാനയർപ്പിച്ചു.

തിരുവമ്പാടി ഇടവക ദൈവാലയത്തിൽ ഒരു വിവാഹം ആശീർവദിച്ചു.

2-9 ബാംഗ്ലൂരിൽ നടന്ന സി.ബി.സി.ഐ. മീറ്റിംഗിൽ സംബന്ധിച്ചു.

06 തിരുവനന്തപുരത്ത് കേരള മുഖ്യമന്ത്രിയെ സന്ദർശിച്ച് രൂപതയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ച് സംസാരിച്ചു.

09 പുല്ലൂരാംപാറ ബഥാനിയയിൽ നടന്ന രൂപത ബൈബിൾ കൺവെൻഷനിൽ സംബന്ധിച്ചവർക്കായി വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

10 രാവിലെ മാവൂർ ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിക്കുകയും തുടർന്ന് ഇടവകാംഗങ്ങൾ നിർമ്മിച്ചു നൽകിയ ഒരു ഭവനം വെഞ്ചരിക്കുകയും ചെയ്തു.

പി.എം.ഒ.സി.യിൽ ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് കോഴിക്കോട് സർവ്വകലശാലയുടെ അംഗീകാരത്തോടെ നടത്തുന്ന കൗൺസിലിംഗ് ഡിപ്ലോമ കോഴ്സിന്റെ പുതിയ അദ്ധ്യായനവർഷം ഉദ്ഘാടനം ചെയ്യുകയും തുടർന്ന് പഠനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്തു.

പി.എം.ഒ.സി.യിൽ പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ഘാടന സമ്മേളനത്തിൽ അഭിവന്ദ്യ ബിഷപ് വർഗീസ് ചക്കാലയ്ക്കൽ, മാർ ജോസഫ് പാംപ്ളാനി, മാർ പോൾ ചിറ്റിലപ്പിള്ളി എന്നീ പിതാക്കന്മാരോടൊപ്പം പങ്കെടുക്കുകയും പ്രസ്തുത സമ്മേളനത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു.

ചേവായൂർ ഇടവക ദൈവാലയത്തിൽ സി. ക്രിസറ്റ് എഫ്.സി.സി.യുടെ വ്രതവാഗ്ദാനത്തിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് വി. കുർബാന യർപ്പിക്കുകയും തുടർന്ന് പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷ്യം വഹിക്കുകയും ചെയ്തു.

11 രാവിലെ അഹമ്മദാബാദ് സെന്റ് തോമസ് സീറോ മലബാർ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് ഏതാനും കുട്ടികൾക്ക് ആദ്യകുർബാനയും സ്ഥൈര്യലേപനവും നൽകി.

ഉച്ചകഴിഞ്ഞ് അഹമ്മദാബാദിലെ തൽതേജ് സെന്റ് മേരീസ് ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് ഏതാനും കുട്ടികൾക്ക് ആദ്യകുർബാനയും സ്ഥൈര്യലേപനവും നൽകി.

വൈകുന്നേരം അഹമ്മദാബാദിലെ മണിനഗർ സെന്റ് ചാവറ സീറോ മലബാർ ദൈവാലയത്തിൽ വി. കുർബ്ബാനയർപ്പിച്ച് ഏതാനും കുട്ടികൾക്ക് ആദ്യ കുർബാനയും സൈ്ഥര്യലേപനവും നൽകുകയും ഒരു മുതിർന്ന വ്യക്തിയ്ക്ക് പ്രാരംഭകൂദാശകൾ നൽകുകയും ചെയ്തു.

13 രാവിലെ മാനന്തവാടി രൂപതയിലെ മണിമൂളി ഇടവകയിൽ എ.കെ.സി.സി.യുടെ മണിമൂളി, നിലമ്പൂർ ഫൊറോന പ്രതിനിധികൾക്ക് ക്ലാസ്സെടുക്കുകയും ഉച്ചകഴിഞ്ഞ് നടന്ന പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷ്യം വഹിക്കുകയും ചെയ്തു.

14–15 കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരിയിൽ വൈദികവിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു.

16 കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരി കമ്മീഷൻ അംഗങ്ങളോടൊപ്പം സെമിനാരി സന്ദർശിച്ചു.

17 രാവിലെ ആലുവ പൊന്തിഫിക്കൽ മേജർ സെമിനാരിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഡിപ്ലോമ കോഴ്സിൽ പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

18 താഴെക്കോട് ഇടവക ദൈവാലയത്തിൽ അജപാലനസന്ദർശനം നടത്തി.

20 താമരശ്ശേരി രൂപതാഭവനിൽ വെച്ച് നടന്ന പ്രസ്ബിറ്ററൽ കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു.

വൈകുന്നേരം പുതുതായി തെരഞ്ഞെടുക്കപ്പെട്ട സി.എസ്.ടി. സന്ന്യാസസമൂഹത്തിലെ കോഴിക്കോട് പ്രൊവിൻഷ്യൽ ബഹു. ഫാ. ജോബി സി.എസ്.ടി. കൗൺസിൽ അംഗങ്ങളോടൊപ്പം രൂപതാഭവനിൽ അഭിവന്ദ്യ പിതാവിനെ സന്ദർശിച്ചു.

21 രാവിലെ താമരശ്ശേരി രൂപതാഭവനിൽ രൂപത കോർപ്പറേറ്റ് എജ്യുക്കേ ഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിലെ പ്രധാനാദ്ധ്യാപകരുടെ സമ്മേനത്തിൽ അദ്ധ്യക്ഷ്യം വഹിച്ചു.

24 വൈകുന്നേരം സ്വപിതാവ് സി.എ. പോൾ ഇഞ്ചനാനിയിലിന്റെ മരണസമയത്ത് അദ്ദേഹത്തോടുകൂടെ ആയിരിക്കുകയും മരണാനന്തര പ്രാർത്ഥകൾ നടത്തുകയും ചെയ്തു.

25 വെറ്റിലപ്പാറ ഇടവകയിൽ പരേതനായ സ്വപിതാവിന്റെ മൃതസംസ്ക്കാര ശുശ്രൂഷകളിൽ മറ്റ് അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം പങ്കെടുത്തു. സംസ്ക്കാര ശുശ്രൂഷകൾക്ക് ശേഷം ഇടവക ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ചു.

26 രാവിലെ വെറ്റിലപ്പാറ ഇടവകിയിൽ വി. കുർബാന അർപ്പിച്ചു.

27 രാവിലെ കുന്ദമംഗലം ഇടവക ദൈവാലയത്തിൽ മാതൃവേദിയുടെ രൂപതാ പ്രതിനിധികളുടെ സമ്മേളനത്തിൽ സംബന്ധിച്ചവരെ അഭസംബോ ധന ചെയ്തു.

വൈകുന്നേരം കട്ടിപ്പാറ ഹോളി ഫാമിലി സ്കൂളിന്റെ വാർഷികാഘോഷത്തിൽ പങ്കെടുത്തു.

28 രാവിലെ താമരശ്ശേരി രൂപതാഭവനിൽ മൈനർ സെമിനാരി മൂന്നാം വർഷ വൈദികപഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളുമായി കൂടിക്കാഴ്ച നടത്തി.



# നന്ദിയുടെ ഒരു വാക്ക്

ഈശോയിൽ പ്രിയപ്പെട്ടവരേ,

ഞങ്ങളുടെ പ്രിയപ്പെട്ട ചാച്ചൻ സി.എ. പോൾ ഇഞ്ചനാനിയുടെ നിത്യതയിലേയ്ക്കുള്ള യാത്രയുടെ അവസരത്തിൽ സാനിദ്ധ്യംകൊണ്ടും സ്നേഹംകൊണ്ടും അടുത്തുനിന്ന എല്ലാവർക്കും ഒരു വാക്ക് നന്ദി പറയുവാൻ ആഗ്രഹിക്കുന്നു. സ്നേഹനിധിയായ ചാച്ചനെ ഞങ്ങൾക്കു നൽകിയ ദൈവപരിപാലനയ്ക്കുമുമ്പിൽ പ്രണമിക്കുന്നു. ചാച്ചന്റെ വേർപാടിൽ അനുശോചന സന്ദേശം നൽകി ആശ്വാസമേകിയ സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിനും, സീറോ മലങ്കര സഭയുടെ മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ മാർ ബസേലിയോസ് ക്ലിമീസ് കത്തോലിക്കാബാവയ്ക്കും സ്നേഹാദരവുകളോടെ നന്ദി പറയുന്നു. തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുകയും ഭവനത്തിൽ വന്ന് പ്രാർത്ഥിക്കുകയും ചെയ്ത മാർ പോൾ ചിറ്റിലപ്പിള്ളി, മാർ ജോർജ് വലിയമറ്റം, മോസ്റ്റ് റവ. ഡോ. വർഗീസ് ചക്കാലയ്ക്കൽ, മാർ ജോസ് പൊരുന്നേടം, ജോസഫ് മാർ തോമസ്, മാർ ജോസഫ് പണ്ടാരശ്ശേരിൽ, മാർ ടോണി നീലങ്കാവിൽ, പൗലോസ് മാർ ഐറേനിയോസ് എന്നീ അഭിവന്ദ്യ പിതാക്കന്മാർക്കും, നേരിട്ടു വിളിച്ച് അനുശോചനവും പ്രാർത്ഥനയുമറിയിച്ച എല്ലാ പിതാക്കന്മാർക്കും നന്ദി.

പൊതുപ്രവർത്തന രംഗത്ത് നിന്ന് അനേകം പേർ ആശ്വാസവാക്കുകളുമായെത്തുകയുണ്ടായി. എ.പി.മാർ, എം.എൽ.എ.മാർ വിവിധ രാഷ്ട്രിയ കക്ഷികളുടെ നേതാക്കന്മാർ, സാമൂഹ്യപ്രവർത്തകർ, കത്തോലിക്കാ കോൺഗ്രസ്, കെ.സി.ബി.സി മദ്യവിരുദ്ധ സമിതി സംസ്ഥാന ഭാരവാഹികൾ എന്നിവർക്കും ഹൃദ്യമായ നന്ദി അറിയിക്കുന്നു. വേർപാടിന്റെ വേദനയിൽ ആശ്വാസവും പ്രാർത്ഥനയുമായെത്തിയ രൂപതയ്ക്ക് അകത്തും പുറത്തുനിന്നുമുള്ള എല്ലാ ബഹു. വൈദികർക്കും, സിസ്റ്റേഴ്സിനും, അൽമായ സഹോദരങ്ങൾക്കും നാനാജാതി മതസ്ഥരായ പ്രിയപ്പെട്ടവർക്കും സ്നേഹത്തോടെ നന്ദി പറയുന്നു.

ചാച്ചന്റെ അവസാന നാളുകളിൽ സ്നേഹത്തോടെ ശുശ്രൂഷിച്ച മേരിക്കുന്ന് നിർമ്മല, മുക്കം സെന്റ് ജോസഫ്സ്, കോഴിക്കോട് ബേബി മെമ്മോറിയൽ എന്നീ ആശുപത്രികളിലെ ഡോക്ടർമാരുടെയും ബഹു. സിസ്റ്റേഴ്സിന്റെയും നേഴ്സുമാരുടെയും സ്നേഹപരിചരണങ്ങൾക്ക് ചാച്ചനുവേണ്ടി നന്ദി പറയുന്നു. ചാച്ചനുവേണ്ടിയും ഞങ്ങളുടെ കുടുംബത്തിനുവേണ്ടിയും നിങ്ങൾ ചെയ്തത് വാക്കുകളിലൊതുക്കാവുന്നതല്ല. നിങ്ങളുടെ പ്രാർത്ഥനയിൽ ചാച്ചനെയും തുടർന്നും ഓർക്കണമേ.

സ്നേഹപൂർവ്വം



✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ
താമരശ്ശേരി രൂപതയുടെ മെത്രാൻ

താമരശ്ശേരി
26.02.2018